


# സംഘടിത

മെയ് 2014 |വോള്യം 7|ലക്കം 5

## ഉള്ളടക്കം

5 സൂര്യനെല്ലി കേസ് 18 വർഷങ്ങൾക്കിപ്പുറം
**അഡ്വ. ഭദ്ര കെ.വി**
10 ഒരു വിധിയെ മറ്റൊരു വിധി തിരുത്തുമ്പോൾ
**പി. ഗീത**
14 എന്തുകൊണ്ട് അവൾ രക്ഷപ്പെട്ടില്ല?
**പി. ഗീത**
18 ബാറിൽ പോകുന്നവരുടെ പെണ്ണുങ്ങൾക്കും പറയാനുണ്ട്
**സാറാജോസഫ്**
24 ഷീ, ദ പീപ്പ്ൾ
**പാമേല ഫിലിപ്പോസ്**
27 ആഘോഷമാക്കി അവധിക്കാലം
30 മദ്ധ്യവേനൽ അവധി
**ജ്യോതിനാരായണൻ**
34 കുട്ടികളുടെ കളികൾ
**ലക്ഷ്മിക്കുട്ടി**
35 ഓലക്കളിപ്പാട്ടങ്ങൾ
**അമ്മിണിക്കുട്ടി**
36 വാസ്തവം
**ഡോ. ജാൻസി ജോസ്**
37 ഓഗസ്റ്റ് 15-ന് ഇന്ത്യൻ സ്ത്രീ സ്വതന്ത്രയായോ ?
**ഡോ. സീമാ ജെറോം**
41 കുഞ്ഞീബിയുടെ ശരിയും തെറ്റും... - കഥ
**വി. യു. അമീറ**
42 കവിത - **ഗീത മുന്നൂർകോട്**
43 പെൺരചനയിലെ നർമ്മവഴികൾ
**രശ്മി. ജി**
47 കാപിറ്റൽ പണിഷ്മെന്റ് - കഥ
55 അറിയാം ക്രിസ്റ്റലോഗ്രഫിയെ
**സീമ ശ്രീലയം**
56 'സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ' - റിപ്പോർട്ട്
57 കേസ് ഡയറി - **സ്മിത. കെ. ബി**




**ബാറിൽ പോകുന്നവരുടെ പെണ്ണുങ്ങൾക്കും പറയാനുണ്ട്**
സാറാജോസഫ്




**മേധാപട്കറുടെ തെരഞ്ഞെടുപ്പു പ്രചരണപ്രവർത്തനത്തെക്കുറിച്ച് ഒരു റിപ്പോർട്ട്**




**പുതുസിനിമയുടെ തിരഞ്ഞെടുപ്പുകൾ**
ഷീബ എം. കുര്യൻ

എഡിറ്റർ : സാറാജോസഫ്
മാനേജിംഗ് എഡിറ്റർ : കെ. അജിത
എക്സി.എഡിറ്റർ : രാജലക്ഷ്മി. കെ.എം.
പത്രാധിപ സമിതി : ഡോ. ജാൻസി ജോസ്, ദീദി, സി.എസ്. മീനാക്ഷി, ഗിരിജ. പി. പാതേക്കര, ജ്യോതി നാരായണൻ, ഡോ. കെ.എം. ഷീബ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത. ടി.വി., കെ.കെ.സാവിത്രി, കെ.കെ.പ്രീത
സർക്കുലേഷൻ മാനേജർ : ചാരുലത എ.എസ്.
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സുവിജ
പ്രിന്റിംഗ് : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org www.sanghaditha.com

# എഡിറ്റോറിയൽ



*സാറാജോസഫ്*

**സൂര്യ**നെല്ലിക്കേസിൽ ഹൈക്കോടതി ആശ്വാസകരമായ വിധി പുറപ്പെടുവിച്ചതിനെത്തുടർന്ന് നിർഭാഗ്യകരമായ കുറേ സംഭവങ്ങളാണ് കേരളത്തിലെ പല ജില്ലകളിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഇതിൽ പലതും നിർഭാഗ്യകരം എന്നതിനെക്കാൾ ഭയപ്പെടുത്തുന്നതും കൂടി ആയിരുന്നു. കൊല്ലം ജില്ലയിൽ രണ്ടുദിവസത്തിനുള്ളിൽ നാലു ബലാത്സംഗങ്ങളാണു നടന്നത്. 5 വയസ്സുമുതൽ 84 വയസ്സുവരെയുള്ള സ്ത്രീകളാണ് ഇരകളായത്. അതിൽ 84 വയസ്സുള്ള വന്ദ്യവയോധികയായ അമ്മ മരണപ്പെടുകയും ചെയ്തു. അതിനു തൊട്ടുമുമ്പത്തെ ദിവസങ്ങളിലാണ് തൃശൂർജില്ലയിൽ നാടിനെ നടുക്കിയ ഒരു സ്ത്രീപീഡനക്കേസ് ഉണ്ടായത്. പ്രതി ഒരു വൈദികനുംകൂടിയാണ്. ആദ്യകുർബാനസ്വീകരണത്തിന് ഒരുങ്ങുന്ന 9 വയസ്സുള്ള പെൺകുട്ടിയെ 'പള്ളിമേട' യിലേക്ക് വിളിച്ചുകൊണ്ടുപോയി മൂന്നുതവണ വൈദികൻ പീഡിപ്പിക്കുകയുണ്ടായി. കുട്ടി വിവരം പുറത്തുപറഞ്ഞതിനെ തുടർന്ന് വൈദികൻ ഒളിവിൽ പോവുകയാണുണ്ടായത്. (ഇന്ന് ഞാനിതെഴുതുന്ന ദിവസം ഫാ. രാജു കൊക്കൻ പോലീസ് പിടിയിലായിട്ടുണ്ട്.) സൂര്യനെല്ലി കേസിൽ നമ്മുടെ സമൂഹത്തിന്റെ കപടസദാചാര മനോഭാവം കൃത്യമായി വെളിപ്പെടുത്തപ്പെട്ടതാണ്. പെൺകുട്ടി മോശമായതിനാലാണ് അങ്ങനെയൊക്കെയുണ്ടായത് എന്നാണ് ജസ്റ്റിസ് ബസന്ത് അടക്കമുള്ള സമൂഹത്തിന്റെ പരിച്ഛേദമായ ആളുകൾ പലരും അഭിപ്രായം രേഖപ്പെടുത്തിയത്. തൃശൂരിലെ ഒൻപതുവയസ്സുകാരി പെൺകുട്ടിയെപ്പറ്റി സമാനമായ കുറ്റാരോപണങ്ങൾ നടത്തി വൈദികനെ രക്ഷിക്കാനുള്ള കുതന്ത്രങ്ങൾ മെനയുകയാണ് സത്യകൃസ്ത്യാനികളായ അയൽപക്കക്കാരും ചെയ്തത്. അതിന്റെ ഫലമായി ആ കുട്ടിയേയുംകൊണ്ട് വീടുപേക്ഷിച്ചുപോകേണ്ടിവന്ന ഗതികേടാണ് കുട്ടിയുടെ വീട്ടുകാർക്കുണ്ടായത്. പുരോഹിതന്മാർ അങ്ങനെയൊന്നും ചെയ്യുകയില്ല എന്ന ഉറപ്പാണ് അവർക്കുണ്ടായത്. പുരോഹിതൻ പിടിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്താലും വിശ്വാസികൾ ഇതുതന്നെ പറഞ്ഞുകൊണ്ടിരിക്കും. പുരോഹിതനെതിരെ പൊലീസ് ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചു എന്നു പറയുന്നുണ്ടെങ്കിലും ഏതെങ്കിലും ഒരുപത്രം അതു പരസ്യപ്പെടുത്തിയതായി കണ്ടില്ല. പിടിക്കപ്പെട്ടാലും പുരോഹിതൻ ശിക്ഷിക്കപ്പെടുമോ എന്ന കാര്യം നാം കണ്ടറിയാനിരിക്കുന്നതേയുള്ളൂ. പള്ളി അയാളെ സസ്പെൻഡ് ചെയ്തു എന്ന് അവകാശപ്പെടുന്നുണ്ട്. ഒരുപക്ഷേ, പല ഇടപെടലുകൾമൂലം പരമയോഗ്യനായി തിരിച്ചുവന്ന് ഫാ. രാജു കൊക്കൻ ബലിപീഠത്തിൽ കയറിനിന്ന് 'ഇതെന്റെ ശരീരമാകുന്നു, നിങ്ങളെല്ലാവരും ഇതുവാങ്ങി ഭക്ഷിപ്പിൻ' എന്ന് വിശ്വാസികളോട് വിളിച്ചുപറഞ്ഞുകൂടായ്കയുമില്ല. നമ്മുടെ നാട്ടിലെ കാര്യങ്ങൾ ഇങ്ങനെയൊക്കെയാണ്.

കെ.പി.സി.സി. പ്രസിഡണ്ട് വി.എം. സുധീരൻ യോഗ്യതയില്ലാത്ത 418 ബാറുകൾ തുറക്കില്ലെന്ന് ശാഠ്യം പിടിക്കുന്നുണ്ട്. ബലാത്സംഗങ്ങളിലും ശിശുപീഡനങ്ങളിലും ഒരു സമൂഹം അപ്പാടെ കുറ്റവാളികളാകുന്നതിന്റെ പിന്നിൽ മദ്യത്തിനോടും ലഹരിവസ്തുക്കളോടുമുള്ള ആസക്തി ഏറ്റവും പ്രധാനപ്പെട്ട കാരണമാണെന്നു തിരിച്ചറിഞ്ഞുകൊണ്ട് ബാറുകൾക്കെതിരെ എടുത്തിട്ടുള്ള കർശനമായ നടപടികളിൽ വി.എം. സുധീരന് ഉറച്ചുനിൽക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു. കൊല്ലം ജില്ലയിലെ കുറ്റവാളികൾ എല്ലാവരുംതന്നെ മദ്യപിച്ച് വെളിവുകെട്ട നിലയിലാണ് കുറ്റകൃത്യം നടത്തിയത് എന്ന് പ്രാഥമിക അന്വേഷണത്തിൽ വെളിപ്പെടുത്തപ്പെട്ടിട്ടുണ്ട്.

# 18 സൂര്യനെല്ലി കേസ് – വർഷങ്ങൾക്കിപ്പുറം



അഡ്വ.ഭദ്ര കെ.വി

**സൂര്യനെല്ലിക്കേസിൽ** 2014 ഏപ്രിൽമാസം 4ാംതീയ്യതി ഹൈക്കോടതി ഡിവിഷൻബെഞ്ച് പ്രഖ്യാപിച്ച വിധി ആശ്വാസകരവും ശുഭോദർക്കവുമാണ്. ഈ കേസിലെ ഇതേ തെളിവുകളും സാക്ഷിമൊഴികളും രേഖകളും പരിശോധിച്ച് പ്രതികളുടെ അപ്പീലുകളിൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 2005 ജനുവരി മാസം 20ാം തീയ്യതി തീർത്തും സ്ത്രീവിരുദ്ധവും മനുഷ്യത്വരഹിതവും പ്രതിലോമകരവുമായ ഒരു വിധി പുറപ്പെടുവിക്കുകയുണ്ടായി. ഇരയാക്കപ്പെട്ട പെൺകുട്ടിയുടെ സമ്മതത്തോടെയാണ് പ്രതികൾ ലൈംഗികവേഴ്ച നടത്തിയതെന്നും, അവളുടെ മൊഴി വിശ്വസനീയമല്ലെന്നും, അവൾ ഹോസ്റ്റലിൽ നിന്നും സ്വന്തം ഇഷ്ടപ്രകാരം ഇറങ്ങിപ്പോയ 'വഴിപിഴച്ചവൾ' ആണെന്നും പണസമ്പാദനത്തിനുവേണ്ടി ബാലവേശ്യാവൃത്തിയിൽ ഏർപ്പെട്ടവളാണെന്നും അവർ വിധി കല്പിച്ചു. അവൾ ചതിയിൽ അകപ്പെട്ടതല്ല, സ്വന്തം സുഖത്തിനുവേണ്ടി ഇറങ്ങിപ്പോന്നതാണെന്നും അവൾക്ക് രക്ഷപ്പെടാൻ സാഹചര്യങ്ങളുണ്ടായിട്ടും രക്ഷപ്പെടാൻ ശ്രമിച്ചില്ല എന്നുമുള്ള ആക്ഷേപങ്ങൾ ചൊരിഞ്ഞു. 16 വയസ്സു പൂർത്തീകരിച്ചതിനാൽ, അവളുടെ സമ്മതത്തോടെ ലൈംഗികവേഴ്ച നടന്നതിനാൽ ബലാത്സംഗമോ കൂട്ടബലാത്സംഗമോ നടന്നിട്ടില്ലെന്ന് കണ്ടെത്തുകയും ധർമ്മരാജൻ ഒഴിച്ചുള്ള പ്രതികളെ വെറുതെ വിടുകയും ചെയ്തു. ധർമ്മരാജന് മൈനറായ പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി എന്ന കുറ്റകൃത്യത്തിന് മാത്രം 5 വർഷം തടവുശിക്ഷ നൽകി.

ക്രിമിനൽ കേസുകളിൽ തെളിവിന്റെ അപര്യാപ്തതയിൽ പ്രതികളെ വെറുതെ വിടാറുണ്ട്. പക്ഷേ ഇവിടെ കണ്ടത് ഇരയാക്കപ്പെട്ട 16 വയസ്സുള്ള പെൺകുട്ടിക്കെതിരെ ആക്ഷേപങ്ങൾ ചൊരിഞ്ഞുകൊണ്ട്, അവളെ വഴി പിഴച്ചവളും ബാലവേശ്യയുമായി ചിത്രീകരിച്ചുകൊണ്ട് വിധി പ്രഖ്യാപിക്കുന്നതാണ്.
പെൺകുട്ടി 40 ദിവസം 42ഓളം പേരുടെ ലൈംഗിക അതിക്രമങ്ങൾക്ക് വിധേയയായി തിരിച്ചുവന്നപ്പോൾ അവളുടെ ജനനേന്ദ്രിയം പഴുപ്പും ചോരയും ഒലിക്കുന്ന വ്രണങ്ങളുള്ള അവസ്ഥയിലാണെന്ന ഡോക്ടറുടെ സാക്ഷ്യപ്പെടുത്തൽ ഹൈക്കോടതി പരിഗണിച്ചതേയില്ല. പുരുഷപക്ഷപാതിത്വപരമായി പ്രതികളുടെ വാദഗതികൾക്ക് മാത്രം പരി



ഗണന കൊടുത്ത ഒരു വിധിയായിരുന്നു അത്.

സ്ത്രീവിരുദ്ധവും മനുഷ്യത്വരഹിതവുമായ ഈ വിധിക്കെതിരെ നിയമപോരാട്ടം നടത്തുന്നതിനു വേണ്ടി സ്ത്രീവിമോചനപ്രവർത്തകരും സ്ത്രീസംഘടനകളും മനുഷ്യസ്നേഹികളും ഒത്തുചേർന്ന് ഒരു ഡിഫൻസ് കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തുകയും പെൺകുട്ടിക്ക് വേണ്ടി സുപ്രീ കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തു. തുടർന്ന് സർക്കാരും ഈ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തു. 2011 മുതൽ ഈ അപ്പീലുകൾ വാദത്തിനായി ലിസ്റ്റുചെയ്യപ്പെട്ടിരുന്നുവെങ്കിലും 2012 ഡിസംബറിൽ ഡൽഹിയിലെ പെൺകുട്ടി കൂട്ടബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ട സംഭവത്തിനുശേഷമുണ്ടായ പ്രതിഷേധങ്ങളെ തുടർന്ന് ലൈംഗികാതിക്രമകേസുകൾ കേൾക്കാൻ സുപ്രീ കോടതിയിൽ പ്രത്യേക ബെഞ്ച് സ്ഥാപിച്ചതിനുശേഷമാണ് ഈ അപ്പീലുകൾ 2013 ജനുവരി മാസത്തിൽ സുപ്രീംകോടതിയുടെ പരിഗണനക്ക് വന്നത്. 2013 ജനുവരി 31ന് സുപ്രീംകോടതി, മേൽപറഞ്ഞ ഹൈക്കോടതി വിധി ഞെട്ടിക്കുന്നതാണെന്നും തെറ്റാണെന്നും വിധിക്കുകയും മേൽപറഞ്ഞ ഹൈക്കോടതി വിധി റദ്ദാക്കുകയും ചെയ്തു. പ്രതികൾ കൊടുത്തിട്ടുള്ള അപ്പീലുകൾ പുനർവിചാരണ നടത്തി 6 മാസത്തിനുള്ളിൽ വിധി പ്രഖ്യാപിക്കണമെന്ന് സുപ്രീംകോടതി ഹൈക്കോടതിക്ക് നിർദ്ദേശം കൊടുത്തു.

തുടർന്ന് പ്രതികൾ കൊടുത്ത അപ്പീലുകളുടെ പുനർവിചാരണ ഹൈക്കോടതിയിൽ ജസ്റ്റിസ് കെ. ടി.ശങ്കരൻ, ജസ്റ്റിസ് ജോസഫ് ഫ്രാൻസിസ് എന്നിവരുൾപ്പെട്ട ഡിവിഷൻബെഞ്ച് മുമ്പാകെ 2013 ഏപ്രിൽ മാസം 2ാംതീയ്യതി തുടങ്ങി, തുടർച്ചയായി വാദം കേട്ട് ഹൈക്കോടതി ഡിവിഷൻബെഞ്ച് 2014 ഏപ്രിൽ 4ാം തീയ്യതി ധർമ്മരാജനുൾപ്പടെ 23 പ്രതികളെ ശിക്ഷിച്ചുകൊണ്ടും 7 പ്രതികളെ വെറുതെ വിട്ടു കൊണ്ടും വിധിപ്രഖ്യാപിച്ചു. 5 പ്രതികൾ ഇതിനിടയിൽ മരണപ്പെട്ടുപോയി.

സെഷൻസ് കോടതി 13 വർഷം കഠിനതടവിന് ശിക്ഷിച്ചവർക്ക് 10 വർഷം കഠിനതടവാണ് ഹൈക്കോടതി വിധിച്ചത്.

കോട്ടയം സെഷൻസ് കോടതി ധർമ്മരാജനുൾപ്പെടെ 36 പ്രതികൾക്ക് ശിക്ഷ വിധിച്ചിരുന്നു. പ്രധാനപ്രതി ധർമ്മരാജന് കോട്ടയത്തെ സെഷൻസ് കോടതിയും ഹൈക്കോടതിയും ജീവപര്യന്തം തടവുശിക്ഷ വിധിച്ചിട്ടുണ്ട്.

ഹൈക്കോടതിയുടെ പുതിയ വിധിയിൽ പെൺകുട്ടിയുടെ സമ്മതത്തോടെയല്ല ലൈംഗികവേഴ്ച നടത്തിയതെന്നും അവൾ ക്രൂരമായി ബലാത്സംഗത്തിനും കൂട്ടബലാത്സംഗത്തിനും ഇരയാക്കപ്പെട്ടു എന്നും ഹൈക്കോടതി കണ്ടെത്തി എന്നത് ആശ്വാസകരമാണ്. 16 വയസ്സായ പെൺകുട്ടിയുടെ മാനസികാവസ്ഥ പരിഗണിക്കാതെയാണ് ഹൈക്കോടി 2005ലെ വിധി പ്രഖ്യാപിച്ചതെന്ന് പുതിയവിധിയിൽ ചൂണ്ടിക്കാണിക്കുന്നു. അവളെ ചതിച്ചുകൊണ്ടുപോയി ബലാത്സംഗത്തിനിരയാക്കിയതാണെന്നും അവൾക്ക് രക്ഷപ്പെടാൻ പറ്റുമായിരുന്നില്ലെന്നും നിരീക്ഷിച്ച കോടതി അവൾ പണസമ്പാദനത്തിന് വേണ്ടിയാണ് പോയത്, അവൾ വഴിപിഴച്ചവളാണ്, ബാലവേശ്യയാണ് തുടങ്ങിയ കണ്ടെത്തലുകൾ തീർത്തും തെറ്റാണെന്നും പ്രഖ്യാപിച്ചു. ആക്രമിക്കപ്പെട്ട, ഇരയാക്കപ്പെട്ട പെൺകുട്ടിയുടെ അവസ്ഥ പരിഗണിച്ചു എന്നതാണ് ഈ വിധിയുടെ സവിശേഷത. പ്രതികളുടെ ഭാഗം മാത്രം പരിഗണിച്ച 2005 ലെ വിധി സമൂഹത്തിന് തെറ്റായ സന്ദേശമാണ് നൽകിയത്. പുതിയ വിധിയിലൂടെ അത് മാറ്റി കുറിക്കപ്പെട്ടുവെന്നത് ഏറെ ആശ്വാസകരമാണ്.

‘സൂര്യനെല്ലി കേസ്’ എന്ന പേരിൽ വിവക്ഷിക്കപ്പെടുന്ന ഈ കേസിന്റെ പ്രത്യേകത കേരളത്തിൽ പുറത്തുവന്നതിൽ ആദ്യത്തെ പെൺവാണിഭ സംഘങ്ങളുൾപ്പെട്ട കേസാണ് എന്നതാണ്. 1996 ജനുവരി 16ാംതീയ്യതി മൈനറായ 9ാംക്ലാസ്സിൽ പഠിക്കുന്ന പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി. 40 ദിവസം 42ഓളം പേരുടെ ലൈംഗികാതിക്രമങ്ങൾക്കിരയായി തിരിച്ചെത്തിയ പെൺകുട്ടി പോലീസിൽ പരാതിപ്പെട്ടപ്പോൾ കേസ് എടുക്കാതിരിക്കാനും തേച്ചുമാച്ച് കളയാനുമാണ് പോലീസ് ശ്രമിച്ചത്.

സ്ത്രീവിരുദ്ധവും മനുഷ്യത്വരഹിതവുമായ ഈ വിധിക്കെതിരെ നിയമപോരാട്ടം നടത്തുന്നതിനുവേണ്ടി സ്ത്രീവിമോചന പ്രവർത്തകരും സ്ത്രീസംഘടനകളും മനുഷ്യസ്നേഹികളും ഒത്തുചേർന്ന് ഒരു ഡിഫൻസ് കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തുകയും പെൺകുട്ടിക്കുവേണ്ടി സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തു.

പക്ഷേ സ്ത്രീപക്ഷ പ്രവർത്തകരുടേയും സ്ത്രീസംഘടനകളുടേയും മനുഷ്യസ്നേഹികളുടേയും കടുത്ത സമ്മർദ്ദം മൂലം സർക്കാരിന് കേസന്വേഷണം ഉന്നതപോലീസുദ്യോഗസ്ഥരുൾപ്പെട്ട ഒരു പ്രത്യേകടീമിനെ ഏല്പിക്കേണ്ടിവരികയാണുണ്ടായത്. പ്രത്യേകടീം അന്വേഷണം നടത്തി ധർമ്മരാജനുൾപ്പെടെ 40 പേരെ പ്രതികളാക്കി കുറ്റപത്രം സമർപ്പിച്ചു. മൈനറായ പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി ഗൂഢാലോചന നടത്തി, തടവിൽ പാർപ്പിച്ച് ബാലികയെ നിർബന്ധിതമായി ശാരീരികവേഴ്ചയിലേർപ്പെടുത്തി, ബലാത്സംഗത്തിനും കൂട്ടബലാത്സംഗങ്ങൾക്കും ഇരയാക്കി ബാലികയെ വേശ്യാവൃത്തിക്കു വേണ്ടി വിൽക്കൽവാങ്ങൽ നടത്തി തന്മൂലം പിടിച്ചുപറി നടത്തി ഇന്ത്യൻ ശിക്ഷാനിയമത്തിലെ 120 ബി, 363, 365, 368, 372, 373, 376, 109, 34 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ പ്രതികൾ ചെയ്തുവെന്ന് കാണിച്ചാണ് പോലീസ് കുറ്റപത്രം നൽകിയത്.

ഈ കേസ് വിചാരണ ചെയ്യാൻ വേണ്ടി കോട്ടയത്ത് ഒരു പ്രത്യേകകോടതിയും സ്ഥാപിച്ചു. കേസിന്റെ വിചാരണ തുടങ്ങുന്നതിന് മുമ്പ് തന്നെ ഒന്നാംപ്രതി ധർമ്മരാജൻ ഒളിവിൽ പോയതിനാൽ ധർമ്മരാജന്റെ കേസ് മറ്റൊരു കേസാക്കി ബാക്കി 39 പ്രതികളുടെ കേസ് പ്രത്യേകകോടതി വിചാരണക്കെടുത്തു. പ്രത്യേകകോടതി പ്രോസിക്യൂഷൻ ഹാജരാക്കിയ 97 സാക്ഷികളെ വിസ്തരിക്കുകയും, 200ൽ പരം രേഖകളും 21ഓളം തൊണ്ടിസാധനങ്ങളും പരിശോധിക്കുകയും ചെയ്തു. പ്രതികൾ ഹാജരാക്കിയ 10 സാക്ഷികളെയും പ്രത്യേക കോടതിയിൽ വിസ്തരിച്ചു.

തുടർന്ന് കോട്ടയത്തെ പ്രത്യേക കോടതി 39 പ്രതികളിൽ 35 പേരെ ശിക്ഷിക്കുകയും 4 പേരെ വെറുതെ വിടുകയും ചെയ്തു. പ്രധാനപ്രതികൾക്ക് (ബലാത്സംഗവും കൂട്ടബലാത്സംഗവും ചെയ്തവർ) 13 വർഷം കഠിനതടവും 15,000 രൂപ പിഴയും വിധിച്ചു. മറ്റു പ്രതികൾക്ക് 3 മുതൽ 7 വർഷം വരെ കഠിനതടവും പിഴയും വിധിച്ചു. പിന്നീട് പ്രത്യേക കോടതി ധർമ്മരാജന്റെ കേസ് വിചാരണക്കെടുക്കുകയും ധർമ്മരാജന് ജീവപര്യന്തം തടവുശിക്ഷ വിധിക്കുകയും ചെയ്തു. അപ്രകാരം കോട്ടയത്തെ പ്രത്യേകകോടതിയിൽ (സെഷൻസ് കോടതി) നിന്ന് പെൺകുട്ടിക്ക് കിട്ടിയ നീതി 2005ലെ ഹൈക്കോടതി വിധിയിലൂടെ നിഷേധിക്കപ്പെടുകയാണുണ്ടായത്.

**റിട്ടയർ ചെയ്ത ഹൈക്കോടതി ജഡ്ജിയെ 24–25 വയസ്സുള്ള പത്രപ്രവർത്തകക്ക് ചതിക്കാം. 16 വയസ്സുള്ള പെൺകുട്ടിയെ ഒരു പെൺവാണിഭസംഘം ചതിയിൽപെടുത്തിയത് അദ്ദേഹത്തിന്റെ കണ്ണിൽപെട്ടില്ല!**

തുടർന്ന് ധർമ്മരാജൻ ഉൾപ്പെടെയുള്ള പ്രതികൾ കൊടുത്ത അപ്പീലുകൾ പരിഗണിച്ചാണ് ഹൈക്കോടതിയുടെ 2005 ലെ പ്രതിലോമകരമായ വിധി വരുന്നത്. തുടർന്ന് പെൺകുട്ടിയും സർക്കാരും സുപ്രീം കോടതിയിൽ ഹൈക്കോടതി വിധിക്കെതിരെ സമർപ്പിച്ച അപ്പീലിൽ പെൺകുട്ടിക്കെതിരായ ഹൈക്കോടതി വിധി 2013 ജനുവരി മാസം 31ന് റദ്ദ് ചെയ്തു. തുടർന്നാണ് പുതിയ ഹൈക്കോടതി വിധി വരുന്നത്.

പെൺകുട്ടിക്കെതിരായ ഹൈക്കോടതി വിധി റദ്ദ് ചെയ്ത് സുപ്രീംകോടതി വിധി വന്നപ്പോൾ 2005ൽ ഹൈക്കോടതി വിധി എഴുതിയതിൽ ഒരു ജഡ്ജി, ജസ്റ്റിസ്.ആർ.ബസന്ത് പെൺകുട്ടിക്കെതിരെ ചൊരിഞ്ഞ ആക്ഷേപങ്ങളും ഔദ്ധത്യം നിറഞ്ഞ വാക്കുകളും മറക്കാവുന്നതല്ല. തുടർന്ന് ജസ്റ്റിസ് ബസന്ത് പറഞ്ഞത് അദ്ദേഹത്തെ പത്രപ്രവർത്തക ചതിച്ചുവെന്നാണ്! റിട്ടയർ ചെയ്ത ഹൈക്കോടതി ജഡ്ജിയെ 24 –25 വയസ്സുള്ള പത്രപ്രവർത്തകക്ക് ചതിക്കാം; 16 വയസ്സുള്ള പെൺകുട്ടിയെ ഒരു പെൺവാണിഭസംഘം ചതിയിൽപെടുത്തിയത് അദ്ദേഹത്തിന്റെ കണ്ണിൽപെട്ടില്ല! പെൺകുട്ടിക്ക് രക്ഷപ്പെടാമായിരുന്നിട്ടും അവൾ രക്ഷപ്പെട്ടില്ല എന്നുപറഞ്ഞ ജസ്റ്റിസ് ബസന്ത്, തന്റെ മേൽപറഞ്ഞ ജല്പനങ്ങൾ പുറത്തുവന്ന അന്ന് അദ്ദേഹം പങ്കെടുത്ത തലശ്ശേരി ബാർ അസോസിയേഷനിലെ പരിപാടിയിൽ അദ്ദേഹത്തിനെതിരെ ഉയർന്ന പ്രതിഷേധങ്ങളിൽ നിന്ന് രക്ഷപ്പെട്ടത് പോലീസ് സംരക്ഷണം ഉള്ളത് കൊണ്ട് മാത്രം! അതിൽ നിന്ന് തന്നെ 16 വയസ്സുള്ള പെൺകുട്ടി ഇത്തരമൊരു പെൺവാണിഭസംഘത്തിൽ നിന്ന് എങ്ങനെ രക്ഷപ്പെടുമായിരുന്നു എന്ന് അദ്ദേഹം ചിന്തിക്കുന്നത് നല്ലതാണ്. പ്രതികളുടേയും തല്പരകക്ഷികളുടേയും താല്പര്യം സംരക്ഷിക്കാൻ വേണ്ടി വിധി പ്രഖ്യാപനങ്ങൾ നടത്തിയാൽ അത് തിരിച്ചടിക്കുമെന്ന പ്രപഞ്ച നീതിയെക്കുറിച്ച് അദ്ദേഹം ഓർക്കുന്നതും നല്ലതാണ്.

ഇതിനിടയിൽ ഒരു സുപ്രധാന കാര്യം കൂടി ഓർമ്മിപ്പിക്കട്ടെ. പ്രതി രാഷ്ട്രീയത്തിൽ ഉന്നതപ

ദവി വഹിക്കുന്ന ആളാണെങ്കിൽ ആത്മാർത്ഥമായും ഫലപ്രദ മായും അന്വേഷണം നടത്തിയ അന്വേഷണ സംഘവും ചില വിട്ടുവീഴ്ചകൾ ചെയ്യുമെന്ന് ഈ കേസിൽ പ്രൊഫ.പി.ജെ.കുര്യനെ പ്രതിപ്പട്ടികയിൽ ചേർത്തില്ല എന്ന തിൽ നിന്ന് വ്യക്തമാണ്. കേസിന്റെ വിചാരണവേളയിൽ മാത്രം കുറ്റാരോപിതന് ഉന്നയി ക്കാവുന്ന അലീബി (താൻ ആ സമയത്ത് സംഭവസ്ഥലത്ത് ഉണ്ടാ യിരുന്നില്ല) എന്ന പ്രതിരോധം പ്രൊഫ.പി.ജെ കുര്യന് കേസ് അന്വേഷണസമയത്ത് തന്നെ അനുവദിച്ചുകൊടുക്കുകയും അത് (അദ്ദേഹം അവിടെ ഉണ്ടായിരുന്നില്ലെന്ന വാദ ഗതി) ശരിയാണെന്ന് പറഞ്ഞ് അന്വേഷ ണസംഘം അദ്ദേ ഹത്തെ പ്രതിപ്പ ട്ടികയിൽ ചേർക്കാതിരി ക്കുകയും ചെയ്തു. തുടർന്ന് പെൺകുട്ടിക്ക് പീരുമേട് മജി സ്ട്രേട്ട് കോട തിയിൽ പ്രൊഫ.പി.ജെ. കുര്യനെതിരെ സ്വകാര്യ അന്യായം ഫയൽ ചെയ്യേണ്ടിവ ന്നു. പെൺകുട്ടി ഉൾപ്പെടെ 7 സാക്ഷി കളെ വിസ്തരിച്ച മജിസ്ട്രേ റ്റ്കോടതി ബലാത്സംഗക്കുറ്റത്തിന് കേസെടുക്കാവുന്നതാണെന്ന് കണ്ടെത്തി കേസ് രജിസ്ട്രർ ചെയ്ത് തൊടുപുഴ സെഷൻസ് കോടതിയിലേക്ക് വിചാരണക്ക് വിട്ടു. (ബലാത്സംഗം പോലുള്ള ഗൗരവമായ കുറ്റകൃത്യങ്ങൾ മജി സ്ട്രേറ്റ് കോടതിക്ക് വിചാരണ ചെയ്യാൻ അധികാരമില്ല.)

ഉടൻ തന്നെ പ്രൊഫ.പി.ജെ. കുര്യൻ തനിക്കെതിരെ കേസെടു ത്തത് ശരിയല്ല എന്നും റദ്ദ് ചെയ്യ ണമെന്നും ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തുവെങ്കിലും ആ കേസ് അനുവദിക്കപ്പെട്ടില്ല. തള്ളി പ്പോയി. തുടർന്ന് പ്രൊഫസർ പി. ജെ.കുര്യൻ സുപ്രീംകോടതിയെ സമീപിച്ചെങ്കിലും സുപ്രീംകോട തിയും കേസ് അനുവദിക്കുകയു ണ്ടായില്ല. പകരം വിടുതൽ ഹർജി നൽകി തൊടുപുഴ സെഷൻസ് കോടതിയെ സമീപിക്കാൻ നിർദ്ദേ ശിക്കുകയാണുണ്ടായത്. അപ്ര കാരം പ്രൊഫ.പി.ജെ.കുര്യൻ തൊടുപുഴ സെഷൻസ് കോടതി യിൽ വിടുതൽ ഹർജി (dis- charge petition) നൽകി വിശദ

സ്വകാര്യഅന്യായം കൊടുത്ത ഹർജിക്കാരിയായ പെൺകുട്ടിയെ കക്ഷിയാക്കാതെയാണ് ഹൈക്കോടതിയിൽ പ്രൊഫ.പി.ജെ.കുര്യൻ കേസ് കൊടുത്തത്. ഇരയാക്കപ്പെട്ടവളുടെ വാദം കേൾക്കാൻ അവസരം നൽകാതെ അവൾക്ക് സ്വാഭാവികനീതി നിഷേധിച്ചുകൊണ്ട് ഹൈക്കോടതി പ്രൊഫ.പി.ജെ.കുര്യൻ കൊടുത്ത റിവിഷൻ ഹർജി അനുവദിച്ച് ഉത്തരവായി. പ്രൊഫ.പി.ജെ.കുര്യനെതിരെ യുള്ള കേസ് നിലനിൽക്കില്ലെന്നാണ് 2007 ഏപ്രിൽ 4ാംതീയ്യതി ഹൈക്കോടതി പ്രഖ്യാപിച്ച വിധി.

മായി വാദം നടത്തി. പ്രൊഫ. പി.ജെ. കുര്യൻ ഹാജരാക്കിയ മുഴുവൻ രേഖകളും വിശദമായി പരിശോ ധിച്ച കോടതി, പ്രൊഫ.പി.ജെ.കു ര്യനെ കേസിൽനിന്ന് വിചാര ണക്ക് മുമ്പ് ഒഴിവാക്കാൻ മതി യായ കാരണമില്ലെന്നാണ് കണ്ടെ ത്തിയത്,. അതിനെതിരെ പ്രൊഫ.പി.ജെ. കുര്യൻ ഹൈക്കോടതിയെ സമീപിച്ചു. സ്വകാര്യഅന്യായം കൊടുത്ത ഹർജിക്കാരിയായ പെൺകുട്ടിയെ കക്ഷിയാക്കാതെയാണ് ഹൈക്കോടതിയിൽ പ്രൊഫ.പി. ജെ.കുര്യൻ കേസ് കൊടുത്തത്. ഇരയാക്കപ്പെട്ടവളുടെ വാദം കേൾക്കാൻ അവസരം നൽകാതെ അവൾക്ക് സ്വാഭാവിക നീതി നിഷേധിച്ചുകൊണ്ട് ഹൈക്കോടതി പ്രൊഫ.പി.ജെ. കുര്യൻ കൊടുത്ത റിവിഷൻ ഹർജി അനുവദിച്ച് ഉത്തരവായി. പ്രൊഫ.പി.ജെ.കുര്യനെതിരെ യുള്ള കേസ് നിലനിൽക്കില്ലെ ന്നാണ് 2007 ഏപ്രിൽ 4ാംതീയ്യതി ഹൈക്കോടതി പ്രഖ്യാപിച്ച വിധി. കേസിൽ സർക്കാരിന് വേണ്ടി ഹാജരായ അന്നത്തെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂ ഷൻ പ്രൊഫ.പി. ജെ.കുര്യൻ കൊടുത്ത കേസിനെ തിരെ വാദഗ തികൾ ഒന്നും ഉന്ന യിച്ചതേയില്ല എന്നത് ശ്രദ്ധേയമാ ണ്. 2005ലെ പെൺകുട്ടി ക്കെതിരായ ഹൈക്കോടതി വിധി പിൻതു ടർന്ന്, കോടതി ബലാത്സംഗം നടന്നി ട്ടില്ലെന്നും നടന്നിട്ടു ണ്ടെന്ന പെൺകുട്ടിയുടെ മൊഴി അവിശ്വസനീയമാ ണെന്നും വിലയിരുത്തി. ഈ കേസ് തുടർന്ന് നടത്തിയാലും നിലനിൽക്കില്ലാ എന്ന് എടുത്തു പറഞ്ഞുകൊണ്ടും കൂടിയാണ് പ്രൊഫ.പി.ജെ.കുര്യന്റെ കേസിൽ ഹൈക്കോടതി വിധി പ്രഖ്യാപിച്ച ത്. ഹൈക്കോടതി ഈ കേസിൽ ഒരു കാരണവശാലും പരിശോ ധനാ വിധേയമാക്കാൻ പാടി ല്ലാത്ത രേഖകൾ പരിശോധിച്ചു കൊണ്ടു കൂടിയാണ് ഈ വിധി പ്രഖ്യാപിച്ചതെന്ന് ഇവിടെ

പറഞ്ഞു കൊള്ളട്ടെ. സർക്കാർ ഈ വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ കൊടുത്തെങ്കിലും അനുവദിക്കപ്പെട്ടില്ല.

2013 ജനുവരി 31ന് പുറപ്പെടുവിച്ച സുപ്രീംകോടതി വിധിക്ക് ശേഷം ഈ കേസിലെ പ്രധാന പ്രതി ധർമ്മരാജൻ തന്നെ പ്രൊഫ.പി.ജെ.കുര്യൻ പെൺകുട്ടിയെ ബലാത്സംഗം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തിയിട്ടുള്ളതാണ് (പിന്നീടത് നിഷേധിച്ചുവെങ്കിലും). പോലീസിൽ കേസന്വേഷണകാലത്ത് പ്രൊഫ. പി.ജെ.കുര്യനെ രക്ഷപ്പെടുത്തുന്ന രീതിയിൽ മൊഴികൊടുത്തവരിൽ പലരും മേൽപറഞ്ഞ സുപ്രീംകോടതി വിധി വന്നതിനുശേഷം മൊഴി തിരുത്തിപ്പറഞ്ഞിട്ടുള്ളതും ഇത്തരുണത്തിൽ ഓർക്കുമല്ലോ. കേസന്വേഷണസംഘത്തിൽ ഉൾപ്പെട്ട പോലീസുദ്യോഗസ്ഥൻ ശ്രീ ജോഷ്വായുടെ വെളിപ്പെടുത്തൽ അനുസരിച്ചും പ്രൊഫ.പി. ജെ.കുര്യൻ പ്രതിയാക്കപ്പെടേണ്ട ആളാണ്. ധർമ്മരാജന്റെ വെളിപ്പെടുത്തൽ വന്നതിനുശേഷം പെൺകുട്ടി പ്രൊഫ.പി.ജെ.കുര്യനെതിരെ ബലാത്സംഗകുറ്റത്തിനു കേസെടുക്കണമെന്ന് പറഞ്ഞ് പോലീസിനേയും കോടതിയേയും സമീപിച്ചെങ്കിലും 2007ൽ പ്രൊഫ.പി.ജെ.കുര്യനനുകൂലമായ ഹൈക്കോടതി വിധിയും ഹൈക്കോടതി വിധി ശരിവെച്ച സുപ്രീംകോടതി വിധിയും ഉയർത്തിക്കാട്ടി ആശ്രമങ്ങൾ തടയപ്പെട്ടു.

തുടർന്ന്, പ്രൊഫ.പി.ജെ.കുര്യനെതിരെയുണ്ടായിരുന്ന കേസ് റദ്ദ് ചെയ്ത 2007ലെ ഹൈക്കോടതി വിധി തന്റെ ഭാഗം വാദഗതികൾ ഉന്നയിക്കാൻ അവസരം നൽകാതെയായതിനാൽ അസാധുവാണെന്നും ആയത് റദ്ദാക്കണമെന്നും ആവശ്യപ്പെട്ട് പെൺകുട്ടി ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തു. ആ ഹർജി പരിഗണനക്ക് വന്നത് ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചിലായിരുന്നു. പെൺകുട്ടിയുടെ ഭാഗം കേൾക്കാതെ വിധി പറഞ്ഞത് ശരിയായില്ല എന്നുപറഞ്ഞ സിംഗിൾ ബെഞ്ച്, ഇത്തരം സാഹചര്യങ്ങളിൽ മുമ്പ് പുറപ്പെടുവിച്ച ഉത്തരവ് തിരിച്ചുവിളിക്കാൻ കോടതിക്ക് അധികാരമുണ്ടെന്ന്, സമാനകേസുകളിൽ സുപ്രീംകോടതി അപ്രകാരമുള്ള വിധിപ്രഖ്യാപനങ്ങൾ നടത്തിയത് ഉദ്ധരിച്ചുകൊണ്ട് പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ ചില സാങ്കേതിക കാര്യങ്ങൾ ഉൾപ്പെട്ടതിനാൽ മേൽപറഞ്ഞ ഹർജി ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ പരിഗണനക്ക് വിടുകയാണുണ്ടായത്. ഇപ്പോൾ രാജ്യസഭാ ഉപാദ്ധ്യക്ഷനായ പ്രൊഫ.പി.ജെ.കുര്യനെതിരെ കേസെടുക്കാൻ ഹൈക്കോടതിയിലെ പല ജഡ്ജിമാർക്കും അധൈര്യമായതിനാൽ മേല്പറഞ്ഞ ഹർജി ഒരു ബെഞ്ചിൽ നിന്നും മറ്റൊന്നിലേക്ക് തട്ടിക്കൊണ്ടിരിക്കുന്നു.

പെൺകുട്ടി ഫയൽ ചെയ്ത സ്വകാര്യ അന്യായ പ്രകാരം പ്രൊഫ.പി.ജെ.കുര്യനെതിരെ ബലാത്സംഗ കുറ്റത്തിന് എടുത്ത കേസ് റദ്ദ് ചെയ്ത ഹൈക്കോടതി വിധിക്ക് ആധാരമായതിൽ ഒന്ന് പെൺകുട്ടിക്കെതിരായി വന്ന 2005ലെ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിയാണ്. ആ വിധി സുപ്രീംകോടതി 2013ൽ റദ്ദാക്കി. തുടർന്നുണ്ടായ ഹൈക്കോടതിയുടെ പുതിയവിധിയിൽ പെൺകുട്ടിയുടെ മൊഴി വിശ്വസനീയമാണെന്നും, പ്രതികൾക്കെതിരെ മൊഴി കൊടുക്കാൻ പെൺകുട്ടിക്ക് പ്രത്യേകിച്ച് കാരണമോ വിദ്വേഷമോ കാണുന്നില്ലാ എന്നും ചൂണ്ടിക്കാണിക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ പ്രൊഫ.പി.ജെ.കുര്യന്റെ കാര്യത്തിൽ മാത്രം അവളുടെ മൊഴി അവിശ്വസിക്കാമോ? ഹൈക്കോടതിയുടെ പുതിയവിധി വന്ന സാഹചര്യത്തിൽ പെൺകുട്ടി പി. ജെ.കുര്യനെതിരെ കൊടുത്ത ഹർജി അനുകൂലമായി പരിഗണിക്കപ്പെടാനുള്ള സാധ്യത വലുതാണ്. എത്രകൊല്ലം കഴിഞ്ഞാലും 'കുറ്റകൃത്യം' മരിക്കുന്നില്ലെന്നാണ് സുപ്രീംകോടതി ഒരു സുപ്രധാന വിധിയിൽ പറഞ്ഞിട്ടുള്ളത്. ആയതിനാൽ കുറ്റകൃത്യം നടന്ന് 18 വർഷം കഴിഞ്ഞുവെങ്കിലും വൈകിയാണെങ്കിലും നീതി ലഭിക്കുമെന്ന പ്രത്യാശയിൽ അവൾ നിയമയുദ്ധം തുടരുന്നു.

പരാതിപ്പെട്ടു എന്നതിനാലും പരാതിയിൽ ഉറച്ചു നിൽക്കുന്നുവെന്നതിനാലും പെൺകുട്ടിയും വീട്ടുകാരും സ്വന്തക്കാരിൽ നിന്നും ബന്ധുക്കാരിൽ നിന്നും സമൂഹത്തിൽ നിന്നും അനുഭവിക്കുന്ന തിരസ്കൃതമായ അവസ്ഥ വേദനാജനകമാണ്. 2012ൽ സുപ്രീംകോടതിയിൽ അവളുടെ കേസ് വാദത്തിനായി ലിസ്റ്റു ചെയ്തപ്പോൾ പെൺകുട്ടിയെ മാനസികമായി തകർക്കാനും തേജോവധം ചെയ്യാനും വേണ്ടി തല്പരകക്ഷികളുടെ ശ്രമഫലമായി അവളുടെ പേരിൽ പണാപഹരണം ആരോപിച്ച് ഒരു കള്ളക്കേസുണ്ടാക്കി. തുടർന്ന് പോലീസ് അവളെ അറസ്റ്റു ചെയ്യുകയും രണ്ടുദിവസത്തോളം ജയിലിടക്കാനും തല്പരകക്ഷികൾക്ക് കഴിഞ്ഞു. തന്മൂലം അവൾക്ക് സർവ്വീസിൽ നിന്ന് സസ്പെൻഷൻ വാങ്ങിച്ചുകൊടുക്കാനും അവർക്ക് കഴിഞ്ഞു. ഇത്രയും യാതനകളിലൂടേയും വേദനകളിലൂടേയും കടന്നുപോവുന്ന പെൺകുട്ടിക്കും വീട്ടുകാർക്കും അവരെ സപ്പോർട്ട് ചെയ്യുന്ന എല്ലാവർക്കും തന്നെ പുതിയ ഹൈക്കോടതി വിധിയും പ്രൊഫ.പി.ജെ.കുര്യനെതിരെ പെൺകുട്ടി ഹൈക്കോടതിയിൽ കൊടുത്തിട്ടുള്ള ഹർജിയിലുണ്ടായ പ്രത്യാശാജനകമായ മുന്നേറ്റവും ആശ്വാസകരവും പ്രതീക്ഷാജനകവുമാകുന്നു. ●



ഗീത

# ഒരു വിധിയെ മറ്റൊരു വിധി തിരുത്തുമ്പോൾ



**ഓർമ്മയുണ്ടോ** ഈ മുഖമെന്നു കയർക്കാൻ ഇവൾക്ക് മുഖമില്ലല്ലോ. എന്നെ അറിയില്ലേ എന്നു ചോദിക്കാൻ പേരുമില്ല. കാരണം ഇവൾ മലയാളിസമൂഹത്തിനു മുമ്പാകെ മുഖവും പേരുമില്ലാത്ത പെൺ ശരീരം മാത്രമാണ്. അതെ, ഇവളാണ് സൂര്യനെല്ലി പെൺകുട്ടി.

പെൺകുട്ടിയോടൊപ്പം പതിനെട്ടു വർഷങ്ങളായി പോരാടിയെന്ന് ഇന്റർനെറ്റിൽ വീമ്പിളക്കുന്ന വരേണ്യർ സൂര്യനെല്ലിയിലെ ഇവളുടെ വീടു കണ്ടിട്ടുണ്ടാവില്ല. ചാനലുകളിലെ അവരുടെ ഭാവാഭിനയവും അവകാശവാദവും കാണുമ്പോൾ ഏതാണ്ട് രണ്ടുവർഷം മുമ്പു മാത്രം അവളെയവർക്ക് പരിചയപ്പെടുത്തിക്കൊടുത്ത സ്ത്രീപ്രവർത്തകർ ഉള്ളാലെ ഒന്നൂറിച്ചിരിക്കുമെന്നു മാത്രം. മറ്റു ചിലർക്കാകട്ടെ വ്യത്യസ്തനോവലിനുള്ള അസംസ്ക്കൃതവിഭവം മാത്രമാണ് പെൺകുട്ടിയും അവളുടെ അനുഭവങ്ങളും.രാഷ്ട്രീയമായോ സാംസ്ക്കാരികമായോ സാഹിത്യപരമായോ ഉപയോഗിച്ചേക്കാമെങ്കിലും ഇവരിലാരും തന്നെ ഇവളെ പുതിയൊരപകടത്തിൽപ്പെടുത്താനിടയില്ല എന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്.

കേരളസമൂഹം ഇവളോട് അനീതി ചെയ്തുവെന്നാരോപിക്കുമ്പോൾ അതിന്റെ പശ്ചാത്തലമെന്തായിരുന്നുവെന്ന് ഇനിയും വീണ്ടും വീണ്ടും നമുക്കന്വേഷിക്കേണ്ടി വരുന്നു. കാർട്ടൂണാക്കി ഇവളെ പുറന്തള്ളിയ മാധ്യമലോകം അവർക്കാവുംമട്ട് സ്വന്തം തെറ്റ് തിരുത്തിക്കൊണ്ടിരിക്കയാണ്. എന്നാൽ ഇപ്പോഴും സ്വന്തം വോട്ടുബാങ്കായി ഇവളെ ഉപയോഗി




ക്കുന്ന രാഷ്ട്രീയ നേതാക്കളും സംഘടനകളും ഇനിയും കളി നിർത്തിയിട്ടില്ല. ഇത്തരം നേതാക്കൾക്കും സംഘങ്ങൾക്കും പിന്നിൽ അണിചേരുമ്പോൾ തീർച്ചയായും സമൂഹം ഇവളോട് ഇപ്പോഴും അനീതി ചെയ്തുകൊണ്ടിരിക്കയാണ്.

എന്താണ്, എന്തു മാത്രമാണ് ഇവൾ ചെയ്ത കുറ്റം? തോപ്പിൽ ഭാസിയുടെ 'അശ്വമേധം 'എന്ന നാടകത്തിലെ നായിക സരോജത്തിനു കുഷ്ഠരോഗം ബാധിക്കുന്നു.തന്നെ പുറംതള്ളിയ സമൂഹത്തോട് അവൾ ചോദിക്കുന്നത് രോഗം ഒരു കുറ്റ മാണോ എന്നായിരുന്നു. അതിനുശേഷം കേരളത്തിൽ എത്രയോ മഴക്കാലങ്ങൾ പെയ്തു തോർന്നു.

സൂര്യനെല്ലിയിലെ പെൺകുട്ടി ഉന്നയിക്കുന്നത് പ്രണയം ഒരു കുറ്റമാകുന്നതെങ്ങനെയെന്നതാണ്. ഒരു പതിനാറുകാരിക്ക് ഒരുത്തനോട് ഇഷ്ടം തോന്നുന്നു.അവനെ പൂർണ്ണമായും വിശ്വസിക്കുന്നു. "വിശ്വാസം അതല്ലേ എല്ലാം" എന്ന പരസ്യവാചകം ഇക്കാലത്തും കോൾമയിർ കൊള്ളിക്കുന്നുണ്ടല്ലോ. അങ്ങനെയൊരു വിശ്വാസമാണ് 1996ലെ ഒരു പതിനാറുകാരിയുടെ പ്രണയം.പെൺകുട്ടികളുടെ കൗമാരപ്രശ്നങ്ങളെക്കുറിച്ച് ഒരു യൂണിവേഴ്സിറ്റി തന്നെ സ്ഥാപിക്കാൻ തക്ക പ്രബന്ധങ്ങളും പഠനങ്ങളും പുറത്തിറങ്ങിയ ഭാഷയാണ് മലയാളം. എന്നിട്ടും അന്നു മലയാളി ചോദിച്ചു അവൾ അവന്റെ കൂടെ പോയിട്ടല്ലേയെന്ന്.

രാജുവായിരുന്നു അവളുടെ കൂട്ടുകാരൻ. 01.01.1996ന് തന്നോടൊപ്പം വരാൻ രാജു അവളെ ക്ഷണിച്ചു. അവളതു നിഷേധിച്ചു. അവന്റെ സ്നേഹപൂർണ്ണമായ നിർബ്ബന്ധങ്ങൾ,സമ്മർദ്ദം,ഭീഷണി,വിവാഹവാഗ്ദാനം,ജീവിതസ്വപ്നം ഇത്രയൊക്കെ പ്രലോഭനങ്ങൾ മതിയാവില്ലേ ഒരു പതിനാറുകാരിയെ ഇളക്കാൻ. അവൾക്കും അത്രയേ പിടിച്ചുനില്ക്കാൻ പറ്റിയുള്ളു. 1996 ജനുവരി16ന് അവൾ അവനോടൊപ്പമിറങ്ങി. കല്യാണത്തിനുടുക്കാൻ അമ്മയുടെ മൂന്നു സാരികൾ, കുറച്ചു പൈസ, ഇട്ടിരുന്ന സ്വർണ്ണാഭരണങ്ങൾ ഇത്രമാത്രം. 16.1.1996ന് വിശ്വാസപൂർവം അവൾ അവനോടൊപ്പമിറങ്ങിയ ഇറക്കമാണ് കേരളത്തെ പിടിച്ചു കുലുക്കിയ സൂര്യനെല്ലിസംഭവം.

> *സൂര്യനെല്ലിയിലെ പെൺകുട്ടി ഉന്നയിക്കുന്നത് പ്രണയം ഒരു കുറ്റമാകുന്നതെങ്ങനെയെന്നതാണ്. ഒരു പതിനാറുകാരിക്ക് ഒരുത്തനോട് ഇഷ്ടംതോന്നുന്നു. അവനെ പൂർണ്ണമായും വിശ്വസിക്കുന്നു. 'വിശ്വാസം അതല്ലേ എല്ലാം' എന്ന പരസ്യവാചകം ഇക്കാലത്തും കോൾമയിർ കൊള്ളിക്കുന്നുണ്ടല്ലോ. അങ്ങനെയൊരു വിശ്വാസമാണ് 1996ലെ ഒരു പതിനാറുകാരിയുടെ പ്രണയം.*

രാജു ഒരു കാമുകനായിരുന്നില്ല എന്നിടത്താണ് അവൾ പരാജയപ്പെട്ടത്. അയാൾ പെൺവാണിഭ സംഘത്തിന്റെ ഒരേജന്റു മാത്രമായിരുന്നു. പെൺവാണിഭം എന്ന വാക്കൊന്നും മലയാളി ഉപയോഗിച്ചുതുടങ്ങിയിരുന്നില്ല. സൂര്യനെല്ലി സംഭവമാണ് ഇങ്ങനെയുമൊരു വാണിഭം കേരളത്തിൽ നടക്കുന്നുണ്ടെന്നറിയിച്ചത്.

ധർമ്മരാജന് രാജു അവളെ കൈമാറി. അയാൾ അവളെ പലർക്കും വിറ്റു. ചില്ലറക്കാർക്കല്ല, അന്നത്തെ എം.പി ഉൾപ്പടെയുള്ളവർക്ക്. താൻ വിൽക്കപ്പെട്ട ഒരു ചരക്കു മാത്രമാണെന്നറിയാതെ കുട്ടി പിടഞ്ഞ നാല്പതു ദിവസങ്ങൾ. രാജുവിനോടൊപ്പമിറങ്ങുന്നതുവരെ അവൾക്കറിയാമായിരുന്നു തനിക്കെന്താണു സംഭവിക്കുന്നതെന്ന്. എന്നാലതിനുശേഷമുള്ള നാല്പതു ദിവസങ്ങളിൽ അവളറിഞ്ഞില്ല അവൾക്കെന്താണു സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന്. കേരളത്തിലും തമിഴ്നാട്ടിലുമുള്ള നിരവധി ഹോട്ടൽ മുറികളിൽ അവൾ കഷണം കഷണമായി വെട്ടിനുറുക്കപ്പെട്ടു. അതൊരു പെണ്ണിനേയും ആനന്ദിപ്പിക്കുകയില്ല. അക്രമം, ബലാത്സംഗം, മർദ്ദനം, പീഡനം, അപമാനം. തുടർച്ചയായി പല പുരുഷപ്രമാണികൾ കാശിന്റെ മദത്തിൽ അവളുടെ ശരീരത്തിൽ കയറിയിറങ്ങി. ഉപദ്രവിക്കരുതേ എന്ന അവളുടെ തൊഴുകൈകൾ കൂട്ടിപ്പിടിച്ച് അവരവളെ താഴേക്ക്

മറിച്ചിട്ടു. അവൾക്കുമേൽ വിജയമാഘോഷിച്ചു. ഇരിക്കാനോ കിടക്കാനോ നടക്കാനോ മൂത്രമൊഴിക്കാനോ കഴിയാത്തമട്ടിൽ അതികഠിനമായ പെൽവിക് ഇൻഫെക്ഷൻ അവളെ ബാധിച്ചു. എന്നിട്ടും അവരവളെ വെറുതെ വിട്ടില്ല. ഒടുവിൽ ഗത്യന്തരമില്ലാതെ തിരിച്ചുവരാമെന്ന ഉറപ്പിന്മേൽ നൂറുരൂപ നൽകി ധർമ്മരാജൻ അവളെ ബസ്സിൽ കയറ്റിവിട്ടു. അങ്ങനെ നാല്പതു ദിവസങ്ങൾക്കുശേഷം 26.2.1996ന് മൂന്നാർ പോസ്റ്റ്ഓഫീസിൽ ജോലി ചെയ്തിരുന്ന അച്ഛന്റെ അടുത്തവൾ എത്തിച്ചേർന്നു. തളർന്നവശയായി തിരിച്ചെത്തിയ മകളെ അച്ഛൻ താങ്ങി. അമ്മയും സഹോദരിയും നെഞ്ചോട് ചേർത്തു. 27.2.1996ന് സൂര്യനെല്ലികേസ് പരാതി രജിസ്റ്റർ ചെയ്തതോടെ അവളും അവളെ സംരക്ഷിച്ച കുടുംബവും സമൂഹത്തിൽ നിന്നും സമുദായത്തിൽ നിന്നും ബന്ധുക്കളിൽ നിന്നും ഒറ്റപ്പെട്ടു.


പലതരം അന്വേഷണങ്ങൾ നടന്നു. ക്രൈംബ്രാഞ്ച്, സിബിഐ എന്നിങ്ങനെ. അതിനിടയിൽ അവളെ അഭയാകേസിലുൾപ്പെടുത്താനുള്ള ശ്രമങ്ങൾ. 2.9.2000ത്തിലെ കോട്ടയം പ്രത്യേകകോടതി വിധി പ്രതികൾക്കു ശിക്ഷ വിധിച്ചു. മാതൃകാപരം എന്നു വിലയിരുത്താവുന്ന ഒന്നായിരുന്നു അത്. എന്നാൽ 20.1.2005ന്റെ കേരളഹൈക്കോടതി വിധി പ്രതികളെ കുറ്റവിമുക്തരാക്കി. ധർമ്മരാജന്റെ ശിക്ഷ ഇളവു ചെയ്തു. തീർന്നില്ല ജസ്റ്റിസ് അബ്ദുൾഗഫൂറും ജസ്റ്റിസ് ബസന്തും ചേർന്നെഴുതിയ വിധിന്യായം കുട്ടിയെ വീണ്ടും അപമാനിക്കുന്നതായിരുന്നു. അവളിലും കുടുംബത്തിലും സ്വഭാവദൂഷ്യം ആരോപിച്ച് പ്രതികളെ രക്തസാക്ഷികളാക്കി ആ വിധി പ്രഖ്യാപിക്കുകയായിരുന്നു.

2005ലെ വിധിക്കെതിരെ കുട്ടിയും സ്റ്റേറ്റും ബഹു.സുപ്രീം കോടതിയെ സമീപിച്ചു. കീഴ്കോടതിയുടേയും ഹൈക്കോടതിയുടേയും വിചാരണകളിൽ നിന്നു രക്ഷപ്പെട്ട എം.പിക്കെതിരെയുള്ള കുട്ടിയുടെ സ്വകാര്യ അന്യായവും 2007ൽ ബഹു.സുപ്രീംകോടതിയിലെത്തി. 2007 നവംബർ 16ന് എം.പിയെ കുറ്റവിചാരണാവിമുക്തനാക്കിക്കൊണ്ട് ജസ്റ്റിസ് കെ.ജി.ബാലകൃഷ്ണന്റെ ബെഞ്ചു ചോദിച്ചുവത്രെ സ്വകാര്യ അന്യായത്തിന്മേൽ സർക്കാരിന് എന്താണിത്ര താല്പര്യമെന്ന്! സ്വകാര്യ അന്യായത്തിന്മേൽ എട്ടുപേർ അദ്ദേഹത്തിനെതിരെ മൊഴി നൽകിയിരുന്നു. പ്രഥമദൃഷ്ട്യാ അദ്ദേഹം കുറ്റക്കാരനുമായിരുന്നു.

എന്നിട്ടും അദ്ദേഹം ഇന്ത്യയിലെ പരമോന്നത നേതൃത്വപദവിയിലെത്തി. രാജ്യസഭാ ഉപാധ്യക്ഷനായി. സൂര്യനെല്ലിപെൺകുട്ടിയുടെ പീഡനം പറഞ്ഞു കേരളത്തിൽ വോട്ടു പിടിച്ച ഇടതുപക്ഷം ഇതിനെതിരെ ഒരു ചെറുവിരൽ പോലുമുയർത്തിയില്ല.

കേസ് സുപ്രീംകോടതിയിൽ വിചാരണക്കുവരാനിരിക്കെ കുട്ടിയെ പണാപഹരണകേസ്സിൽ ഉൾപ്പെടുത്തി. അവളെ ജോലിയിൽ നിന്ന് സസ്പെൻഡ് ചെയ്തു. കുട്ടിക്ക് സ്വഭാവദൂഷ്യമുണ്ടെന്ന് വരുത്തിതീർക്കാൻ പ്രതികൾ കളിച്ച ഈ കളി അതിവിചിത്രമായിരുന്നു.

ഇവളെയാണ് "ബാലവേശ്യ" യെന്ന് ജസ്റ്റിസ് ബസന്ത് വീണ്ടും വിശേഷിപ്പിച്ചത്. തങ്ങൾ 2005ലെ വിധിയിൽ ആരോപിച്ച "സ്വഭാവദൂഷ്യങ്ങൾ" തെളിയിക്കാനുള്ള സുവർണ്ണാവസരമായി ജസ്റ്റിസ് ബസന്ത് ഈ സന്ദർഭത്തെ ഉപയോഗപ്പെടുത്തി. ഹോ മഹാഭാഗ്യം! പ്രതികളെ പ്രലോഭിപ്പിച്ച കുറ്റത്തിന് ഇവളെ ജയിലിടക്കാതിരിക്കാൻ ജസ്റ്റിസ് അബ്ദുൾഗഫൂറും ജസ്റ്റിസ് ബസന്തും കാണിച്ച ദയക്ക് അവരോട് കൃതജ്ഞതയുള്ളവരാകുക!! പ്രതികളുടെ ഗൂഢാലോചന, തട്ടിക്കൊണ്ടുപോകൽ, മർദ്ദനം, പീഡനം, ബലാത്സംഗം, കവർച്ച, ക്രൂരത എന്നിവയെ ഒരു കോടതി വിശേഷിപ്പിച്ചത് ഒരു "ബാലവേശ്യ"യുടെ സമ്മതപത്രമായിട്ടായിരുന്നു.



ശരിയാണ്, അങ്ങനെയൊക്കെ പറയാനും പെരുമാറാനും ചിലർ അനുവദിക്കപ്പെടുന്നുണ്ട്. കുറ്റാരോപിതനായ എം.പിക്ക് പിന്നീട് ജനവിധി തേടേണ്ടി വന്നില്ല. രാജ്യസഭയുടെ ഉപാധ്യക്ഷപദവിയിൽ അദ്ദേഹമാണ് വിരാജിക്കുന്നത്. 2012 ലെ ദൽഹി കൂട്ട ബലാത്സംഗ കേസ് പുറത്തുവന്നപ്പോൾ സഭയിൽ കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ വികാരപ്രകടനം കാഴ്ചവെച്ച വനിതാ അംഗങ്ങളെ പുറത്തു തട്ടി ആശ്വസിപ്പിച്ചത് അദ്ദേഹമായിരുന്നത്രേ. ഈ വിധം അശ്ലീലമാ

യൊരു കാഴ്ച കേരള ത്തിന്റെയെന്നല്ല, ഇന്ത്യയുടെ തന്നെ അപമാനമായി മാറേണ്ടതായിരുന്നു. പുരുഷാധികാരത്തെ പ്രീണിപ്പിച്ചുകൊണ്ട് സ്വന്തം പദവികൾ നിലനിർത്തുന്ന വനിതാനേതാക്കളെ കുറഞ്ഞപക്ഷം സ്ത്രീകളെങ്കിലും തള്ളിക്കളയേണ്ടതുണ്ട്.

ദൽഹി കൂട്ടബലാത്സംഗക്കേസിനുശേഷം വന്ന നിയമഭേദഗതി അനുസരിച്ച് മുംബൈ ബലാത്സംഗികൾക്ക് വധശിക്ഷവിധിച്ചപ്പോൾ മൂന്നാംമുന്നണി നേതാവായ മുലായംസിംഗ് യാദവ് വികാരഭരിതനായി.

'നിഷ്കളങ്കരായ' ആൺകുട്ടികൾ പെൺകുട്ടികളെ ബലാത്സംഗം ചെയ്യുക സ്വാഭാവികം മാത്രമാണത്രെ. അദ്ദേഹത്തിന്റേയും ലക്ഷ്യം ഇന്ത്യൻ പ്രധാനമന്ത്രി പദവി തന്നെ. അപ്പോൾ പിന്നെ ഇന്ത്യൻ ജുഡീഷ്യറിയുടെ ഭാഗത്തുനിന്ന്, ജസ്റ്റിസ് ബസന്തിനെപ്പോലുള്ളവരും അഡ്വ. രാംകുമാറിനെപ്പോലുള്ളവരും ബലാത്സംഗികൾക്കു വേണ്ടി വാദിക്കുന്നതിന് ആരെ എന്തിന് ഭയക്കണം?

2013 ജനുവരി 31ന് പുറത്തുവന്ന സുപ്രീംകോടതി വിധിയിൽ 2005 ലെ ഹൈക്കോടതി വിധിയും കേസും പുനഃപരിശോധിച്ച് സമയബന്ധിതമായി തീർപ്പുകല്പിക്കുന്നതിന് കേരളഹൈക്കോടതി നിർദ്ദേശിച്ചു. അതനുസരിച്ചുള്ള തീർപ്പിൽ ജസ്റ്റിസ് കെ. ടി.ശങ്കരനും ജോസഫ് ഫ്രാൻസിസും അടങ്ങുന്ന ഡിവിഷൻ ബെഞ്ച് 2005ലെ കേരള ഹൈക്കോടതി വിധിയെ ഫലത്തിൽ റദ്ദു ചെയ്യുകയായിരുന്നു. 4.4.2014ന് പ്രസ്തുത വിധി പുറത്തുവന്നു. ഒരു പരിധിവരെ പെൺകുട്ടിയെ കുറ്റക്കാരിയല്ലാതാക്കി എന്നതാണ് ആ വിധിയുടെ പ്രസക്തി. 14 വർഷത്തിനു ശേഷം കോട്ടയം പ്രത്യേകകോടതി വിധിയെ (2000) പിന്തുണക്കുന്ന വിധിയെന്ന ചരിത്രപ്രാധാന്യം കൂടി ഇതിനുണ്ട്. എന്നിട്ടും അഡ്വ.രാംകുമാർ ചോദിക്കുന്നു, പ്രതികൾ എന്തുവിചാരിക്കും. ഒരേ കോടതിയിൽ നിന്ന് പരസ്പര വിരുദ്ധമായ രണ്ടു വിധി ഒരേ കേസിലുണ്ടാകുമ്പോൾ ജനങ്ങൾ കോടതിയെ വിശ്വസിക്കുമോ എന്ന് (4.4.2014 ന്റെ രാത്രി 9 മണിക്കുള്ള ന്യൂസ് അവർ ചർച്ച). ഇത്രയും വർഷങ്ങൾക്കു ശേഷം പെൺകുട്ടി ഒരല്പമെങ്കിലും നീതി ഉറപ്പാക്കിയ ഡിവിഷൻബഞ്ച് വിധിയെ നിയമജ്ഞർ പോലും പരസ്യമായി പ്രതിരോധിക്കുന്നുവെന്നിടത്താണ് കേരളത്തിലെ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ സധൈര്യം തുടരുന്നത്. പെണ്ണിനെ ഒരു വ്യക്തിയായി പരിഗണിക്കാൻ കേരളസമൂഹം വികസിച്ചിട്ടില്ല. അവൾ കേസിനാസ്പദമായ കേവല വസ്തുവാണ്. സാക്ഷിയെന്നോ ഇരയെന്നോ സൗകര്യം പോലെ വിളിക്കാം. അവൾ ഒരു ശരീരം മാത്രമാണിപ്പോഴും.

തെളിവുകൾക്കനുസരിച്ച് സാങ്കേതികമായി വ്യാഖ്യാനിക്കാനുള്ള ഒരു സ്ഥാപനം മാത്രമല്ല കോടതിയെന്നും നീതി ലഭ്യമാക്കുന്നതിനുള്ള ഏറ്റവും ഉന്നതമായ രാഷ്ട്രസംവിധാനങ്ങളിൽ ഒന്നാണെന്നും ജനങ്ങൾക്കനുഭവപ്പെടേണ്ടതുണ്ട്. ഒരുപക്ഷേ സൂര്യനെല്ലിക്കേസിലെ 2014ലെ കേരളഹൈക്കോടതി വിധി അത്തരത്തിലൊന്നിന്റെ തുടക്കമായി ചരിത്രത്തിൽ വിലയിരുത്തപ്പെട്ടേക്കാം. സ്വന്തം വോട്ടുബാങ്കായി അവളെ ഉപയോഗിച്ച രാഷ്ട്രീയസംഘടനകൾ ലജ്ജിച്ചു തലതാഴ്ത്തട്ടെ. പ്രതികളെ രക്ഷിക്കാൻ അവർ നടത്തിയ ഒത്തുതീർപ്പുകളോടും അഴിമതികളോടും നാം പെണ്ണുങ്ങളെന്തിനു രാജിയാകണം?

ഇതിലൊക്കെയപ്പുറം മറ്റു ചിലതു കൂടിയുണ്ട്.

1) അവൾ നമ്മെപ്പോലെ ഒരു വ്യക്തിയാണ്. സ്വന്തം പേരിൽ വിളിക്കപ്പെടാൻ സർവഥാ യോഗ്യയായവൾ.

2) അവളല്ല പ്രതികളാണു മുഖം മറച്ചു നടക്കേണ്ടത്. കേരളത്തിലെ ചിന്തിക്കുന്ന പെണ്ണിന്റെ ആത്മധൈര്യമായി മാറാൻ അവളുടെ മുഖത്തിനു ശേഷിയുണ്ട്. അതുകൊണ്ടാണ് കുറ്റവാളികൾ അവളുടെ മുഖത്തെ ഭയക്കുന്നത്. അതുകൊണ്ട് കുറ്റവാളികൾക്കു വേണ്ടി മുഖം മറയ്ക്കാൻ നമ്മൾ പെണ്ണുങ്ങൾ ഇനിയെങ്കിലും അവളോടാവശ്യപ്പെടരുത്.

3) നമ്മുടെ ഏതു മകൾക്കും സംഭവിക്കാവുന്ന ഒരാപത്തിനോടാണ് അവളും കുടുംബവും ചെറുത്തുനിന്നത്. എഴുത്തിനും ചർച്ചകൾക്കുമപ്പുറത്തുള്ള പ്രതിരോധമാർഗ്ഗങ്ങൾ ആത്മവിശ്വാസത്തോടെ വെട്ടിത്തെളിക്കാൻ അവളുടെ പേരും മുഖവും ശബ്ദവും നമുക്ക് കരുത്തേകട്ടെ. ●

> 'നിഷ്കളങ്കരായ' ആൺകുട്ടികൾ പെൺകുട്ടികളെ ബലാത്സംഗം ചെയ്യുക സ്വാഭാവികം മാത്രമാണത്രെ. അദ്ദേഹത്തിന്റേയും ലക്ഷ്യം ഇന്ത്യൻ പ്രധാനമന്ത്രി പദവി തന്നെ. അപ്പോൾ പിന്നെ ഇന്ത്യൻ ജുഡീഷ്യറിയുടെ ഭാഗത്തുനിന്ന്, ജസ്റ്റിസ് ബസന്തിനെപ്പോലുള്ളവരും അഡ്വ.രാംകുമാറിനെപ്പോലുള്ളവരും ബലാത്സംഗികൾക്കു വേണ്ടി വാദിക്കുന്നതിന് ആരെ എന്തിന് ഭയക്കണം?

### എന്തുകൊണ്ട് അവൾ

# രക്ഷപ്പെട്ടില്ല?

(20-02-205ന് സൂര്യനെല്ലി പെൺകുട്ടിയുമായി ഗീത നടത്തിയ കൂടിക്കാഴ്ചയുടെ പ്രസക്തഭാഗങ്ങൾ കേന്ദ്രീകരിച്ചു തയ്യാറാക്കിയത്)

**സ്വകാര്യക്കാരുടെ** തേയിലക്കാടുകൾ, ഇടക്കിടക്കു സ്വാഭാവിക വനം. ഇപ്പോൾ റിസോർട്ടായി വേഷം മാറിയിരിക്കുന്ന ഒരിടതുപക്ഷ കക്ഷിയുടെ പാർട്ടി ഓഫീസ്. ടാറ്റായുടെ തേയില മൊത്തമായും ചില്ലറയായും വിൽക്കുന്ന കമ്പനി ഔട്ട്ലെറ്റുകൾ. മൂന്നാർ മലമടക്കുകളിലെ പാതകൾ നീർത്തി നീർത്തി ദേവികുളത്തേക്ക്. അവിടെ നിന്നു ചിന്നക്കനാൽ, പിന്നെ സൂര്യനെല്ലി. അതെ, വർത്തമാന കേരളത്തിന്റെ സംസ്കാര ഭൂപടത്തിൽ ഇടംപിടിച്ച സൂര്യനെല്ലി. സുദീർഘമായ ഒമ്പതുവർഷത്തെ ചെറുത്തുനിൽപ്പു സമരത്തിന്റെ അടയാളം.

കോഴിക്കോട്ടുള്ള റജീനയുടെ മൊഴിമാറ്റങ്ങൾ, കൊട്ടിയത്തെ ഷൈനിയുടെ ദയനീയമായ കരച്ചിൽ ഇവയൊക്കെ മലയാളിയുടെ നിത്യജീവിതത്തിന്റെ ഭാഗമായിക്കൊണ്ടിരിക്കുമ്പോൾ വീണ്ടും സൂര്യനെല്ലി സംഭവം ഉയർന്നുവരുന്നു. നിയമചരിത്രത്തിൽ ഒരു നാഴികക്കല്ലായ കോട്ടയം സ്പെഷ്യൽ കോടതി വിധിന്യായത്തിന്റെ പകർപ്പു പോലും ഇതുവരെ പെൺകുട്ടിയുടെ അച്ഛനു കിട്ടിയിട്ടില്ല. തരാമെന്നു പറഞ്ഞു വിളിപ്പിച്ച് അവിടെ ചെന്നപ്പോൾ അതെവിടെയോ കാണാനില്ലെന്നായിരുന്നുവത്രെ പ്രോസിക്യൂട്ടർ പറഞ്ഞത്! ഹൈക്കോടതി വിധി പുറത്തു വന്നപ്പോൾ അദ്ദേഹം ആഗ്രഹിക്കുന്നു- സുപ്രീംകോടതിയിൽ ഒരപ്പീലെങ്കിലും കൊടുത്തിടണം. എന്നാൽ അദ്ദേഹത്തിനിപ്പോൾ ആശങ്കയുമുണ്ട്- അവിടെയും വിധി തങ്ങൾക്കെതിരാകുമോയെന്ന് 'അനുകൂലമായ വിധിന്യായം കേട്ടിട്ട് മരിക്കാൻ പറ്റിയെങ്കിൽ!' സാധാരണക്കാരന് കോടതികളിൽ വിശ്വാസം നഷ്ടപ്പെടുകയാണെന്നാണോ ഇദ്ദേഹത്തിന്റെ നിരാശയുടെയും ആശങ്കകളുടെയും പൊരുൾ?

സൂര്യനെല്ലിപ്പെൺകുട്ടിയെപ്പറ്റി നാം വളരെയേറെ കേട്ടുകഴിഞ്ഞു. എന്നാലിപ്പോഴും നമുക്കിവളുടെ പേരറിയില്ല. മുഖമറിയില്ല. അതെ എന്തിനറിയണം? ഇവൾക്കു നമ്മുടെ തന്നെ ഛായയാണ്. എന്നാലിവൾക്ക് സ്വന്തം അനുഭവങ്ങളെപ്പറ്റി എന്തു പറയാനുണ്ടെന്നു ഇനിയെങ്കിലും നമ്മളറിഞ്ഞേ പറ്റൂ. ഇവൾ നമ്മുടെ മകളാണ് ഇവളെ നമുക്കു ഹൃദയം കൊണ്ട് തൊട്ടറിയുക.

സൂര്യനെല്ലിപ്പെൺകുട്ടിയെപ്പറ്റി നാം വളരെയേറെ കേട്ടുകഴിഞ്ഞു. എന്നാലിപ്പോഴും നമുക്കിവളുടെ പേരറിയില്ല. മുഖമറിയില്ല. അതെ എന്തിനറിയണം? ഇവൾക്കു നമ്മുടെ തന്നെ ഛായയാണ്. എന്നാലിവൾക്ക് സ്വന്തം അനുഭവങ്ങളെപ്പറ്റി എന്തു പറയാനുണ്ടെന്നു ഇനിയെങ്കിലും നമ്മളറിഞ്ഞേ പറ്റൂ. ഇവൾ നമ്മുടെ മകളാണ് ഇവളെ നമുക്കു ഹൃദയം കൊണ്ട് തൊട്ടറിയുക.

*സൂര്യനെല്ലിപ്പെൺകുട്ടി സ്വന്തം കഥ ഇങ്ങനെ തുടരുന്നു.*

വണ്ടിയിൽ വെച്ചു കണ്ട പരിചയമായിരുന്നു രാജുവിനോട്. അയാൾക്കു വീട്ടിൽ വലിയ ബുദ്ധിമുട്ടാണെന്നു പറഞ്ഞു. അച്ഛനും അമ്മക്കും സുഖമില്ല. പിന്നെ പെങ്ങളുടെ കാര്യങ്ങളുണ്ട്. ആകെക്കൂടെ വലിയ വിഷമമാണ്. മരുന്ന് വാങ്ങാനൊന്നും കഴിയുന്നില്ല. അയാളോടു പാവം തോന്നി. അങ്ങനെ ആദ്യമൊക്കെ ഇഷ്ടമായി. പൈസ ചോദിക്കുമായിരുന്നു. ഹോസ്റ്റൽ ഫീസുവരെ കൊടുത്തിട്ടുണ്ട്. പിന്നെപ്പിന്നെ സ്വഭാവം മാറി. പേടിയായിത്തുടങ്ങി. ഒരാൽബം അയാളുടെ കയ്യിൽപ്പെട്ടിരുന്നു. വിളിച്ചിട്ടു ചെന്നില്ലെങ്കിൽ പപ്പായുടെ ഉദ്യോഗസ്ഥലത്തു പടം ഒട്ടിക്കുമെന്നു പറഞ്ഞു. കല്യാണം കഴിക്കാൻ ചെല്ലണമെന്നു പറഞ്ഞു. മമ്മായുടെ സാരി എടുപ്പിച്ചു. അയാളോ

ടൊപ്പം പോയത് 1996 ജനുവരി 16ന് ആയിരുന്നു. ബസ്സിൽ കയറ്റി യിരുത്തി രണ്ടു ടിക്കറ്റെടുത്ത് ഒ ന്നു കയ്യിൽ തന്നു. കോതമംഗല ത്ത് എത്തി നോക്കിയപ്പോൾ ആ ളെ കാണാനില്ല. എവിടെയാണ് ഇറങ്ങിപ്പോയതെന്ന് അറിയില്ല.

കോതമംഗലത്തിറങ്ങി തിരിച്ചു പോരാൻ പറ്റില്ല. കോട്ടയത്തിനു പോയാൽ മമ്മായുടെ വീട്ടിലെ ത്താമെന്നു വിചാരിച്ചു. കോട്ടയം ബസ്സിൽ കയറി. കോട്ടയത്തിറങ്ങു മ്പോൾ രാത്രി നല്ലപോലെ വൈ കിയിരുന്നു ഇരുട്ട്. പേടിതോന്നി. അടിമാലി മുതൽ കോട്ടയം വരെ ഒരു സ്ത്രീ കൂടെയുണ്ടായിരുന്നു. അവർ അടുത്തുവന്ന് പരിചയ ഭാവത്തിൽ ചോദിച്ചു. '.....യെന്നല്ലേ പേര്? അറി യാം.' രാജു എന്നെ വി ളിക്കുന്ന പേരും അവർ പറഞ്ഞു. ഇനി ആരു ചോദിച്ചാലും ആ പേരു പറഞ്ഞാൽ മതിയെന്നു പറഞ്ഞു. വയസ്സു പതിനെട്ടാ ണെന്നും കോളേജിൽ പഠിക്കുകയാണെന്നും പറയണം. ആ സ്ത്രീയുടെ പേര് ഉഷ എന്നായിരുന്നു.

ഞങ്ങൾ കോട്ടയം ബസ്സ്റ്റാൻഡിൽ നിൽക്കു മ്പോൾ ഒരാൾ വന്നു. അയാളുടെ പേര് ധർമ്മരാജൻ എന്നായിരുന്നു. മമ്മായുടെ വീടറിയാമെന്നും അവിടെ കൊണ്ടുചെന്നാക്കാ മെന്നും പറഞ്ഞു. എന്നെ അവിടെ ഏൽപ്പിച്ച് ഉഷ പോയി. മുണ്ടക്കയത്തിന് ഇനി പുലർച്ചയേ ബസ്സുള്ളൂ എന്ന് അയാൾ പറ ഞ്ഞു. കോട്ടയം സ്റ്റാൻറിനടു ത്തുള്ള ഹോട്ടലിലേക്ക് കൊണ്ടു പോയി...'

സൂര്യനെല്ലിക്കേസ് ഇവിടെ യാണ് തുടങ്ങുന്നത്. രാജു ഇവളെ വിളിച്ചിരുന്ന പേര് എങ്ങനെ ഉഷ അറിഞ്ഞു? ഉഷ പെൺകുട്ടിയോടൊപ്പം ബസ്സിൽ സഞ്ചരിക്കുകയും കോട്ടയം ബസ്സ്റ്റാന്റിൽ ധർമ്മരാജൻ രക്ഷക രൂപത്തിൽ എത്തിച്ചേരു കയും ചെയ്തതെങ്ങനെ? വളരെ യധികം ആസൂത്രിതമായ വലനെ യ്ത്തായിരുന്നു അതെന്ന് സംഭവ ത്തിന്റെ തുടക്കം തന്നെ വ്യക്തമാ ക്കുന്നു.

ഇപ്പോൾ രാജുവിനെപ്പറ്റി എന്തു തോന്നുന്നു?

കേസൊക്കെ ആയപ്പോൾ പാർട്ടിക്കാരെവെച്ച് ഒരുമണിക്കൂറി നുള്ളിൽ രാജു പുറത്തിറങ്ങി യെന്ന് പപ്പാ പറഞ്ഞു. അടിമാലി യിൽ വെച്ച് അന്ന് കണ്ടതിനു ശേഷം പിന്നെ കണ്ടത് കോടതി യിൽ വെച്ചായിരുന്നു. കാണു മ്പോഴും ഓർക്കുമ്പോഴും ഇപ്പോൾ ദേഷ്യവും വെറുപ്പു മാണ്....

ഹൈക്കോടതി വിധി വന്ന അന്ന് രാജു പാർട്ടി നടത്തി ആഘോഷിച്ചതായി കേട്ടെന്ന് പെൺകുട്ടിയുടെ അമ്മ പറഞ്ഞു.

ഇക്കാര്യത്തെപ്പറ്റി മോൾക്ക് കൂടുതലെന്തെങ്കിലും പറയാ നുണ്ടോ?

അന്നൊന്നും വിവരവും ആലോചനയും ഇല്ലായിരുന്നു. ഇപ്പോൾ ചിന്തിക്കാൻ കഴിയുന്നു ണ്ട്. എല്ലാം നല്ലപോലെ ആലോ ചിക്കണം. പപ്പായോടും മമ്മാ യോടും പറയണം. എനിക്ക് പറ്റി യത് ഇനിയൊരാൾക്ക് പറ്റരുത്.

കഴിഞ്ഞ പത്തുവർഷത്തിനിട യിൽ നമ്മുടെ കാമ്പസുകളിൽ നിന്ന് ആത്മാർത്ഥമായ പ്രണയം അപ്രത്യക്ഷമായതിനെ ചൊല്ലി വേവലാതിപ്പെടുന്നവർക്കുള്ള ഉത്തരം കൂടിയാകുന്നു ഇത്. ഇതിനൊരുവൾ കൊടുക്കേണ്ടി വന്ന വില സ്വന്തം സ്വപ്നങ്ങളും ജീവിതം തന്നെയുമായിരുന്നു. പെണ്ണിന് ആണിനെ വിശ്വസി ക്കാൻ കഴിയാതാകുന്നതിന്റെ ദുരന്തം പ്രണയത്തിന്റെ പരാജയ സ്ഥാനമാകുന്നു.

പെൺകുട്ടിയുടെ സമ്മത ത്തോടെയായിരുന്നു കാര്യങ്ങൾ നടന്നതെന്ന് വിലയിരുത്തി ക്കൊണ്ട് പ്രതികളെ ബഹു. ഹൈക്കോടതി വെറുതെവിട്ട തായി മാധ്യമങ്ങളിൽ കാണുന്നു. എങ്ങനെയായിരുന്നു ഇക്കാര്യ ങ്ങളെ ഇവൾ സമ്മതിച്ചതെന്ന് നമ്മളന്വേഷിക്കേണ്ടതുണ്ട്.

> **പെൺകുട്ടിയുടെ സമ്മതത്തോടെയായിരുന്നു കാര്യങ്ങൾ നടന്നതെന്ന് വിലയി രുത്തിക്കൊണ്ട് പ്രതികളെ ബഹു. ഹൈക്കോടതി വെറുതെവിട്ടതായി മാധ്യമങ്ങളിൽ കാണുന്നു. എങ്ങ നെയായിരുന്നു ഇക്കാര്യങ്ങളെ ഇവൾ സമ്മതിച്ചതെന്ന് നമ്മ ളന്വേഷിക്കേണ്ടതുണ്ട്.**

*കോട്ടയത്തെ ഹോട്ടൽ മുറിയിൽ കൊണ്ടുവന്ന ശേഷം ധർമ്മരാജൻ മോളെ എന്താണ് ചെയ്തത്?*

കുറേക്കഴിഞ്ഞപ്പോൾ അയാൾ ഉപദ്രവിക്കാൻ തുടങ്ങി. തടയാൻ ശ്രമിച്ച പ്പോൾ കൈപിടിച്ച് തിരി ച്ചു. കൊങ്ങക്ക് പിടിച്ചു. പറയുന്നതുപോലെ ചെയ്തി ല്ലെങ്കിൽ കൊന്നു കളയുമെന്നു പറഞ്ഞു. പപ്പായേയും മമ്മാ യേയും കൊല്ലുമെന്നു പറഞ്ഞു. അടികൊണ്ട് ഞാൻ തളർന്നു. അയാളെന്നെ നല്ലവണ്ണം ഉപദ്രവി ച്ചു...

പിന്നെ എറണാകുളത്തേക്കും കുമിളിക്കുമൊക്കെ കൊണ്ടുപോ യി. എന്റെ വായ്ക്കകത്ത് ബല മായി വെള്ളപ്പൊടി തേച്ചുതരുമാ യിരുന്നു. അപ്പോൾ മയക്കം വരും. എന്റെ കൈരണ്ടും പുറകോട്ട് കെട്ടിവെച്ച് വായിൽ ബ്രാണ്ടി ഒഴി ക്കും. അധികം ഇതൊക്കെ ചെയ്തത് ധർമ്മരാജനും ജമാലു മായിരുന്നു. പിന്നെ നന്നായി അടി ക്കുകയും വേദനിപ്പിക്കുകയും ചെയ്തു. എപ്പോഴും തളരും. തളർന്ന് ഉറങ്ങിപ്പോയാൽ വിളിച്ചു ണർത്തി ഉപദ്രവിക്കും. ബാത്ത്റൂ മിൽ കയറി ഒളിച്ചിരുന്നിട്ടും ഞാൻ രക്ഷപ്പെട്ടില്ല. അവരെന്നെ

തെറിവിളിക്കുകയും അടിക്കുകയും ചവിട്ടുകയും ഒക്കെ ചെയ്തു. അവർ പുറത്തുപോകുമ്പോൾ മുറി പുറത്തു നിന്നു പൂട്ടും. എറണാകുളം, തേനി, കന്യാകുമാരി, തിരുവനന്തപുരം ഒക്കെ എന്നെ കൊണ്ടുപോയി. വലിയ ഹോട്ടലുകളിലും ഒഴിഞ്ഞ വീടുകളിലും കൊണ്ടുപോയി. കുമിളിയിൽ പലതവണ കൊണ്ടുപോയി. അവിടെയാണ് 'ബാജി' വന്നത്. കൊങ്ങക്കു പിടിച്ചു നോവിച്ച് ബലം ഉപയോഗിച്ചാണ് അയാളെന്നെ ഉപദ്രവിച്ചത്.

*മോൾക്ക് ഭക്ഷണമോ പൈസയോ തന്നിരുന്നോ?*

പൈസയോ? അവർക്ക് പൈസ കിട്ടിയോ എന്നെനിക്ക് അറിയില്ല. രണ്ടു മൂന്നുദിവസം കൂടുമ്പോൾ ഒരു നേരം ഭക്ഷണം തരുമായിരുന്നു.

അവരുടെ പിടിയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ചില്ലേ?

പറഞ്ഞറിയിക്കാൻ മേലാത്ത ഒരവസ്ഥയായിരുന്നു എന്റേത്. എന്റടുത്ത് വന്നവരോടൊക്കെ ഞാൻ പറഞ്ഞു, എന്റെ പപ്പാ മൂന്നാർ പോസ്റ്റോഫീസിലാണെന്ന്. മമ്മാ ആശുപത്രിയിലെ നഴ്സാണെന്ന്. ഞാൻ ഇന്നസ്ഥലത്തെ വീട്ടിലെ ആളാണെന്ന് വന്നവരോടൊക്കെ പറഞ്ഞു കൊണ്ടേയിരുന്നു. ആരും എന്നെ രക്ഷിച്ചില്ല... എല്ലാവരും വന്ന് ഉപദ്രവിച്ചിട്ടു പോയി. ഒരു പ്രൊഫസർ മാത്രം എന്നെ ഒന്നും ചെയ്തില്ല. എന്നെക്കണ്ട് അയാൾ തിരിച്ചുപോയി. അയാൾ എന്നെ ഉപദ്രവിച്ചില്ലെന്ന് പോലീസിനോട് പറഞ്ഞെങ്കിലും അവർ അയാളുടെ പേരും പ്രതിപ്പട്ടികയിൽ ചേർത്തു.

റൂമിൽ നിന്ന് എന്നെ വെളിയിലിറക്കിയതേയില്ല. ബസ്സിൽ കൊണ്ടുപോയപ്പോൾ കുനിച്ചിരുത്തി. ഒരു തവണയെ ബസ്സിൽ കൊണ്ടുപോയുള്ളു. അധികവും കാറിലാണ് കൊണ്ടുപോയത്. വെളുപ്പിനും വൈകുന്നേരത്തുമായിരുന്നു മിക്കവാറും യാത്ര.

അവരെങ്ങോട്ടൊക്കെയോ കൊണ്ടുപോയി.... വൈകുന്നേരം എവിടെയോ കിടത്തി.... പിന്നെയും പിന്നെയും ഉപദ്രവിച്ചു. എപ്പോഴും പേടിയായിരുന്നു. നല്ല തളർച്ചയും ഉണ്ടായിരുന്നു. എതിർത്തപ്പോഴെല്ലാം കൊല്ലുമെന്നു പറഞ്ഞു. കൊല്ലുന്നവരെ എനിക്ക് പേടിയാണ്... എന്നെ മാത്രമല്ല പപ്പായെയും

പറഞ്ഞറിയിക്കാൻ മേലാത്ത ഒരവസ്ഥയായിരുന്നു എന്റേത്. എന്റടുത്ത് വന്നവരോടൊക്കെ ഞാൻ പറഞ്ഞു, എന്റെ പപ്പാ മൂന്നാർ പോസ്റ്റോഫീസിലാണെന്ന്. മമ്മാ ആശുപത്രിയിലെ നഴ്സാണെന്ന്. ഞാൻ ഇന്നസ്ഥലത്തെ വീട്ടിലെ ആളാണെന്ന് വന്നവരോടൊക്കെ പറഞ്ഞുകൊണ്ടേയിരുന്നു. ആരും എന്നെ രക്ഷിച്ചില്ല... എല്ലാവരും വന്ന് ഉപദ്രവിച്ചിട്ടു പോയി.

മമ്മായെയും കൊല്ലുമെന്നവർ പറഞ്ഞു. രക്ഷപ്പെട്ടു

വന്നാലും പപ്പായും മമ്മായും ഇല്ലെങ്കിൽ ഞാൻ എന്തുചെയ്യും.

*എങ്ങനെയാണ് വീട്ടിൽ മടങ്ങിയെത്തിയത്.*

ഏലപ്പാറയിൽ ജമാലിന്റെ വീട്ടിൽ കൊണ്ടുപോയി. അവിടെ എത്തിയപ്പോഴേക്ക് എനിക്ക് തീരെ വയ്യാതായിരുന്നു. ക്ഷീണവും പനിയും വേദനയും തുടങ്ങിയിട്ട് കുറേയായിരുന്നു. എനിക്ക് നിൽക്കാനും ഇരിക്കാനും കിടക്കാനും നടക്കാനുമൊന്നും വയ്യാതായി. മൂത്രം പോയിരുന്നില്ല. ഭയങ്കര വേദന. ബാക്ക് വേദനിച്ചിരുന്നു. ഞാൻ മരിച്ചു പോകുമെന്ന് തോന്നി. വീട്ടിലെത്താമെന്ന പ്രതീക്ഷ നഷ്ടപ്പെട്ടു. ഏലപ്പാറയിലെ തമിഴൻ ഡോക്ടറെയാണ് കാണിച്ചത്. ഡോക്ടറോടൊന്നും പറയരുതെന്ന് നേരത്തെ അവർ പറഞ്ഞിരുന്നു. ഡോക്ടർ പരിശോധിക്കുമ്പോൾ അവരെപ്പോഴും കൂടെനിന്നു. അപ്പോൾ വയറ്റീന്ന് പോകുന്നില്ല എന്നു മാത്രം ഞാൻ ഡോക്ടറോട് പറഞ്ഞു. എനീമ തന്നു. എന്തോ രണ്ടുമൂന്നു ഗുളികയും തന്നു. വേറെ ആശുപത്രിയിൽ കാണിക്കാൻ പറഞ്ഞു. അഡ്മിറ്റാക്കാതെ അവിടെ നിന്ന് ഡിസ്ചാർജ് വാങ്ങി എന്നെ കൊണ്ടുപോയി. അന്നു രാത്രി പോലും അവരെന്നെ ഉപദ്രവിച്ചു.... നാലുപേർ... എനിക്ക് തീരേ വയ്യായിരുന്നു. വിട്ടേക്കാമെന്നു അവർക്കും തോന്നിയിരിക്കാം. തിരിച്ചെത്താമെന്ന ഉറപ്പിലാണ് എന്നെ വിട്ടത്. കോട്ടയത്തു നിന്ന് രാത്രി മുവാറ്റുപുഴ കൊണ്ടുവന്നു. പുലർച്ചക്ക് അവിടെ നിന്നും മൂന്നാറിലേക്ക് പോന്നു. പപ്പാ ജോലിചെയ്യുന്ന പോസ്റ്റാഫീസിലെത്തി. അന്ന് ഫെബ്രുവരി 26 ആയിരുന്നു.

ഇതിലെവിടെ ചികഞ്ഞാലാണ് പെൺകുട്ടിയുടെ 'സമ്മതം' കിട്ടുക. തെരുവുകളിലെ 'അനുവാദത്തോടെയുള്ള ലൈംഗികവേഴ്ച'യെ കുട്ടി പറഞ്ഞത് 'ഉപദ്രവിച്ചു' എന്നായിരുന്നു. ഈ കൂടിക്കാഴ്ചയിൽ അവൾ ആ വാക്കുമാത്രമേ ഉപയോഗിക്കുന്നുണ്ടായിരുന്നുള്ളൂ. രക്ഷപ്പെടാൻ ശ്രമിച്ചില്ലെന്ന് വിധിച്ചവർ

അവളുടെ അമ്മയുടെ വാക്കുകൾ കൂടി ഒന്നു ശ്രദ്ധിക്കട്ടെ. 'വിസമ്മതമോ? തിരിച്ചെത്തിയപ്പോൾ എന്റെ കൊച്ചിനെ ഒന്നു കാണേണ്ടതായിരുന്നു. അത് ഞങ്ങൾ മാത്രമല്ലേ കണ്ടുള്ളൂ...'

ബഹു. കേരളഹൈക്കോടതിയിൽ വിചാരണ നടന്നകാര്യം പത്രത്തിൽ വിധി വന്നതിനു ശേഷം മാത്രമേ അറിഞ്ഞുള്ളൂ എന്ന് പെൺകുട്ടിയുടെ അച്ഛൻ പറയുന്നു. ഇതേപ്പറ്റി ചോദിച്ചു തുടങ്ങുമ്പോൾ പെൺകുട്ടിയുടെ ഭാവം പകരുന്നു.

ഹൈക്കോടതി വിധി വന്നത് മോളറിഞ്ഞുവോ?

ആ വിധി വന്ന ശേഷം ആളുകളുടെ മുഖത്തു നോക്കാൻ തീരേ പറ്റാതായി. അതിനു ശേഷം ആരും എന്റെ മുഖം കാണുന്നത് ഇഷ്ടപ്പെടുന്നില്ല. കുറേ പേർക്ക് എന്നോട് മിണ്ടാൻ പേടിയാണ്. എന്നോട് മിണ്ടരുതെന്ന് വീട്ടിൽ നിന്ന് പറഞ്ഞുവിട്ടുകാണും. ഫ്രണ്ട്സ് അധികം ഇല്ല. ഉള്ളവർ ഇപ്പോൾ എന്നോട് മിണ്ടുന്നില്ല. പള്ളീല് പോകും. ആപ്പീസിൽ പോയിത്തുടങ്ങി. ബാക്കി നേരം വീട്ടിൽ തന്നെയാണ്. എങ്ങോട്ടും പോകാനില്ല. സ്വന്തക്കാരൊക്കെ മുമ്പേ ഒറ്റപ്പെടുത്തി. ചേച്ചിക്കു കൂടി ഞാൻ ബുദ്ധിമുട്ടായി....

*കോടതി വിധിയെപ്പറ്റി എന്താണ് മോൾക്ക് പറയാനുള്ളത്?*

ബഹു.ഹൈക്കോടതി എന്നെക്കൂടി വിചാരണ ചെയ്യട്ടെ. പ്രതികൾക്ക് പറയാനുള്ളത് മാത്രമേ കോടതി കേട്ടുള്ളൂ. അവരെന്നെ കേട്ടില്ല. നാൽപത്തിയൊന്നു ദിവസം ഞാൻ സഹിച്ച വേദനകൾ ഹൈക്കോടതിയിലും ഏതു കോടതിയിലും വന്നുനിന്നു പറയാൻ ഞാൻ തയ്യാറാണ്. സ്പെഷ്യൽ കോടതിയിൽ ഞാനതൊക്കെ പറഞ്ഞതുകൊണ്ടാണ് കുറച്ചെങ്കിലും നീതികിട്ടിയത്.

പ്രതികളിൽ ചിലരെ ഞാൻ സ്പെഷ്യൽ കോടതിയിൽ വെച്ച് തിരിച്ചറിഞ്ഞില്ല. അവരൊക്കെ മുഖവും മീശയുംമറ്റും മാറ്റിയാണ് വന്നിരുന്നത്. എന്നെ ഉപദ്രവിച്ച ബാജിയുടെ പേര് പ്രതിസ്ഥാനത്ത് ചേർത്തിട്ടില്ല. ഒരു വലിയ പോലീസ് ഉദ്യോഗസ്ഥൻ അന്നു തന്നെ അയാൾക്കു വേണ്ടി പറഞ്ഞു. അയാൾ ഞാൻ പറഞ്ഞ ദിവസം കുമിളിയിൽ വരാൻ സാധ്യതയില്ലെന്ന് പോലീസ് പറഞ്ഞു.

ആ വിധി വന്ന ശേഷം ആളുകളുടെ മുഖത്തു നോക്കാൻ തീരേ പറ്റാതായി. അതിനുശേഷം ആരും എന്റെ മുഖം കാണുന്നത് ഇഷ്ടപ്പെടുന്നില്ല. കുറേ പേർക്ക് എന്നോട് മിണ്ടാൻ പേടിയാണ്. എന്നോട് മിണ്ടരുതെന്ന് വീട്ടിൽ നിന്ന് പറഞ്ഞുവിട്ടുകാണും. ഫ്രണ്ട്സ് അധികം ഇല്ല. ഉള്ളവർ ഇപ്പോൾ എന്നോട് മിണ്ടുന്നില്ല. പള്ളീല് പോകും. ആപ്പീസിൽ പോയിത്തുടങ്ങി. ബാക്കി നേരം വീട്ടിൽ തന്നെയാണ്. എങ്ങോട്ടും പോകാനില്ല. സ്വന്തക്കാരൊക്കെ മുമ്പേ ഒറ്റപ്പെടുത്തി. ചേച്ചിക്കു കൂടി ഞാൻ ബുദ്ധിമുട്ടായി....

അയാളെയൊക്കെ വെറുതെവിട്ടാൽ ഇനിയും ഈ തെറ്റ് ആവർത്തിക്കും. അയാളെപ്പോലുള്ളവർ അധികാരത്തിലെത്തിയാൽ അത് ദുരുപയോഗം ചെയ്യും. അതിന്റെ തെളിവല്ലേ ഹൈക്കോടതി വിധി?

ഈ പെൺകുട്ടിക്ക് കോടതിയുടേയും നിയമത്തിന്റേയും സാങ്കേതികതകൾ അറിയില്ല. എങ്കിലും തനിക്ക് നീതി ലഭിച്ചില്ലെന്ന് അവളറിയുന്നു.

*മുഖം ലോകത്തിനു മുമ്പാകെ കാണിക്കാൻ താത്പര്യമുണ്ടോ?*

ഇല്ല. ആരും എന്റെ മുഖം കാണുന്നത് എനിക്കിഷ്ടമല്ല.

ഞാനത് ഇഷ്ടപ്പെടുന്നില്ല. പേടിയാണ്.

*ഒരു വിവാഹജീവിതം ആഗ്രഹിക്കുന്നുവോ?*

പേടിയാണ്. എല്ലാവരുടേയും സ്വഭാവം എപ്പോഴാണ് മാറുന്നതെന്ന് പറയാൻ പറ്റില്ലല്ലോ? നാട്ടുകാർ പറയുന്നതു കേട്ട് അയാൾക്കെന്തെങ്കിലും തോന്നിയാലോ?

അതൊക്കെയോർക്കുമ്പോൾ എന്തെങ്കിലും കടുംകൈ ചെയ്യാൻ തോന്നും.

*ഒരു കുഞ്ഞുണ്ടാകുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ?*

ഇപ്പോൾ എല്ലാം പേടിയാണ്. കൊച്ചുണ്ടായാൽ നിന്റെ അമ്മ ഇങ്ങനൊക്കെയായിരുന്നവെന്ന് എല്ലാവരും അതിനോട് പറയില്ലേ? എന്റെ കുട്ടിക്കും ഇങ്ങനെ വരില്ലെന്നതിന് എന്താണൊരുറപ്പ്?

*പെൺകുട്ടികളോട് എന്തെങ്കിലും പറയാനുണ്ടോ?*

ഇത് എന്റെ മാത്രം പ്രശ്നമല്ല. എല്ലാ പെൺകുട്ടികൾക്കും സംഭവിക്കാം.

ഇവളുടെ ഈ തിരിച്ചറിവുകൾ കേരളത്തിലെ പൊതുസമൂഹത്തിന്റെ ഗുണമോ ദോഷമോ നമ്മുടെ ഭാഗ്യനിർഭാഗ്യമോ.

**(ഗീതയുടെ 'അന്യായങ്ങൾ' എന്ന പുസ്തകത്തിൽ നിന്ന്)**



# ബാറിൽ പോകുന്നവരുടെ പെണ്ണുങ്ങൾക്കും പറയാനുണ്ട്

**കെ.പി.സി.സി പ്രസിഡണ്ട് വി.എം.സുധീരന് സാറാജോസഫിന്റെ തുറന്ന കത്ത്**

*ആണുങ്ങൾക്ക് ഇരുന്നു കുടിക്കാൻ 'നക്ഷത്ര സൗകര്യം' വേണമെന്നതാണല്ലോ നിലവാരത്തെക്കുറിച്ചുള്ള നിങ്ങളുടെ ചർച്ചയുടെ പൊരുൾ. അവന്റെയൊക്കെ വീട്ടിൽ അടുപ്പു പുകയുന്നുണ്ടോ എന്ന് പറയാൻ പെണ്ണുങ്ങൾക്കേ കഴിയൂ;*

**സുഹൃത്തെ,**

പറയുന്ന കാര്യങ്ങൾ പ്രവർത്തിക്കാനുള്ളതാണെന്ന് തെളിയിച്ച് കേരളത്തിന്റെ മദ്യനയത്തിൽ താങ്കൾ എടുത്തിട്ടുള്ള വിട്ടുവീഴ്ചയില്ലാത്ത നിലപാടിന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. എന്റെ ഐക്യദാർഢ്യം അറിയിച്ചു കൊള്ളട്ടെ.

നിലവാരമില്ലാത്തതിന്റെ പേരിൽ അടച്ചുപൂട്ടിയ 418 ബാറുകൾ തുറക്കുന്നത് സംബന്ധിച്ച് നിങ്ങൾ 'ആണുങ്ങൾ' തമ്മിൽ കടുത്ത പോര് നടക്കുകയാണല്ലോ. സർക്കാരും കെ.പി.സി.സി സമിതിയും ബാറുടമകളും സാമുദായിക ശക്തികളും രാഷ്ട്രീയ നേതൃത്വങ്ങളുമൊക്കെ അതിലുണ്ട്. നിങ്ങളെല്ലാവരും കൂടി ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന 'മാരകമായ മദ്യവിപത്തിന്റെ' ഇരകളായ സ്ത്രീകളുടേയും കുട്ടികളുടേയും അഭിപ്രായം ആരായണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. കശാപ്പുകാർ കൂടിയിരുന്ന് കശാപ്പുമൃഗത്തെപ്പറ്റി ചർച്ച ചെയ്യുന്നതു പോലെയാണ് ഇപ്പോൾ നിങ്ങൾ നടത്തുന്ന ചർച്ചകൾ അനുഭവപ്പെടുന്നത്. കുടിയന്മാരെയോ അവരുടെ കുടുംബങ്ങളെയോ ബാധിക്കുന്ന ഗൗരവതരമായ പ്രശ്നങ്ങളെപ്പറ്റി നിങ്ങൾക്കൊന്നും പറയാനില്ല. ചെന്നായുടെ ഭാഗം ചെന്നായ പറയുന്നു. ആട്ടിൻ കുട്ടിയുടെ ഭാഗം പറയാൻ അതിനെ അനുവദിക്കേണ്ടത് ചുരുങ്ങിയ പക്ഷം ജനാധിപത്യമര്യാദയെങ്കിലുമാണ്.

ആണുങ്ങൾക്ക് ഇരുന്നു കുടിക്കാൻ 'നക്ഷത്രസൗകര്യം' വേണമെന്നതാണല്ലോ നിലവാരത്തെക്കുറിച്ചുള്ള നിങ്ങളുടെ ചർച്ചയുടെ പൊരുൾ. അവന്റെയൊക്കെ വീട്ടിൽ അടുപ്പു പുകയുന്നുണ്ടോ എന്ന് പറയാൻ പെണ്ണുങ്ങൾക്കേ കഴിയൂ; മക്കൾ കഞ്ഞിവെള്ളം കുടിച്ചിട്ടാണോ തന്തമാർ നക്ഷത്ര സൗകര്യത്തിലിരുന്ന് വിഷം മോന്തുന്നതെന്നും. നിലവാരം കൂടുന്തോറും കുടി കൂടും. കുടി കൂടുന്തോറും വരുമാനം കൂടും. സ്ത്രീകളേയും കുട്ടികളേയും കൂടി അങ്ങോട്ടാകർഷിച്ചടുപ്പിക്കാൻ കഴിയും. സർക്കാരിന് റവന്യൂവരുമാനം ഉണ്ടാക്കാനും ബാർ മുതലാളിക്ക് കൊള്ളലാഭം ഉണ്ടാക്കാനും രാഷ്ട്രീയനേതാക്കന്മാർക്ക് അഴിമതി നടത്താനുമുള്ള അവസരത്തിനുവേണ്ടിയല്ലേ ആണുങ്ങൾ തമ്മിൽ നടക്കുന്ന ഈ കടിപിടി?

ഇതൊരു ജനാധിപത്യരാജ്യമാണ് എന്നാൽ, അതിന്റെ പകുതിയിലേറെ വരുന്ന സ്ത്രീകളും കുട്ടികളും അഭിപ്രായസ്വാതന്ത്ര്യം ഇല്ലാത്തവരും തീരുമാനമെടുക്ക

ലുകളിൽ പങ്കില്ലാത്തവരുമാണ്. ഇവിടെ ജനാധിപത്യമല്ല നില നിൽക്കുന്നത്, ജനദ്രോഹികളുടെ ആധിപത്യമാണ്. ഒരു പ്രദേശത്ത് ബാറിന് ലൈസൻസ് കൊടുക്കുമ്പോൾ ജനങ്ങളുടെ അഭിപ്രായമാണ് പ്രഥമവും പ്രധാനവുമായി കണക്കിലെടുക്കേണ്ടത്. ജനങ്ങൾ സമ്മതിക്കാൻ ഇടയില്ല എന്ന് അറിയാവുന്നതുകൊണ്ട് ഇരുചെവിയറിയാതെയാണ് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും രാഷ്ട്രീയനേതാക്കളും ചേർന്ന് രഹസ്യമായി അനുവാദം കൊടുക്കുന്നത്.

അടച്ചിട്ട 418 ബാറുകൾ തുറക്കണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അധികാരം ജനങ്ങൾക്ക് വിട്ടുകൊടുക്കാൻ നിങ്ങൾ തയ്യാറാണോ? ജനങ്ങൾ പാർട്ടിക്കാരും സമുദായക്കാരും ജാതിക്കാരും രാഷ്ട്രീയക്കാരുമൊക്കെയാണെന്ന് അറിയാതെയല്ല ഞാൻ ഈ നിർദ്ദേശം മുന്നോട്ട് വെക്കുന്നത്. എല്ലാവരെക്കൊണ്ടും 'ബാറ് വേണം' എന്നെഴുതി ഒപ്പിടുവിച്ച് രായ്ക്ക്രാമാനം ഹാജരാക്കാനുള്ള മസിൽപവറും മണിപവറും കയ്യിലുള്ള മിടുക്കന്മാരാണ് ആണുങ്ങൾ എന്നറിയാഞ്ഞിട്ടുമല്ല. അത്ര 'മിടുക്കി' കളല്ലാത്ത ഇവിടുത്തെ സ്ത്രീകളും അവരുടെ നിസ്സഹായരായ കുഞ്ഞുങ്ങളും പക്ഷേ, മേൽപറഞ്ഞ 418 ബാറുകളും ഒരിക്കലും തുറക്കരുതെന്ന് ശക്തമായി അഭിപ്രായപ്പെടുന്നവരായിരിക്കും. നീതി ബോധമുള്ള, സമാധാനപ്രിയരായ ഒട്ടേറെ പൊതുജനങ്ങളും അവരുടെ പക്ഷത്തു ചേർന്നു നിൽക്കും. ഈ ബഹുഭൂരിപക്ഷത്തിന്റെ അഭിപ്രായമാണ് സ്വീകാര്യമാവേണ്ടതെന്ന് പറയാൻ ഒറ്റപ്പെട്ടു നിൽക്കുന്ന താങ്കൾക്കു മാത്രമേ ധൈര്യമുണ്ടാവുകയുള്ളൂ, വിവേകമുണ്ടാകുകയുള്ളൂ. സർക്കാറോ ബാറുടമകളോ രാഷ്ട്രീയനേതാക്കളോ ജാതിസമുദായ ശക്തികളോ അല്ല, ജനങ്ങളാണ് തീരുമാനിക്കേണ്ടത് മേൽപറഞ്ഞ 418 ബാറുകളുടെ കാര്യം.

കുട്ടികൾ അനുഭവിക്കുന്ന പീഡനങ്ങൾ, ശാരീരികവും മാനസികവുമായ അരക്ഷിതാവസ്ഥ; ഇതൊക്കെ ഒരു തലമുറയെ എങ്ങോട്ട് നയിക്കുമെന്നാണ് 'നേതാക്കന്മാർ' വിലയിരുത്തുന്നത്! ലോകരാഷ്ട്രങ്ങൾക്കു മുന്നിൽ തലയുയർത്തി നിൽക്കാനാവാത്ത വിധത്തിൽ തന്തമാർ കുഞ്ഞുപെൺമക്കളെ ലൈംഗിക പീഡനങ്ങൾക്കിരയാക്കുന്ന 'ദൈവത്തിന്റെ സ്വന്തം നാട്' സൃഷ്ടിച്ചതിൽ കുത്തഴിഞ്ഞ നിങ്ങളുടെ മദ്യവിൽപ്പനക്കുള്ള പങ്ക് നിങ്ങൾക്കെങ്ങനെ നിഷേധിക്കാൻ കഴിയും. അതിന് നൂറു വഴികൾ നിങ്ങൾ കണ്ടെത്തും, പക്ഷേ, വിശ്വസിപ്പിക്കാനാവില്ല. കുട്ടികളുടെ അഭിപ്രായ സർവ്വേ നടത്തുന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടാവില്ല.

'വീര്യം കുറഞ്ഞ മദ്യം വിൽക്കാൻ' പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ നിങ്ങളൊക്കെ ലക്ഷ്യം വെക്കുന്നത് കുട്ടികളെയാണല്ലോ. ഇപ്പോൾ തന്നെ സർവ്വസുലഭമായി മദ്യം വിറ്റഴിക്കുന്ന നിങ്ങളുടെ വിൽപന ശാലകളിലേക്ക് സ്കൂൾകുട്ടികൾ



ആകർഷിക്കപ്പെട്ടു കഴിഞ്ഞിട്ടുമുണ്ട്. സർക്കാരിന് തെറ്റല്ലാത്ത കാര്യം കുട്ടികളെങ്ങനെ തെറ്റായിട്ടെടുക്കും?

അതേ സമയം, സ്ത്രീകളുടേയും കുട്ടികളുടേയും മുൻകൈയിൽ നടന്നിട്ടുള്ള വലിയ പ്രതിരോധങ്ങളിലൂടെയാണ് 'അഴിമാവ്' തുടങ്ങി 'കോടന്നൂർ' വരെയുള്ള മദ്യഷാപ്പ് വിരുദ്ധസമരങ്ങൾ വിജയിക്കുകയും ബാറുകൾ പൂട്ടിപ്പോവുകയും ചെയ്തിട്ടുള്ളത് എന്ന ചരിത്രയാഥാർത്ഥ്യവും എന്റെ മുന്നിലുണ്ട്. അവരുടെ പ്രതിരോധങ്ങൾ അവരുടെ കണ്ണീരിൽ നിന്നും ദുരിതങ്ങളിൽ നിന്നും ഉണ്ടായതാണ്; നക്ഷത്രസൗകര്യങ്ങളിൽ നിന്നല്ല. മദ്യലോബികൾക്കുവേണ്ടി വാദിക്കുന്നവർക്കിടയിൽ ഇപ്പാൾ ഒറ്റപ്പെട്ടുനില്ക്കുന്ന താങ്കളുടെ ഐക്യദാർഢ്യം സ്ത്രീകളോടും കുട്ടികളോടും നീതിക്കുവേണ്ടി നിലകൊള്ളുന്ന മുഴുവൻ പൊതുജനങ്ങളോടുമാണ് എന്ന് താങ്കൾ കെ.പി.സി.സി പ്രസിഡണ്ടാകുന്നതിനുമുമ്പും മനസ്സിലാക്കിയിട്ടുള്ള ഒരാളാണ് ഞാൻ. അത് ഒരൊത്തുതീർപ്പിലേക്ക് ബലികഴിക്കേണ്ടി

വന്നാൽ ഏറ്റവും വേദനിക്കുന്ന ഒരാളുമായിരിക്കും.

തോൽക്കുന്ന യുദ്ധത്തിലെ പടയാളികൾ എന്ന നിലക്കുതന്നെ സ്ത്രീകളുടെ ഭാഗത്തുനിന്ന് ചില നിർദ്ദേശങ്ങൾ വെക്കുകയാണ്.

1) സ്കൂളുകളും കോളേജുകളും ഓഫീസുകളും മറ്റുതൊഴിൽ കേന്ദ്രങ്ങളും ആരാധനാലയങ്ങളും പ്രവർത്തിക്കുന്ന പകൽസമയത്ത് മദ്യവിൽപന പാടില്ല.

2) പൊതുസ്ഥലത്ത് പുകവലി നിയമം മൂലം നിരോധിച്ചിട്ടുണ്ട്. പൊതുസ്ഥലത്ത് മദ്യപിച്ച് പ്രത്യക്ഷപ്പെടുന്നത് ശിക്ഷാർഹമാക്കണം. സ്കൂളുകൾ, കോളേജുകൾ, ഓഫീസുകൾ, ആശുപത്രികൾ, പൊതുവാഹനങ്ങൾ എന്നിങ്ങനെയുള്ള പൊതുസ്ഥലങ്ങളിൽ മദ്യപിച്ചെത്തിയാൽ അറസ്റ്റു ചെയ്തു ശിക്ഷിക്കാനുള്ള നിയമം ഉണ്ടാക്കണം.

3) പഞ്ചായത്തീരാജ് – നഗരപാലിക വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം മദ്യഷാപ്പുകൾക്കും ബാറുകൾക്കും ലൈസൻസ് അനുവദിക്കുന്ന കാര്യത്തിൽ പഞ്ചായത്തുകൾക്കുണ്ടായിരുന്ന അധികാരം പൂർണ്ണമായും പഞ്ചായത്തുകൾക്ക് തിരിച്ചേൽപ്പിക്കുക. ഇപ്പോൾ ഭാഗികമായി പ്രവർത്തിക്കുന്നുവെങ്കിലും പൂർണ്ണമായും ആ അധികാരം പഞ്ചായത്തുകൾക്കല്ല ഇപ്പോഴുള്ളത്. പഞ്ചായത്തുകൾ ഗ്രാമസഭകളുടെ തീരുമാനപ്രകാരം മാത്രമേ ലൈസൻസിന് അനുവാദം നൽകാൻ പാടുള്ളൂ. ഗ്രാമസഭകളിൽ മുഴുവൻ അംഗങ്ങളുടേയും പ്രാതിനിധ്യം ഉറപ്പുവരുത്തുകയും വേണം എന്ന് നിയമമുണ്ടാക്കുക.

4.) നിലവിലുള്ള ബാറുകളും മദ്യഷാപ്പുകളും അടച്ചുപൂട്ടണമെന്നാണ് ജനങ്ങളുടെ ഭൂരിപക്ഷാഭിപ്രായമെങ്കിൽ അത് നടപ്പാക്കാൻ നിയമഭേദഗതി വരുത്തുകയോ നിയമങ്ങളുണ്ടാക്കുകയോ ചെയ്യാനുള്ള അധികാരം ഗ്രാമസഭകൾ, മുൻസിപ്പാലിറ്റി-കോർപ്പറേഷൻ വാർഡ് സഭകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ആർട്സ്&സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ തുടങ്ങി ജനകീയാഭിപ്രായം രൂപവത്കരിക്കാൻ കഴിയുന്ന യൂണിറ്റുകൾക്ക് നൽകാൻ നിയമമുണ്ടാക്കുക.

5) തർക്കത്തിലുള്ള ‘നിലവാര’മില്ലാത്ത 418 ബാറുകൾക്ക് ലൈസൻസ് പുതുക്കി നൽകേണ്ട



തുണ്ടോ എന്ന് തീരുമാനിക്കാനുള്ള അധികാരം ഗ്രാമസഭകൾക്കും വാർഡ്സഭകൾക്കും റസിഡന്റ് അസോസിയേഷനുകൾക്കും ക്ലബ്ബുകൾക്കും വായനശാലകൾക്കും വിട്ടുകൊടുക്കുക. കുട്ടികളുടെ അഭിപ്രായങ്ങൾക്ക് മുഖ്യപ്രാധാന്യം നൽകുക.

6) ഇപ്പോൾ വർണ്ണശബളമായി പുറത്തിറങ്ങുന്ന എല്ലാ മദ്യക്കുപ്പികളിലും ‘മരണചിഹ്നങ്ങൾ’ അടയാളപ്പെടുത്തുക.

7) പാവപ്പെട്ടവർ വാങ്ങി കുടിച്ചുകൊണ്ടിരിക്കുന്ന വിലകുറഞ്ഞ ബ്രാൻഡ് മദ്യം ആര്, എവിടെ ഉത്പാദിപ്പിക്കുന്നതാണെന്നും അതിലെ ചേരുവകൾ എന്തെന്നും വെളിപ്പെടുത്തുക.

8) ബാറുടമകൾക്ക് വേണ്ടി ജുഡീഷ്യറിയെ സ്വാധീനിക്കാൻ കഴിയുമെന്ന സാഹചര്യം സൃഷ്ടിക്കപ്പെടാതിരിക്കാൻ താങ്കളുടെ ഉറച്ച നിലപാടുകളിലൂടെ സമൂഹത്തെ ബോധ്യപ്പെടുത്തുക.

9) മദ്യം പൂർണ്ണമായി ഇല്ലാതാക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്ന ആളല്ല ഞാൻ. പക്ഷേ, അതിന്റെ ഉത്പാദനത്തിനും വിതരണത്തിനും പരിധി വേണം എടുത്ത നിലപാടിൽ നിന്ന് സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം പിൻവാങ്ങേണ്ട അവസ്ഥ സുധീരനു വന്നുപെട്ടാൽ കേരളത്തിന് ചരിത്രപരമായ നഷ്ടമാവും അത്. അത്തരമൊരു അവസ്ഥ വരുന്നതിൽ അങ്ങേയറ്റം ഖേദമുണ്ട്. ●

കടപ്പാട് : മാധ്യമം ദിനപത്രം, 2014 മെയ് 1

> *തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയെന്ന നിലയിൽ കോർപ്പറേഷൻ കൗൺസിലർ, എം.എൽ.എ, എം.പി തുടങ്ങിയവർക്ക് നേരിട്ട ദയനീയ പരാജയങ്ങൾ മൂലം ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങളൊന്നും പരിഹരിക്കപ്പെട്ടില്ലെന്നതിനാൽ തന്നെയാണ് ഈ ആവേശകരമായ പ്രതികരണം ഉണ്ടാകാൻ കാരണം*

# മേധാപട്കറുടെ തെരഞ്ഞെടുപ്പു പ്രചരണപ്രവർത്തനത്തെക്കുറിച്ച് ഒരു പത്രക്കുറിപ്പ്

(24-04-2014)



**ജനങ്ങളുടെ** അഭൂതപൂർവമായ പിന്തുണയോടെ പ്രചരണപ്രവർത്തനങ്ങൾ സമാപിച്ചു. മോദിരാഷ്ടീയത്തെ വെല്ലുവിളിച്ചും എൻസിപിയുടെ അഴിമതിരാഷ്ട്രീയത്തെ തുറന്നുകാട്ടിയും മുന്നേറുന്നു. 16ാം ലോകസഭാതെരഞ്ഞെടുപ്പിനുള്ള പരസ്യപ്രചരണം ഇന്നവസാനിച്ചപ്പോൾ ജനങ്ങളിൽ നിന്നും ആവേശകരമായ പ്രതികരണത്തിനാണ് സാക്ഷ്യം വഹിച്ചത്. വടക്ക്-കിഴക്ക് മുംബൈ മണ്ഡലത്തിൽപ്പെട്ട വ്യത്യസ്തവിഭാഗം ജനങ്ങൾ പിന്തുണക്കാനെത്തി. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയെന്ന നിലയിൽ കോർപ്പറേഷൻ കൗൺസിലർ, എം.എൽ.എ, എം.പി തുടങ്ങിയവർക്ക് നേരിട്ട ദയനീയപരാജയങ്ങൾ മൂലം ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങളൊന്നും പരിഹരിക്കപ്പെട്ടില്ലെന്നതിനാൽ തന്നെയാണ് ഈ ആവേശകരമായ പ്രതികരണം ഉണ്ടാകാൻ കാരണം. നടപ്പിലാക്കുന്ന പദ്ധതികളിൽ ഉണ്ടാകുന്ന അടിസ്ഥാന അഴിമതികളെ തടയാൻഒരു ചെറുവിരൽ പോലും അനക്കിയില്ല. അടിസ്ഥാനജീവിത സൗകര്യങ്ങൾ വിശേഷിച്ചും ഭവനങ്ങൾ ഒരുക്കുന്നതിന് യാതൊരുവിധ നടപടികളും നയങ്ങളും ഉണ്ടായില്ല. ഇത്തരം വിഷയങ്ങൾ ഇതിനുമുമ്പ് പലപ്പോഴും ഉയർത്തിയവരാണ് ഞങ്ങളെന്നതിനാലാണ്

ഞങ്ങൾക്കനുകൂലമായി ജനങ്ങൾ പ്രതികരിച്ചതും ഞങ്ങളിൽ വിശ്വാസം പ്രകടിപ്പിച്ചതും.

എന്റെ 40 വർഷത്തെ പൊതുപ്രവർത്തനത്തിൽ 17 വർഷവും ഞാൻ ഉണ്ടായിരുന്നത് മുംബൈയിലാണ് എന്നതിനാൽ നിയോജകമണ്ഡലത്തിലെ പ്രശ്നങ്ങളുടെ അകവും പുറവും എനിക്കെളുപ്പം മനസ്സിലാക്കാനായിട്ടുണ്ട്. ജനങ്ങളുടെ പ്രശ്നങ്ങൾ കൂടുതൽ ശക്തിയോടെ ഉന്നയിക്കാൻ കഴിയുമെന്നതിനാലും അതിനായി ജനങ്ങളുടെ അധികാരത്തിലെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ കഴിയുമെന്നതിനാലും ഈ തെരഞ്ഞെടുപ്പ് ഏറെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് തന്നെ ആംആദ്മി ദേശീയതലത്തിലും മുംബൈതലത്തിലും നൽകിയിരിക്കുന്ന പ്രകടനപത്രികകളിലെ എല്ലാ വാഗ്ദാനങ്ങളും നടപ്പിലാക്കുമെന്ന് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. ഇതിനു പുറമെ വടക്കുകിഴക്കൻ മുംബൈയിലെ വിഷയങ്ങൾ അധികരിച്ച് നൽകിയിരിക്കുന്ന വാഗ്ദാനങ്ങൾ പാലിക്കാൻ എല്ലാ ശ്രമങ്ങളും നടത്തുന്നതുമാണ്. ഞങ്ങളുടെ ശ്രമങ്ങൾ എല്ലായ്പ്പോഴും സുതാര്യവും ജനപങ്കാളിത്തത്തോട് കൂടിയതും ജനങ്ങളോട് ബാധ്യതപ്പെട്ടതുമായിരിക്കുമെന്ന് ആവർത്തിച്ച് പ്രഖ്യാപിക്കുന്നു. ഈ പ്രഖ്യാപനങ്ങൾ ജാതി-മത-വംശ-വർണ്ണ വ്യത്യാസങ്ങൾക്കും രാഷ്ട്രീയപ്രത്യയശാസ്ത്രങ്ങൾക്കുമപ്പുറം ജനങ്ങളെ ഐക്യപ്പെടുത്തിക്കൊണ്ടായിരിക്കും നിർവ്വഹിക്കുക എന്നും ഉറപ്പുനൽകുന്നു. അതുകൊണ്ട് തന്നെ നമ്മുടെ ഭരണകൂടവ്യവസ്ഥയിൽ മാറ്റം കൊണ്ടുവരുന്നതിനും നമ്മുടെ നഗരത്തെ അഴിമതി വിമുക്തമാക്കുന്നതിനും എല്ലാ സമ്മതിദായകരോടും അവരുടെ ശക്തിയും സന്നദ്ധതയും പിന്തുണയായി ഞങ്ങൾക്കു നൽകണമെന്ന് അഭ്യർത്ഥിക്കുന്നു മുഴുവൻ ജനങ്ങളുടെ പങ്കാളിത്തത്തോടും വിദഗ്ധരിൽ നിന്നുള്ള ഉപദേശങ്ങളോടും കൂടിയാണ് ഈ പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നത്.

എന്റെ 40 വർഷത്തെ പൊതുപ്രവർത്തനത്തിൽ 17 വർഷവും ഞാൻ ഉണ്ടായിരുന്നത് മുംബൈയിലാണ് എന്നതിനാൽ നിയോജകമണ്ഡലത്തിലെ പ്രശ്നങ്ങളുടെ അകവും പുറവും എനിക്കെളുപ്പം മനസ്സിലാക്കാനായിട്ടുണ്ട്. ജനങ്ങളുടെ പ്രശ്നങ്ങൾ കൂടുതൽ ശക്തിയോടെ ഉന്നയിക്കാൻ കഴിയുമെന്നതിനാലും അതിനായി ജനങ്ങളുടെ അധികാരത്തിലെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ കഴിയുമെന്നതിനാലും ഈ തെരഞ്ഞെടുപ്പ് ഏറെ പ്രധാനപ്പെട്ടതാണ്.

മോദിയുടെ വെല്ലുവിളി ഇന്ത്യൻ മതേതരത്വ ഘടനയോട് മാത്രമല്ല, ദളിതരോടും ആദിവാസികളോടും മറ്റ് അടിച്ചമർത്തപ്പെട്ടവരോടുമാണ്. ഇന്നലെ മുംബൈയിൽ നടത്തിയ പ്രസംഗത്തിൽ മോദി പറഞ്ഞു, 'സർദാർസരോവർ അണക്കെട്ടും നർമ്മദപദ്ധതിയും നടപ്പിലാക്കാനായാൽ 400 കോടി രൂപയുടെ വൈദ്യുതി മുംബൈയ്ക്ക് നൽകും' എന്ന്. മഹാരാഷ്ട്രയിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയാണ് ഈ തെരഞ്ഞെടുപ്പ് കാലത്ത് മോദി രണ്ടാംവട്ടവും ഇത്തരം പച്ചനുണ പറയുന്നത്. ഇതിനകം തന്നെ മഹാരാഷ്ട്രക്ക് വൻതുക നഷ്ടമായി കഴിഞ്ഞിട്ടുണ്ട്. സർദാർ സരോവർ അണക്കെട്ടിന്റെ നിർമ്മാണം മൂലം മഹാരാഷ്ട്രയിലെ 33 ആദിവാസി വനഗ്രാമങ്ങൾ മുങ്ങിപ്പോയി. ഇനിയും 9500 ഹെക്ടർ കൃഷിഭൂമിയും അതിന്റെ കൂടെയുള്ള വനഭൂമികളും നഷ്ടമാകും. പദ്ധതിയിൽ നിന്നും 27 ശതമാനം ലഭിക്കുന്നതിനായി മഹാരാഷ്ട്ര 3000 കോടി രൂപ നൽകുകയും വേണം.

(ഓരോ സംസ്ഥാനത്തിനും ലഭിക്കുന്ന വൈദ്യുതിക്ക് ആനുപാതികമായ മൂലധനം അവർ നൽകണമെന്ന വ്യവസ്ഥയനുസരിച്ചാണിത്).

ഇതെല്ലാം വച്ചുകൊണ്ട് "സൗജന്യമായി മഹാരാഷ്ട്രക്കു വൈദ്യുതി നൽകും" എന്നു മോഡി പറയുന്നത് അസത്യമാണ്.

അസത്യങ്ങളും അർദ്ധസത്യങ്ങളും വളച്ചൊടിക്കപ്പെട്ട വസ്തുതകളും ഉപയോഗിച്ച് (മോദി) നടത്തുന്ന പ്രചരണം വഴി ഇന്ത്യയുടെ മതേതരഘടന തകർക്കുകയാണ്. വിശ്വഹിന്ദുപരിഷത്ത് അദ്ധ്യക്ഷൻ പ്രവീൺ തൊഗാഡിയ നടത്തിയ വർഗ്ഗീയ വിഷപ്രഖ്യാപനം "ഹിന്ദു പ്രദേശങ്ങളിൽ നിന്നും മുസ്ലിംങ്ങളെ പുറത്താക്കുക" എന്നത് മോദി ഇതുവരെ തള്ളിപ്പറഞ്ഞിട്ടില്ല. ദളിതരോടും സാമൂഹ്യമായി പാർശ്വവത്കരിക്കപ്പെട്ടവരോടുമുള്ള മോദിയുടെ സമീപനവും വ്യത്യസ്തമല്ല. കുറച്ചുനാളുകൾക്ക് മുമ്പ് തന്നെ 'സാമാജിക് സമ്രസത്ത്' എന്ന ഗ്രന്ഥം പ്രകാശിപ്പിക്കുന്ന ചടങ്ങിൽ വെച്ച് മോദി പറഞ്ഞു. "ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെപ്പോലെയാണ് ദളിതുകൾ" എന്ന്. എന്തൊരു വിരോ

ധാഭാസം! ദളിതരേയും സാമൂഹ്യമായി പാർശ്വവത്കരിക്കപ്പെട്ടവരേയും ബഹുമാനിക്കാത്ത ഒരു വ്യക്തിയാണ് 'സാമാജിക് സമ്രസത്ത' (സാമൂഹ്യസമത്വം) എന്ന ഗ്രന്ഥം എഴുതുന്നത്. കഴിഞ്ഞ വർഷം ഗുജറാത്ത് ഹൈക്കോടതി സംസ്ഥാനസർക്കാരിനോട് ആവശ്യപ്പെട്ടു, കേന്ദ്രനിയമമായ പട്ടികവർഗ്ഗ-പരമ്പരാഗത-വനവാസി അവകാശനിയമം -2006 നിർബന്ധമായും നടപ്പിലാക്കണമെന്ന്. ഒരു സന്നദ്ധസംഘടന നൽകിയ പൊതുതാത്പര്യഹർജിയിലാണ് പ്രസ്തുതവിധി ഉണ്ടായത്. പട്ടികവർഗ്ഗക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള പ്രസ്തുത നിയമം സംസ്ഥാന സർക്കാർ ലംഘിക്കുന്നുവെന്നും അർഹരായ ഒരു ലക്ഷത്തിലധികം പേരുടെ അപേക്ഷകൾ സർക്കാർ തള്ളിയെന്നും പരാതിപ്പെട്ടുകൊണ്ടാണ് ഇവർ ഹരജി സമർപ്പിച്ചത്.

മതേതരത്വത്തിന്റേയും സഹനത്തിന്റേയും പരസ്പരബഹുമാനത്തിന്റേയും അടിത്തറയുള്ള നമ്മുടെ രാജ്യത്തിനെ നയിക്കാൻ വരുന്ന മോദി, ദളിത് വിരുദ്ധതയും ദരിദ്ര വിരുദ്ധതയും ആദിവാസി-ന്യൂനപക്ഷവിരുദ്ധതയും തെളിയിച്ച ഭരണാധികാരിയാണെന്നുള്ള സത്യം മറച്ചുപിടിച്ചുകൊണ്ട് വൻതോതിൽ പണമിറക്കി വൻപ്രചരണങ്ങൾ നടത്തുന്നതിന്റെ ബലത്തിൽ രാജ്യഭരണം പിടിക്കാൻ വരുന്നു. ദളിതർക്കും സ്വന്തം അഭിമാനവും സ്വത്വവും നഷ്ടപ്പെട്ടവർക്കും അടിസ്ഥാനാവകാശങ്ങൾ നേടാൻ പോരാടുന്നവർക്കു ഒപ്പം ഡോ.ബാബസാഹിബ് അംബേദ്കർ വിഭാവനം ചെയ്ത ഭരണഘടനയിലെ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി ഞങ്ങൾ എന്നും നിലകൊള്ളുന്നതാണ്. ഭരണഘടന വിഭാവനം ചെയ്യുന്ന ഗുണകരമായ വിവേചനവും സംവരണവും നിലനിർത്താൻ ഇവർ ഐക്യത്തോടെ നിലകൊള്ളേണ്ടതുണ്ട്.

മോദി ഇത്രയും ചെയ്യുമ്പോൾ എൻ.സി.പി (നാഷണലിസ്റ്റ് കോൺഗ്രസ്സ്) പിന്നിലാകുന്നത് എങ്ങനെ? അനേകായിരം കോടികളുടെ പവർകുംഭകോണങ്ങൾ നടത്തുന്ന എൻ.സി.പി.യെ ഞങ്ങൾ വെല്ലുവിളിക്കുന്നു. ജലസേചന കുംഭകോണം, ഹോസികുർദ് കനാൽ കുംഭകോണം, പഞ്ചസാരഫാക്ടറി കുംഭകോണം, തുടങ്ങി എം.പിമാരുടെ പ്രാദേശിക വികസന തട്ടിപ്പുകൾ വരെ നീളുന്നതാണ് ഇവരുടെ അഴിമതി പരമ്പരകൾ. മഹാരാഷ്ട്ര ഭവനവികസന അഥോറിറ്റിയുടെ പൊതുഭൂമി വിതരണം, ചേരി നിവാസികളുടെ പുനരധിവാസം, മറ്റു പശ്ചാത്തല സൗകര്യപദ്ധതികൾ, മുതലായവയിലെ അഴിമതികളെപ്പറ്റി ഒരക്ഷരം മിണ്ടാൻ ഇവർക്കാവില്ലെന്നതിനാൽ തന്നെ തെരഞ്ഞെടുപ്പിന്റെ പ്രയോജനമെന്ത്?

അഴിമതി, ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ ഒന്നും ചെയ്യാതിരിക്കൽ, പ്രശ്നങ്ങൾ നേരിടുന്ന ഘട്ടങ്ങളിൽ അവരെ സഹായിക്കാൻ ഒരിക്കലും വന്നുചേരാതിരിക്കൽ മുതലായവയിൽ നിന്നും എൻ.സി.പി സ്ഥാനാർത്ഥിക്ക് രക്ഷനേടാനായില്ല.

തെരഞ്ഞെടുപ്പിന് ശേഷം ഈ പറഞ്ഞ എല്ലാ അഴിമതികളെക്കുറിച്ചും ഞങ്ങൾ സമഗ്രമായി അന്വേഷിക്കും. നിയോജകമണ്ഡലത്തിലെ എല്ലാവോട്ടർമാരോടും തെരഞ്ഞെടുപ്പിന്റെ ദിവസം രാവിലെ എത്തി ജനാധിപത്യത്തിലെ പ്രധാന കടമ നിർവ്വഹിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സമ്മതിദാനാവകാശം സത്യസന്ധതക്കും ഉത്തരവാദിത്തബോധത്തിനും സദ്ഭരണത്തിനും അഴിമതിക്കെതിരായും വർഗ്ഗീയതക്കെതിരായും അനീതിക്കെതിരായും ഉള്ള പോരാട്ടത്തിനും വേണ്ടി വിനിയോഗിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ●

**മോദിയുടെ വെല്ലുവിളി ഇന്ത്യൻ മതേതരത്വഘടനയോട് മാത്രമല്ല, ദളിതരോടും ആദിവാസികളോടും മറ്റ് അടിച്ചമർത്തപ്പെട്ടവരോടുമാണ്. ഇന്നലെ മുംബൈയിൽ നടത്തിയ പ്രസംഗത്തിൽ മോദി പറഞ്ഞു, 'സർദാർസരോവർ അണക്കെട്ടും നർമ്മദ പദ്ധതിയും നടപ്പിലാക്കാനായാൽ 400 കോടി രൂപയുടെ വൈദ്യുതി മുംബൈയ്ക്ക് നൽകും' എന്ന്.**



# ഷീ, ദ പീപ്പ്ൾ

**പാമേല ഫിലിപ്പോസ്**
എഡിറ്റർ ഇൻ ചീഫ്, വിമെൻസ് ഫീച്ചർ സർവ്വീസ്.
**വിവ: ഗാർഗി. എച്ച്**




**ഇന്ത്യൻ** പാർലിമെന്ററി ജനാധിപത്യത്തിന്റെ ഹൃദയത്തിൽ ഒരു വായാടി തത്തയുണ്ട്. അതിന്റെ ഉറക്കെയുള്ള പരിഹാസക്കഥകൾ എളുപ്പം കേൾക്കാവുന്ന ആൺശ്രുതികൾ നിറഞ്ഞ ഹൈവോൾട്ടേജിലുള്ള തിരഞ്ഞെടുപ്പുകാല ആവർത്തനങ്ങളിൽ മുങ്ങിപ്പോവുന്നു. എങ്കിലും തത്ത ചോദിക്കുന്നു: ഏറ്റവും സ്ത്രീ വിരുദ്ധവും ദുരുദ്ദേശ പരവുമായ ഭാഷയിലാണോ ജെന്റർ സമത്വത്തെ പറ്റിയുള്ള രാഷ്ട്രീയ വാദങ്ങൾ ഉന്നയിക്കപ്പെടേണ്ടത്? സ്ത്രീ വോട്ടർമാരുടെ എണ്ണം വർദ്ധിക്കുമ്പോഴും സ്ത്രീ സ്ഥാനാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നത് എന്തുതരം ജനാധിപത്യത്തിലാണ്?

2014 ലെ തിരഞ്ഞെടുപ്പ് ഘട്ടംഘട്ടങ്ങളായി ചുരുളഴിയുമ്പോൾ പല കാഴ്ചകളും നമ്മെ കഴിഞ്ഞു പോയ തിരഞ്ഞെടുപ്പുകളെ ഓർമ്മിപ്പിക്കുന്നു. ഇത്തവണയും സ്ത്രീകൾക്ക് അർഹതയനുസരിച്ചുള്ള സീറ്റു വിഭജനം ഉണ്ടായില്ല. തിരഞ്ഞെടുപ്പ് ആൾക്കൂട്ടങ്ങളിലും പാർട്ടി യോഗങ്ങളിലും സ്ത്രീ സ്ഥാനാർത്ഥികളോട് പഴയപോലെതന്നെ ലൈംഗിക അതിശയോക്തി കലർന്ന പെരുമാറ്റം. 'ഗ്ലാമർ' ഉള്ളവരെന്നു കരുതപ്പെടുന്നവരായതു കൊണ്ടുമാത്രം ലിസ്റ്റിൽ പേര് വന്ന അനേകം സ്ത്രീകൾ. ഇതൊന്നും കൂടാതെ, ബലാത്സംഗമടക്കം പലതരം കുറ്റകൃത്യങ്ങളിലും പങ്കാളികളായ അനേകം സ്ഥാനാർത്ഥികളെ നിർത്തുന്ന ആ പഴയ പ്രതിഭാസത്തിന്റെയും തനിയാവർത്തനം.

ഇന്ത്യയുടെ തിരഞ്ഞെടുപ്പ് ചരിത്രത്തിൽ 2014 ന്റെ ഒരു പ്രധാന വ്യത്യാസം (ഡൽഹിയിൽ നടന്ന കൂട്ട ബലാത്സംഗത്തിനോട് ഉണ്ടായ അസാമാന്യമായ പ്രതികരണത്തോട് കടപ്പെട്ട്) തിരഞ്ഞെടുപ്പ് സംസാരത്തിൽ പ്രധാന വിഷയമായി സ്ത്രീകൾ മാറി എന്നുള്ളതാണ്. എന്നാൽ എന്തുകൊണ്ടാണ് നമ്മൾ ഇത്രയും നാൾ കാത്തിരുന്ന, നമ്മളെ ഒരുപക്ഷെ ആവേശഭരിതരാക്കേണ്ടിയിരുന്ന ഈ പുരോഗതി വായിൽ ചാരം രുചിക്കുന്നപോലെ തോന്നുന്നത്?

സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളെ കുറിച്ചുള്ള ഈ നൂൽ നെയ്തുവരുന്ന രീതിയിൽത്തതന്നെയുണ്ട് അവസരവാദം. ഇന്ത്യ എന്തുകൊണ്ടാണ് സ്ത്രീകൾക്ക് ഏറ്റവും പ്രതികൂലമായ ഒരു സമൂഹം എന്ന് വിളിക്കപ്പെടുന്നത് എന്നറിയാൻ ബലാത്സംഗം എന്ന വിഷയത്തെക്കുറിച്ച് തന്നെയുള്ള പറച്ചിലുകളിൽ കണ്ടു വരുന്ന അസാമാന്യമായ വ്യതിയാനങ്ങൾ നോക്കിയാൽ മതി. ബലാത്സംഗം ചെയ്തവർക്ക് ഈ നാട്ടിൽ യാതൊരുവിധ നിയമഭയവുമില്ലാതുള്ള സ്വതന്ത്ര വാഴ്ചയെ പ്പറ്റിയും ഈ വിഷയത്തിലെ താഴ്ന്ന വിശ്വാസത്തെപ്പറ്റിയും സത്യം സത്യമായി നമ്മെ അറിയിച്ചുതന്ന മുലായംസിംഗ് യാദവിനോട് നമ്മൾ നന്ദി പറയണം. അയാളുടെ 'ആണുങ്ങൾ അങ്ങിനെ തന്നെയാണ്' എന്ന പ്രമാണം പോലീസുകാർ, നടത്തിപ്പുകാർ എന്നിവർ മുതൽ ജഡ്ജിമാർ വരെ ഒരേപോലെ അംഗീകരിച്ചിരിക്കുന്ന ഇക്കാലത്തെ സാമാന്യ ബോധമാണ്.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് കാര്യമായി ചിന്തിക്കുന്നവർ അതിനെ ഘടനാപരമായ

അസമത്വവുമായി ബന്ധപ്പെടുത്തിയാണ് കാണുന്നത്. 'സ്ത്രീകൾ' എന്നത് ഒരൊറ്റ വിഭാഗമല്ലെന്നും എന്നാൽ പലതരം പൊതു സ്വഭാവങ്ങൾ ഇവരെ പരസ്പരം ബന്ധിപ്പിക്കുന്നുണ്ടെന്നും ഇവർ കരുതുന്നു. ലഭിക്കാതെ പോകുന്ന വിദ്യാഭ്യാസം, അവഗണിക്കാനാവാത്ത വിധം ചെറുതായിക്കൊണ്ടിരിക്കുന്ന തൊഴിലവസരങ്ങൾ, ശ്വാസം മുട്ടിക്കുന്ന കുടുംബ ഘടന, അധികാരഘടനയെ സംരക്ഷിച്ചു കൊണ്ടുള്ള സാമ്പത്തിക വളർച്ച, ലിംഗപരമായ അസമത്വങ്ങളെ പുതുതായി സൃഷ്ടിക്കുന്ന നഗര വികാസം, ചെറുതായി വരുന്ന ലിംഗാനുപാതം, ഇല്ലാതാകുന്ന അഭിപ്രായ സ്വാതന്ത്ര്യം, ഇല്ലാതാകുന്ന രാഷ്ട്രീയ പ്രാതിനിധ്യം തുടങ്ങിയവയാണ് അവ. എന്നാൽ ഈ വിഷയങ്ങൾ ഒന്നും തന്നെ തിരഞ്ഞെടുപ്പ് ചർച്ചകളിൽ പ്രധാനമെന്ന് കരുതപ്പെട്ടവയല്ല. പകരം നമ്മൾക്ക് കിട്ടുന്നത് 'സംരക്ഷണം' എന്ന സ്ഥിരം പുരുഷാധിപത്യ വാഗ്ദാനമാണ്. പിന്നെ അത്ര സൗകര്യപ്രദമല്ലാത്ത നിയമങ്ങളിൽ വെള്ളം ചേർക്കുമെന്നും 'ഞങ്ങളുടെ സ്ത്രീകളെ' ഉപദ്രവിക്കുന്നവരോട് പ്രതികാരം ചെയ്യുമെന്നുള്ള ഉദ്ബോധനവുമാണ്. കൂട്ട ബലാത്സംഗ കേസുകളിലെ പ്രതികളോട് ഇത്രമാത്രം സഹാനുഭൂതി കാണിച്ച മുലായം സിംഗ് യാദവ് തന്നെയാണ് വർഷങ്ങളായി വിമെൻസ് റിസർവേഷൻ ബില്ലിനെതിരെ സുധീരം പോരാടിക്കൊണ്ടിരിക്കുന്നത്. തന്റെ സംസ്ഥാനത്തിലെ ലിംഗാനുപാതം സ്ഥിരമായി കുറഞ്ഞുകൊണ്ടിരിക്കുകയും ബലാത്സംഗകേസുകളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയും ചെയ്തിട്ടും താൻ സ്ത്രീകളുടെ സ്വന്തം ആളാണെന്നു പറയാൻ ഒരു നാണവുമില്ലാത്ത ആളാണ് നരേന്ദ്ര മോദി. അയാളുടെ പാർട്ടി ലൈംഗിക സ്വയംഭരണാവകാശത്തെ അംഗീകരിക്കാത്ത സെക്ഷൻ 377 നെ പിൻവലിക്കുന്നതിനെ എതിർക്കുകയും ചെയ്യുന്നു.

ഒരിക്കൽ 'നമ്മൾ അഞ്ച്, നമ്മൾക്ക് ഇരുപത്തഞ്ച്' എന്ന് പറഞ്ഞു നടന്നിരുന്ന മോദി എന്തുകൊണ്ടാണിപ്പോൾ 'സ്ത്രീ ശാക്തീകരണ'ത്തെക്കുറിച്ച് സംസാരിക്കുന്നത്? രാഹുൽ ഗാന്ധിയുടെ ഈ വിഷയത്തിലെ ആഗ്രഹം സ്ത്രീകൾക്ക് 12 പാചകവാതക സിലിണ്ടറുകൾ ഒരു വർഷം എത്തിക്കുക എന്നതാണ്. എന്നാൽ എന്തുകൊണ്ടാണ് അധികം കിട്ടുന്ന പാചകവാതകം ഒരു കുടുംബത്തിന്റെയല്ല, സ്ത്രീകളുടെ മാത്രം ആഘോഷമായി കണക്കാക്കപ്പെടുന്നത്? ഇത്തരം നിലപാടുകൾ സ്ത്രീകളുടെ വോട്ടിന് ഉണ്ടായിവരുന്ന അധികാരത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. ഒരിക്കൽ പ്രാധാനിയായ ആണിന്റെ അനുബന്ധം എന്നതിലുപരി കണക്കാക്കപ്പെടാതിരുന്ന, സാരിയും ബുർഖയും ഇട്ടു വരുന്ന വേർതിരിക്കാനാവാത്ത ഒരു കൂട്ടത്തെ ഇപ്പോൾ പ്രത്യേകമായ ഘടകമായിത്തന്നെ കണക്കാക്കേണ്ട സ്ഥിതിയാണ്. അവർക്കായി സൗജന്യ മൈലാഞ്ചിയിടൽ തുടങ്ങി പലതരം പുതിയ പ്രലോഭനങ്ങളും ഇത്തവണ കാണാം!

ഈ മുൻകൂട്ടി കാണാനാവാതിരുന്ന വകയിരുത്തലിന് പല കാരണങ്ങൾ പറയാനാകും. പ്രധാനപ്പെട്ട രണ്ടെണ്ണത്തെക്കുറിച്ച് ഞാൻ പറയാം. ഒന്ന്!, ആൺ വോട്ടുകളുടെ സ്വഭാവത്തിന് ഒരു തരം സ്ഥിരത വന്നു എന്നുള്ളതും, സ്ത്രീ വോട്ടർമാരുടെ പ്രാതിനിധ്യത്തെ എണ്ണത്തിൽ കുറച്ചു കാണുന്നതാണ് രീതിയെങ്കിലും അതിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട് എന്നതുമാണ്. ഈ പ്രവണതക്ക് ദൃക്സാക്ഷികൾ ധാരാളമാണ്. ഉത്തർപ്രദേശിലെ 2012 നിയമസഭ തിരഞ്ഞെടുപ്പ് പകർത്തിയ പത്ര പ്രവർത്തകർ വോട്ട് ചെയ്യാൻ വന്ന സ്ത്രീകൾ ഉണ്ടാക്കിയ ഉത്സവപ്രതീതിയെക്കുറിച്ച് ഓർക്കുന്നു. വോട്ടിംഗ് മെഷീനിൽ കുത്താൻ വന്നതാണെങ്കിലും ഒരു മേളയിലേക്ക് വരാനെന്ന പോലെ വസ്ത്രം ധരിച്ചിരുന്നവരായിരുന്നു ഈ സ്ത്രീകൾ.

ഇത് ഒരുപക്ഷെ വിരൽ ചൂണ്ടുന്നത് തിരഞ്ഞെടുപ്പ് എന്ന പ്രക്രിയയുടെ നിഗൂഢതയും പുരുഷന്മാരുടെ സഹായത്തോടെ മാത്രം മനസ്സിലാക്കാവുന്ന ഒരു സംഗതിയാണെന്ന തോന്നലും ഇപ്പോൾ സ്ത്രീകൾക്കിടയിൽ മാറി വരുന്നുണ്ടെന്നതാണ്. ഈ നിമിഷത്തിലേക്ക് എത്തിച്ചേരാൻ എന്തുമാത്രം പുരുഷാധിപത്യ നിയന്ത്രണങ്ങളുടെ അട്ടികൾ പറിച്ചു കളയേണ്ടി വന്നു എന്നറിയണമെങ്കിൽ ഏകദേശം നൂറു വർഷങ്ങൾക്കു മുമ്പുള്ള സരോജിനി നായിഡുവിന്റെ വൈകാരികമായ അപേക്ഷ ഒന്നോർത്താൽ മതി. 1918 ലെ കോൺഗ്രസ്സിന്റെ സ്പെഷൽ സെഷനിൽ സംസാരിക്കുകയായിരുന്ന അവർ അപേക്ഷിച്ചു : 'നിങ്ങളുടെ ഔപചാരിക ചടങ്ങുകളിലോ പൗരകർമ്മങ്ങളിലോ പൊതു സ്ഥലങ്ങളിലോ അധികാരത്തിലോ ഇടപെടാൻ വേണ്ടിയല്ല ഞങ്ങൾ വോട്ടിനു വേണ്ടി ആവശ്യപ്പെടുന്നത്. പക്ഷേ, മടിയിൽ വെക്കുന്ന കുഞ്ഞുങ്ങളുടെ ആത്മാവിൽ ഒരു രാഷ്ട്രസ്വഭാവത്തിന് അടിത്തറയിടാൻ ഞങ്ങൾക്ക് കഴിയും, രാഷ്ട്ര ജീവിതത്തിന്റെ ആദർശങ്ങളെ അവർക്ക് പറഞ്ഞുകൊടുക്കാനും!'

ഉയർന്നുവരുന്ന അക്ഷരാഭ്യാസം, പലയിടത്തും പുതിയതായി കണ്ടുവരുന്ന മീഡിയ, പഞ്ചായത്തീരാജിന്റെ 20 വർഷം എന്നിവ ഉണ്ടാക്കിയത് 2.5 ലക്ഷം പ്രാദേശിക സ്ഥാപനങ്ങളും 13 ലക്ഷം സ്ത്രീപ്രധിനിധികളുമാണ്. ഇതെല്ലാം ഇന്നത്തെ മായാജാലത്തിനു പകൽ വെളിച്ചം ഒരുക്കിയിട്ടുണ്ടാകും. ഇന്നു സ്ത്രീകൾ തിരഞ്ഞെടുപ്പ് ജനാധിപത്യത്തിൽ പങ്കുകൊള്ളുന്നന്നത് വെറും വോട്ടർമാരായല്ല, മീറ്റിംഗുകളിലും റാലികളിലും പങ്കെടുക്കുകയും നോട്ടീസുകൾ വിതരണം ചെയ്യുകയും വീടുവീടാന്തരം കയറിയുള്ള പ്രചരണങ്ങളിൽ പങ്കെടുക്കുകയും അവർ ചെയ്യുന്നുണ്ട്. 1999 ലെ തിരഞ്ഞെടുപ്പിൽ നിന്നും 2004ലേത് എത്തിയപ്പോൾ ഇത്തരം സ്ത്രീ പങ്കാളിത്തത്തിന്റെ ശതമാനം 13 ൽനിന്നും 20 ആയി ഉയർന്നതായി പ്രവീൺ റായി സെന്റർ ഓഫ് ദ സ്റ്റഡി ഓഫ് ഡെവലപിംഗ് സൊസൈറ്റീസിന് വേണ്ടി നടത്തിയ പഠനത്തിൽ പറയുന്നു.

ഇത്തരം പ്രവർത്തനങ്ങൾ കൊണ്ട് പുതിയ ഉത്സാഹം നേടുകയും നേട്ടമുണ്ടാക്കുകയും ചെയ്ത രാഷ്ട്രീയ പാർട്ടികൾ പക്ഷേ, സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്ന സമയത്ത് ഇഷ്ടമുള്ളിടത്ത് വര വരച്ചു. സ്ത്രീകളുടെ സ്ഥാനം ബൂത്തുകളിലാണ്, വേദികളിലല്ല എന്ന പാർട്ടികളുടെ വിധിനിർണ്ണയം സരോജിനി നായിഡുവിന്റെ ഒരിക്കലും ആൺ അധികാരത്തെ ചോദ്യം ചെയ്യില്ലെന്ന ഭീരുത്വം നിറഞ്ഞ ഉറപ്പിനെ ഭാവി സൂചകമായി മാറ്റി. കഴിഞ്ഞ മൂന്നു തിരഞ്ഞെടുപ്പുകളിൽ മൊത്തം സ്ഥാനാർത്ഥികളുടെ എണ്ണത്തിൽ സ്ത്രീ സ്ഥാനാർത്ഥികളുടെ പ്രതിപാദം കുറയുകയാണ് ഉണ്ടായത്.

എന്നാൽ ഈ ചിത്രം വെറും ചാരനിറമല്ല. ഖാപ് പഞ്ചായത്തുകളെകുറിച്ചുള്ള ആം ആദ്മി പാർട്ടി നേതാവിന്റെ മങ്ങിയ നിലപാടിനെതിരെ അതിലെ സ്ത്രീ സ്ഥാനാർത്ഥികൾ മുന്നോട്ടുവന്നതും സ്ത്രീ സംഘടനകൾ 33 ശതമാനം വിജയസാധ്യതയുള്ള സീറ്റുകളിൽ സ്ത്രീകളെ നിർത്തണം എന്ന് രാഷ്രീയ പ്പാർട്ടികളോട് ആവശ്യപ്പെട്ടതും ആറു പ്രധാനപ്പെട്ട കാര്യങ്ങളോട് കൂടി ഒരു 'വിമെനിഫെസ്റ്റോ' ഉയർന്നു വന്നതും സ്ത്രീകളോട് ചോദ്യങ്ങൾ ചോദിക്കാനാവശ്യപ്പെട്ട് പാട്ടുകൾ ഇറങ്ങിയതും അങ്ങിനെ പലതും ന്യായികരിക്കാനാവാത്ത വിധം അതുല്യമായ അധികാരത്തിനെ പുതുതായി കണ്ടു തുടങ്ങുന്നതിനെ കുറിച്ചും ആൺകോയ്മയെ ചെറുക്കാനുള്ള പുതുതായുണ്ടായിവന്ന ഇച്ഛയെയും സൂചിപ്പിക്കുന്നു. പണം കൊണ്ട് മാത്രം ഓടിക്കൊണ്ടിരിക്കുന്ന ക്രിമിനലായ ഒരു തിരഞ്ഞെടുപ്പ് വ്യവസ്ഥയെ ഇത് ചൂണ്ടിക്കാണിക്കുന്നു.

കടപ്പാട്: ദി ഹിന്ദു മാഗസിൻ, 27-04-2014

### അക്കക്കളികൾ

* 1999 ലെ പതിമൂന്നാമത് ലോക് സഭ തിരഞ്ഞെടുപ്പിൽ ആകെ 4,648 സ്ഥാനാർത്ഥികളിൽ 284 സ്ത്രീകളാണ് ഉണ്ടായിരുന്നത്

* 2004 ലെ പതിനാലാമത് ലോക് സഭ തിരഞ്ഞെടുപ്പിൽ ആകെ 5,435 സ്ഥാനാർത്ഥികളിൽ 355 സ്ത്രീകൾ ഉണ്ടായിരുന്നു.

* 2009 ലെ പതിനഞ്ചാമത് ലോക് സഭ തിരഞ്ഞെടുപ്പിൽ 8,070 സ്ഥാനാർത്ഥികളിൽ 556 സ്ത്രീകൾ ഉണ്ടായിരുന്നു.

* 2014 ലെ തിരഞ്ഞെടുപ്പിലും ഈ പ്രവണതയ്ക്ക് കാര്യമായി മാറ്റം വരുന്നതായി സൂചന ഇല്ല


### കൂടുന്ന വോട്ട്

* എക്കണോമിക് ആന്റ് പൊളിറ്റിക്കൽ വീക്ലിയിലെ വിമർശകരായ മുടിത് കപൂരിന്റെയും ശമിക രവിയുടെയും ഇന്ത്യൻ വോട്ടർമാ രുടെ 'ലിംഗ അനുപാത' പഠന പ്രകാരം, 1965ൽ 1000 ആൺ വോട്ടർമാർക്ക് 715 സ്ത്രീകളായിരുന്നെങ്കിൽ 2000 ങ്ങൾ ആയപ്പോഴേക്ക് അത് 883 ആയി വളർന്നു . ആൺ അനുപാതം ഇക്കാര്യത്തിൽ ഏകദേശം തുല്യമാണ്.

* 20 സംസ്ഥാന അസംബ്ലികളുടെ 2010 മുതലുള്ള വിവരങ്ങൾ പരിശോധിക്കു കയാണെങ്കിൽ 16 എണ്ണത്തിൽ സ്ത്രീ വോട്ടർമാർ പുരുഷന്മാരേക്കാൾ കൂടുതലാണെന്നാണ് തിരഞ്ഞെടുപ്പ് കമ്മീഷന്റെ കണ്ടെത്തൽ. 1962 മുതൽ സ്ത്രീ/പുരുഷ വോട്ടർമാരുടെ എണ്ണത്തിലെ വിടവ് കുറഞ്ഞുവരികയാണെങ്കിലും ഇത് ഏറ്റവും നാടകീയമായ രീതിയിൽ സംഭവിച്ചത് 2004 ലും 2009ലുമാണ്.

* 2012ൽ ഉത്തർ പ്രദേശിൽ നടന്ന അസംബ്ലി തിരഞ്ഞെടുപ്പിൽ സ്ത്രീകളിൽ 60.29 ശതമാനം പോളിംഗ് ബൂത്തുകളിൽ എത്തിയെങ്കിൽ പുരുഷന്മാരിൽ അത് 58.82 ശതമാനമാണ്

* 2014 ലെ പൊതു തിരഞ്ഞെടുപ്പിലും പ്രതീക്ഷിക്കാവുന്ന കാഴ്ചകൾ ഇതൊക്കെത്തന്നെയാണ്.





ലീല കെ.വി.

# ആഘോഷമാക്കി അവധിക്കാലം

**വേനലവധി** അതിന്റെ പാതി പിന്നിട്ട് കഴിഞ്ഞു. ആട്ടവും പാട്ടും കളിയും ചിരിയുമായി അവധിക്കാലം ആഘോഷമാക്കുകയാണ്. കായികവിനോദങ്ങൾ, നാടൻ കളികൾ, ക്യാമ്പുകൾ, കുട്ടിക്കൂട്ടങ്ങ ൾ എന്നിങ്ങനെ പലതരം വിനോദ വിജ്ഞാന ഉപാധികൾ കുരുന്നുകൾ സ്വീകരിച്ചു കഴിഞ്ഞു.

നാടും നഗരവും എന്ന വ്യത്യാസമില്ലാതെ ഏവരും ആഘോഷത്തിമിർപ്പിലാകുമ്പോൾ കുരുന്നുകൾ ഏറെ ഉത്സാഹത്തിലാണ്. അവധിക്കാല വിനോദങ്ങളെപ്പറ്റി വാചാലരാവുകയാണു നമ്മുടെ കുട്ടികൾ.

**നാടൻകളികളിൽ നാട്ടിൻപുറങ്ങൾ**


മണ്ണപ്പവും കളിവീടും നിർമ്മിച്ച് മാഞ്ചുവട്ടിലും മരച്ചില്ലകളിലും വീടുകളുടെ പിന്നാമ്പുറങ്ങളിലും ബഹളം കൂട്ടാനാണ് നമ്മുടെ നാട്ടുകുട്ടികൾക്കിഷ്ടം. ചിരട്ടയും പാളയും പാത്രങ്ങളായും തെങ്ങോലകൊണ്ടുള്ള വാച്ചും ആഭരണങ്ങളും നിർമ്മിച്ചും പഴമയെ കൈവിടാതെ ചിലരെങ്കിലും ഇന്നും ഇത് തുടരുന്നുണ്ട്. ഇതിനുദാഹരണമാണ് രാമമംഗലത്തെ St. Jacobs Public School-ലെ രണ്ടാം ക്ലാസുകാരൻ ജെറിനും സഹോദരൻ മെറിനും. അവധിക്കാലം അമ്മവീട്ടിലും അമ്മൂമ്മവീട്ടിലും ചെലവഴിച്ച് അന്തരീക്ഷം ശബ്ദമുഖരിത മാക്കാനാണ് ശ്രമം.

"എനിക്കൊത്തിരി കൂട്ടുകാരുണ്ട്. കുഞ്ഞുണ്ണി, മണിക്കുട്ടൻ, അഗ്നിവേശ്, അച്ചു. ഇവരാണ് എന്റെ കൂട്ടുകാർ. അമ്മവീട്ടിൽ അപ്പുച്ചേട്ടായി, അൻസുചേച്ചി എല്ലാവരുമുണ്ട്." ജെറിൻ പറഞ്ഞു "നീന്തൽ പഠിക്കാൻ ഇഷ്ടമാണ്. പപ്പയോട് ചോദിക്കണം." ജെറിൻ കൂട്ടിച്ചേർത്തു.

പുഴയിൽ കുളിക്കാനും പറമ്പിൽ ഓടിക്കളിക്കാനുമെല്ലാം തങ്ങൾ സമയം കണ്ടെത്തുന്നുവെന്നും ജെറിൻ പറയുന്നു.

ഓടിക്കളിയും പന്തുകളിയും ഇഷ്ടമെന്ന് മരട് Gregorian Public School-ലെ പ്രൈമറിതല വിദ്യാർത്ഥിയായ ജോൺ ജിജു. ജോവാക്, ഗോവിന്ദ്, റയൻ എന്നിവരാണ് ജോണിന്റെ കൂട്ടുകാർ. അവധിക്കാലം അമ്മവീട്ടിൽ ആഘോഷമാക്കാനെത്തിയതാണ് ജോൺ ജിജു.

നാടൻകളികളെ ഇഷ്ടപ്പെടുന്ന സഹോദരങ്ങളാണ് പെരുമ്പാവൂർ



സ്വദേശികളായ അനഘയും അപ്പുവും. വളയൻ ചിറങ്ങര സ്കൂളിലെ വിദ്യാർത്ഥികളായ ഇവർ കഴിയുന്നത്ര സമയം വീട്ടിൽ തന്നെയാണ് ചിലവഴിക്കുന്നത്. ഡാൻസ് ക്ലാസ്, മറ്റ് പഠന ക്ലാസുകൾ എന്നിവയ്ക്കും ഇവർ സമയം കണ്ടെത്തുന്നു.

നാടൻകളികളുടെ രസം കൈവിടാതെ കൂട്ടുകാർക്കൊപ്പം സമയം കണ്ടെത്തുന്ന വരാണ് പാമ്പാക്കുട സ്കൂളിലെ ആൻമേരി, എൽദോ, റോസ് മേരി എന്നിവർ. റബ്ബർ പന്തും ടയറും മണ്ണപ്പവുമൊക്കെ ഇവരുടെ വിനോദങ്ങളിൽ ഇടം ചേരുന്നു.



**സജീവമാകുന്ന ക്യാമ്പുകളും ക്ലാസുകളും**

അവധിക്കാലം ക്യാമ്പുകളുടേയും പഠനക്ലാസുകളുടേയും കാലം കൂടിയാണ്. ചിത്ര രചന, വായ്പാട്ട്, നാടകം, ഉപകരണ സംഗീതം തുടങ്ങിയ പരിശീലനപദ്ധതികളുമായി വിവിധ കലാസംഘടനകളും സാംസ്കാരിക സംഘടനകളും രംഗത്തുണ്ട്. സ്ഥിരമായി ഇത്തരം അവധിക്കാല പരിശീലന പദ്ധതികൾ നടത്തിപ്പോരുന്ന സ്ഥാപനമാണ് ഇടപ്പള്ളി ചങ്ങമ്പുഴ കലാവേദി. അനേകം കുട്ടികൾ ഇവിടെ അവധിക്കാല ക്ലാസുകളിൽ പരിശീലനം നേടി പ്രതിഭകളാകുന്നു.

അവധിക്കാല യാത്രകൾക്കും വിനോദ സഞ്ചാരങ്ങൾക്കും പ്രാധാന്യം കൊടുത്ത് കുട്ടികളെ അതിന് പ്രേരിപ്പിക്കാനും കലാവേദി സമയം കണ്ടെത്തുന്നു.

**കായിക വിനോദങ്ങളിൽ കഴിവുതെളിയിച്ച്**

വേനലവധി കായിക വിനോദങ്ങൾക്കും പരിശീലനങ്ങൾക്കുമുള്ള കാലം കൂടിയാണ്. വിനോദത്തിനൊപ്പം ആരോഗ്യവും പ്രദാനം ചെയ്യാൻ പര്യാപ്തമായ കായികവിനോദങ്ങളിൽ ഏർപ്പെടാൻ ഒട്ടേറെ കുട്ടികൾ സമയം കണ്ടെത്തുന്നു.

വേനലവധി കായിക വിനോദങ്ങൾക്കും പരിശീ ലനങ്ങൾക്കുമുള്ള കാലം കൂടിയാണ്. വിനോദത്തിനൊപ്പം ആരോഗ്യവും പ്രദാനം ചെയ്യാൻ പര്യാപ്തമായ കായികവിനോദങ്ങളിൽ ഏർപ്പെടാൻ ഒട്ടേറെ കുട്ടികൾ സമയം കണ്ടെത്തുന്നു.

നഗരമെന്നോ നാടെന്നോ വ്യത്യാസ മില്ലാതെ തുറസ്സായ ഇടങ്ങളെ ശബ്ദമുഖരിതമാക്കാനാണ് ഇവരുടെ ശ്രമം. ക്രിക്കറ്റ്, ഫുട്ബോൾ, തലപ്പന്തുകളി, നീന്തൽ, സൈക്കിൾ റേസ് തടങ്ങി പലതുമുണ്ട് ഇക്കൂട്ടത്തിൽ. രാവിലെയും വൈകുന്നേരങ്ങളിലും പാടങ്ങളിലും തുറസ്സായ നിലങ്ങളിലും ഉയർന്ന് കേൾക്കുന്ന ആരവങ്ങളും ആർപ്പുവിളികളും ഈ അവധിക്കാലത്ത് എമ്പാടുമുണ്ട്. കായികശേഷി വർദ്ധിക്കാനും ആരോഗ്യം നിലനിർത്താനും തങ്ങൾക്കിതിലൂടെ കഴിയുന്നുവെന്നും കുട്ടികൾ പറയുന്നു.

“കായിക വിനോദങ്ങൾ നല്ലൊരു Excersice ആണ്. വ്യായാമത്തിനു പുറമെ മാനസികമായും ഇത് ഗുണം ചെയ്യും.” ആലുവ ക്രൈസ്തവ മഹിളാലയം സ്കൂളിലെ ആകാശ് പറയുന്നു.

ക്രിക്കറ്റ്, ഫുട്ബോൾ തുടങ്ങിയവയെല്ലാം ഉണ്ടെങ്കിലും ഫുട്ബോളിന് ഈയിടെ കൂടുതൽ പ്രധാന്യം തങ്ങൾക്കിടയിൽ ഉണ്ടെന്ന് കാക്കനാട് സ്വദേശിയായ മൊഹ്സീൻ പറയുന്നു. നിത്യേന ഫുട്ബോൾ കളിക്കാൻ സമയം കണ്ടെത്തുന്നുണ്ട് ഇവർ. ഫുട്ബോൾ എല്ലാത്തരം വ്യായാമങ്ങളും ഒത്തുചേരുന്ന ഒരു കളിയാണ്. ഓട്ടവും ചാട്ടവും എല്ലാമുണ്ട്. ശരീരത്തിനാകെ വ്യായാമം തരും. സ്റ്റാമിന വർദ്ധിക്കാനും നല്ലതാണിത്. മാമ്മലശ്ശേരി V.H.H.S ലെ +2 വിദ്യാർത്ഥി ചിക്കു കുട്ടപ്പൻ പറയുന്നു. വെറുടെ ടിവി കണ്ട് സമയം കളയാതെ വൈകുന്നേരങ്ങൾ ഇത്തരം കാര്യങ്ങൾക്കായി പ്രയോജനപ്പെടുത്തണം എന്നാണ് ചിക്കു പറയുന്നത്. ഇതേ അഭിപ്രായം തന്നെയാണ് പെരുമ്പാവൂർ ആശ്രമം ഹൈസ്ക്കൂളിലെ മിഥിൻ രാജിനും ഉള്ളത്.

അവധിക്കാലത്ത് മാത്രമല്ല നിത്യേന ഫുട്ബോൾ കളിയിൽ ഏർപ്പെടുന്ന സഹോദരങ്ങളാണ് പ്രവീൺ ദാസും പ്രണവ് ദാസും. വീടിനു പരിസരത്തെ പാടത്ത്

വിവിധ പ്രദേശങ്ങളിൽ നിന്നെത്തുന്ന ഫുട്ബോൾ കമ്പക്കാരാണ് ഇവരുടെ കൂട്ടുകാർ. 40നും 12നും വയസ്സിനിടയിലുള്ള അൻപതോളം പേർ മാമ്മലശ്ശേരിയിലെ ഈ പായൽ മൈതാനത്തെത്തുന്നു. ജഴ്സിയും ട്രാക്സൂട്ടുമണിഞ്ഞ് പ്രൊഫഷണൽ രീതിയിൽ തന്നെയാണ് ഇവരുടെ കളി. സമീപ പ്രദേശങ്ങളിൽ മാച്ചിൽ പങ്കെടുത്ത് സമ്മാനം നേടാനും മിടുക്കരാണ് ഇവരുടെ സംഘം.

ഫുട്ബോളിന് സമീപകാലത്ത് ഏറെ സാധ്യതയും സാംഗത്യവും ഉണ്ടെന്ന് പറയുകയാണ് പാമ്പാക്കുട എം. റ്റി. എം H.S.S ലെ വിഷ്ണു സുകുമാരൻ. Sports കമ്പക്കാരനായ വിഷ്ണുവിന് ഫുട്ബോളിനെപ്പറ്റി ഏറെ അഭിമാനമുണ്ട്. വളരുന്ന പ്രായത്തിൽ കുട്ടികൾക്ക് കായിക, മാനസിക ആരോഗ്യത്തിന് നല്ല ഒരു ഉപാധിയാണിതെന്ന് വിഷ്ണു പറയുന്നു. നാട്ടിൻപുറങ്ങളുടെയും ചുറ്റുവട്ടങ്ങളിലെയും കളിമുറ്റങ്ങൾ തന്നെയാണ് ഏത് പ്രതിഭയുടെയും പ്രഥമ പരിശീലന കേന്ദ്രമെന്നും വിഷ്ണു പറയുന്നു. സ്പോർട്സ് വാർത്തകളും പ്രസിദ്ധീകരണങ്ങളും ഇടവിടാതെ വായിക്കാനും അറിവുകൾ നേടാനും കളികൾക്കൊപ്പം വിഷ്ണു സമയം കണ്ടെത്തുന്നുണ്ട്.

**ആത്മവിശ്വാസം പകർന്ന് ക്രിയേറ്റീവ് ക്യാമ്പുകൾ**

ആത്മവിശ്വാസവും പ്രായോഗികപഠനരീതികളും കൊണ്ട് വെല്ലുവിളികളെ നേരിടാനുള്ള ക്രിയേറ്റീവ് ക്യാമ്പുകളും സജീവമാണിന്ന്. ഇത്തരം ക്യാമ്പുകളിൽ ശ്രദ്ധേയമായ ഒന്നായിരുന്നു കൊച്ചിയിലെ വെണ്ണലയിൽ സംഘടിപ്പിക്കപ്പെട്ട ക്രിയാത്മ എന്ന ക്യാമ്പ്. മാധ്യമ പ്രവർത്തകയായ സന്ധ്യബാലസുമയും തീയറ്റർ ആർട്ടിസ്റ്റ് സുശീന്ദ്രനും ചേർന്ന് സംഘടിപ്പിച്ച ഈ ഒരാഴ്ചത്തെ ക്യാമ്പിൽ 25 ഓളം കുട്ടികൾ പങ്കെടുത്തു. പട്ടംപറത്തൽ, ഓട്ടം, ചാട്ടം, വ്യായാമമുറകൾ, അഭിനയം, ശബ്ദനിയന്ത്രണം തുടങ്ങിയ പരിശീലന പരിപാടികളും കലാകായിക വിനോദങ്ങളുമായി വിവിധ യിടങ്ങളിൽ നിന്നെത്തിയ 12 മുതൽ 18 വരെയുള്ള കുട്ടികൾ ഒത്തുകൂടി.

തികച്ചും വ്യത്യസ്തമായ ഈ ക്ലാസ് തങ്ങൾക്ക് ഒട്ടേറെ അനുഭവങ്ങൾ സമ്മാനിച്ചു എന്ന് ക്യാമ്പംഗങ്ങൾ ഒന്നടങ്കം പറഞ്ഞു. ●





എനിക്ക് സംഘടിത മാസികയുടെ വരിക്കാരി/വരിക്കാരൻ ആവാൻ താല്പര്യമുണ്ട്.

| കാലയളവ് | അടക്കേണ്ട തുക | |
|---|---|---|
| ഒരു വർഷം | 150 /-രൂപ | DD No............... |

A/c No : 14130100072122 IFSC code : FDRL 0001413

ഇതിനോടൊപ്പം Rs.....................................DD/MO അയക്കുന്നു. എന്ന്.................................................

മേൽവിലാസം..........................................................................................................................

...................................................................................................................പിൻ................................

മണിഓർഡറുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയക്കുക:

**അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ,**

പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370



# മദ്ധ്യവേനൽ അവധി

ജ്യോതിനാരായണൻ



ഏപ്രിൽ, മെയ് മാസങ്ങൾ വിദ്യാർത്ഥികൾക്ക് അവധിക്കാലമാക്കിയത് ബ്രിട്ടീഷ് ഭരണകാലത്താണെന്ന് തോന്നുന്നു. വിദ്യാലയങ്ങൾക്ക് മാത്രമല്ല, സിവിൽകോടതികൾക്കും ഈ സമയം അവധിയാണ്. ഇവിടെ ജോലി ചെയ്തിരുന്ന ബ്രിട്ടീഷുകാർക്ക് അവരുടെ നാട്ടിൽ പോകാനുള്ള കാലം. ഇന്നത്തെ രീതിയിലുള്ള വിദ്യാഭ്യാസവും സ്കൂളുകളും മറ്റും ആരംഭിക്കുന്നതും അവരുടെ കാലത്താണല്ലോ. അതിനു മുമ്പ് ഗുരുകുലവിദ്യാഭ്യാസവും കുലത്തൊഴിലുമായി ബന്ധപ്പെട്ട പഠനങ്ങളുമൊക്കെയായിരുന്നു കൂടുതലും. അദ്ധ്യയന കാലവും അനദ്ധ്യായകാലവും ഉണ്ടായിരുന്നുവത്രെ. എന്തായാലും വിദ്യാഭ്യാസമെന്നത് നിത്യജീവിതത്തിന്റെ ഉത്പാദനവുമായി ബന്ധപ്പെട്ടത് എന്നതു മാറി. നിയന്ത്രിക്കാൻ ആവശ്യമായ അറിവ് സമ്പാദനം എന്ന ഉദ്ദേശത്തോടെ വ്യാപകമായ വിദ്യാഭ്യാസവും മദ്ധ്യവേനൽ അവധിയുമൊക്കെ ബ്രിട്ടീഷ് ഭരണത്തിന്റെ തുടർച്ചയാണ്. ഇത് കൂടാതെ ഓണാവധിയും ക്രിസ്തുമസ് അവധിയുമൊക്കെ പരീക്ഷയുടേയും ആഘോഷങ്ങളുടേയും ഇടയിലും ചെറിയ കാലവുമാണ്. എന്തായാലും അവധിക്കാലം വിദ്യാർത്ഥികൾക്ക് സ്വാതന്ത്ര്യത്തിന്റേയും ആഘോഷത്തിന്റേയും ആഹ്ലാദത്തിന്റേയും കാലമായിട്ടാണ് പൊതുവെ കണക്കാക്കുന്നത്. യാന്ത്രികവും മടുപ്പിക്കുന്നതുമായ സ്കൂൾ അന്തരീക്ഷത്തിൽ നിന്ന് 'പരോൾ' കിട്ടിയ പോലെയാണ് കുട്ടികൾ അവധി ദിവസങ്ങളെ കണ്ടിരുന്നത്.

കഴിഞ്ഞ ദിവസം പത്താംക്ലാ

സ്സിലെ പരീക്ഷ കഴിഞ്ഞ ഒരു കുട്ടിയേയും കൂട്ടി അവളുടെ അമ്മ വന്നിരുന്നു. C++ കമ്പ്യൂട്ടർ പ്രോഗ്രാമിംഗിനു പഠിക്കണം. രാവിലെ 8 മണിക്കും വൈകീട്ട് 6 മണിക്കുമിടയിൽ ദിവസവും ഒന്നോ രണ്ടോ മണിക്കൂർ ക്ലാസ്സെന്നു പറഞ്ഞപ്പോൾ അവർ പരസ്പരം നോക്കി. "അതിനിടയിൽ സമയം കിട്ടില്ല. ട്യൂഷനുണ്ട്, എൻട്രൻസ് ക്ലാസ്സുണ്ട്, പിന്നെ..." ഇത് ഒറ്റപ്പെട്ട സംഭവമല്ല. നഗരത്തിൽ പല കുട്ടികളുടേയും സ്ഥിതി ഇതാണ്. സാധാരണ സ്കൂൾ ദിനങ്ങളേക്കാൾ തിരക്കിട്ട ക്ലാസ് 'ഷെഡ്യൂളാ'ണ് അവധിക്കാലത്ത്. ഇതിന് മറ്റൊരു വശമുണ്ട്. മാർച്ച് അവസാനമാകുമ്പോഴേക്കും രക്ഷകർത്താക്കൾ അന്വേഷണം ആരംഭിക്കും. "വെക്കേഷൻ ക്ലാസ്സുകൾ ഉണ്ടോ? മുഴുവൻ സമയമോ, ഉച്ചവരെയെങ്കിലുമോ അവിടെയിരുത്താൻ?" അവധിക്കാലത്ത് കുട്ടികളെ എന്തുചെയ്യുമെന്നത് പല രക്ഷകർത്താക്കളുടേയും പ്രശ്നമാണ്. തീയും വെള്ളവും തിരിച്ചറിയാത്ത പ്രായത്തിലുള്ള കുട്ടികളുടെ മാത്രം പ്രശ്നമല്ല. കൗമാരക്കാരായ കുട്ടികളെപ്പോലും വീട്ടിലിരുത്തി പോകാൻ രക്ഷകർത്താക്കൾക്ക് ഭയമാണ്. ശനിയാഴ്ചകൾ അടക്കം സ്കൂൾ അവധി ദിവസങ്ങളിൽ ജോലിയുള്ള പല അമ്മമാരും ലീവെടുക്കുന്നത് കാണാം. നഗരത്തിൽ ഈ അവസരം മുതലാക്കിക്കൊണ്ട് ഉയർന്ന ഫീസ് വാങ്ങുന്ന പല അവധിക്കാല കോഴ്സുകളുടെ പരസ്യങ്ങളും കാണാം. പലതിന്റേയും ഗുണമേന്മയൊന്നും ഉറപ്പില്ല.

ആഘോഷങ്ങളും ഉത്സവങ്ങളും കളികളുമൊക്കെയായിട്ട് ജീവിതത്തിന്റെ അനൗപചാരിക വിദ്യാഭ്യാസകളരിയായി മാറിയിരുന്ന വേനലവധി എങ്ങനെയാണ് ഇപ്രകാരം മാറിയത്. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ നമ്മുടെ സമൂഹത്തിനുണ്ടായ മാറ്റം കുട്ടികളെക്കുറിച്ചും അവരുടെ സുരക്ഷിതമായ ഭാവിയെക്കുറിച്ചും നമ്മുടെ വികലമായ സങ്കല്പങ്ങൾ, പ്രകൃതിവിഭവങ്ങളുടേയും  പൊതു ഇടങ്ങളുടേയും നഷ്ടം നമ്മുടെ വികസന സങ്കല്പവും നാട്ടിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസനവും എല്ലാം കുട്ടികളുടെ മദ്ധ്യവേനലവധി മാറ്റിത്തീർത്തു. വർഷം എന്നത് മാറി സെമസ്റ്റർ സമ്പ്രദായം വന്നതോടെ പലർക്കും പല സമയത്താണ് പരീക്ഷ. എല്ലാവർക്കും ഒരേ സമയത്ത് അവധിയില്ല.

കുട്ടികൾ എവിടെയാണ് കളിച്ചിരുന്നത്? കൊയ്തൊഴിഞ്ഞ പാടത്ത്, മുറ്റത്ത്, പറമ്പിൽ, പൊതുഗ്രൗണ്ടുകളിൽ, ആൽത്തറകളിൽ, അമ്പലപ്പറമ്പുകളിൽ, കലുങ്കുകളിൽ.... ഇന്ന് അത്തരത്തിൽ കുട്ടികൾക്ക് സൗജന്യമായി ഒത്തുകൂടാനും കളിക്കാനും കഴിയുന്ന പൊതുഇടങ്ങൾ എവിടെയുണ്ട്. നാട്ടിൻ പുറങ്ങളിലെ മിക്കവാറും കുട്ടികൾക്ക് നീന്തൽ അറിയാമായിരുന്നു. മറ്റു കുട്ടികൾ അവധിക്കാലത്ത് അമ്മവീട്ടിലും മറ്റു ബന്ധുവീട്ടിലും വരുമ്പോഴാണ് നീന്തൽ പഠിക്കുന്നത്. അതിന് നമുക്ക് ധാരാളം കുളങ്ങളും ചിറകളും തോടുകളും പുഴകളും ഉണ്ടായിരുന്നു. അതിൽ ശുദ്ധമായ വെള്ളമുണ്ടായിരുന്നു. ഇതെല്ലാം പൊതു ഇടങ്ങളായിരുന്നതിനാൽ എല്ലാവർക്കും വരാൻ കഴിയും. മുൻതലമുറകളിൽ ജാതി-മത വ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിൽ കുട്ടികളുടെ കളികളിലൂടേയും ഒത്തുചേരലുകളിലൂടേയും അത് ഒഴിവാക്കാനും കുറക്കാനും കഴിഞ്ഞിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ചട്ടക്കൂടുകളില്ലാതെ സമൂഹത്തെക്കുറിച്ച് മനസ്സിലാക്കാൻ ഈ അവധിക്കാല കൂട്ടുകൂടലും കളികളും ഏറെ സഹായകമാണ്. സ്കൂൾവിദ്യാഭ്യാസം കൃഷിയിടം പോലെ ക്രമവും കൃത്യവുമാണെങ്കിൽ അവധിക്കാലം കാടുപോലെയാണ്.



അവധിക്കാലത്തെ ഒരു പ്രധാന ഹോബിയാണ് കത്തെഴുതുക എന്നത്. നമ്മുടെ വികാരങ്ങളെ ഭാഷയാക്കിമാറ്റുന്നതാണ് ഈ കത്തുകൾ. ഇന്ന് എസ്.എം.എസും മറ്റും വന്നതോടെ എഴുത്തെഴുതുന്നതിന്റേയും വായിക്കുന്നതിന്റേയും സന്തോഷം കുറയുന്നു. എസ്.എം.എസും ഇ-മെയിലുമൊക്കെ കഴിയുന്നത്ര ചുരുക്കി വിവരം കൈമാറുക എന്ന ശൈലിയാണ്. അത് സൂക്ഷിച്ചു വെക്കാറും ഇല്ല. പല സാഹചര്യങ്ങളിൽ നിന്നു വന്ന കുട്ടികൾ ഒന്നിച്ചു കളിക്കുമ്പോൾ, അത് വലിയവരുടെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വെളിയിലാണ്. ക്രിയേറ്റിവിറ്റി, ലീഡർഷിപ്പ്, തർക്കങ്ങളും വിശകലനങ്ങളും മറ്റുമായി കമ്മ്യൂണിക്കേഷൻ സ്കിൽ വർദ്ധിക്കും.

ഇന്ന് നമ്മുടെ വീട്ടിൽ ഓരോ കുട്ടിക്കും ഓരോ മുറിയും കട്ടിലും ഫാനും ലൈറ്റും ടേബിളും ടിവിയും കമ്പ്യൂട്ടറുമൊക്കെയാണ്. (ഇതിൽ വിപണിയുടെ താത്പര്യം നമ്മൾ അറിയാറില്ല). അതുകൊണ്ട് പരസ്പരം പങ്കുവെക്കാനും അഡ്ജസ്റ്റ് ചെയ്യാനും കുട്ടികൾക്കറിയില്ല. പുതിയ സാഹചര്യങ്ങൾ അഭിമുഖീകരിക്കാനുള്ള കഴിവ് അവർക്കില്ല. പല കുട്ടികൾ ഒന്നിച്ചു കളിക്കുമ്പോൾ പങ്കുവെക്കാനും അഡ്ജസ്റ്റ് ചെയ്യാനും സഹായിക്കാനും നിർബന്ധിതരാകുന്നു. ഇത് ജീവിത യഥാർത്ഥ്യങ്ങളെ നേരിടാൻ സഹായിക്കും.

ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ച് കളിച്ചുവളരുമ്പോൾ ശരീരമെന്നത് വളരെ സ്വാഭാവികമായ ഒന്നാകുന്നു. ഗോപ്യതയും നിഗൂഢതയും തെറ്റായ അറിവുകളുമാണ് പെൺകുട്ടികളെ ആക്രമിക്കുന്നതിന് ഒരു കാരണം.

ജീവിതത്തിലെ വൈവിദ്ധ്യങ്ങൾ ആചാരങ്ങൾ, വിശ്വാസങ്ങൾ ഇതൊക്കെ കാണാനും അറിയാനും ചിന്തിക്കാനും തെരഞ്ഞെടുക്കാനും എതിർക്കാനുമൊക്കെ അവരെ പ്രാപ്തരാക്കുന്നു. കളികൾ ശാരീരികമായും മാനസികമായും ഉല്ലാസം നൽകും. മനുഷ്യന്റെ അക്രമവാസനയെ കുറക്കാനും കാരണമാകും. സാമ്പത്തികമായി ബുദ്ധിമുട്ടുള്ള കുട്ടികൾ അവധിക്കാലത്ത് ചെറിയ ജോലികൾ ചെയ്ത് പണമുണ്ടാക്കി പുസ്തകവും യൂണിഫോമും വാങ്ങാറുണ്ട്. മറ്റു കുട്ടികളും ഇതിനു സഹായിക്കാറുണ്ട്. പണത്തിന്റേയും അദ്ധ്വാനത്തിന്റേയുമൊക്കെ മൂല്യമറിയാൻ ഇതൊക്കെ സഹായകരമാകാറുണ്ട്.

ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ച് കളിച്ചു വളരുമ്പോൾ ശരീരമെന്നത് വളരെ സ്വാഭാവികമായ ഒന്നാകുന്നു. ഗോപ്യതയും നിഗൂഢതയും തെറ്റായ അറിവുകളുമാണ് പെൺകുട്ടികളെ ആക്രമിക്കുന്നതിന് ഒരു കാരണം. ജീവിതത്തിലെ വൈവിദ്ധ്യങ്ങൾ ആചാരങ്ങൾ, വിശ്വാസങ്ങൾ ഇതൊക്കെ കാണാനും അറിയാനും ചിന്തിക്കാനും തെരഞ്ഞെടുക്കാനും എതിർക്കാനുമൊക്കെ പ്രാപ്തരാക്കുന്നു.

നമ്മൾ കഷ്ടപ്പെട്ടതു പോലെ നമ്മുടെ കുട്ടികൾ കഷ്ടപ്പെടരുത് എന്ന ചിന്തയിൽ പല രക്ഷകർത്താക്കളും അവരുടെ പ്രായമോ ആവശ്യമോ ഒന്നും നോക്കാതെ അവർ ചോദിക്കുന്നതെന്തും വാങ്ങിക്കൊടുക്കും. കുട്ടികൾ സാധനങ്ങളുടേയും പണത്തിന്റേയും മൂല്യവും അത് വാങ്ങാനുള്ള കഷ്ടപ്പാടും മനസ്സിലാക്കില്ല.

ഇന്ന് മറ്റ് കുട്ടികൾ വീട്ടിലേക്ക് വരുന്നത് മുതിർന്നവർക്ക് ഇഷ്ടമാകാറില്ല. കുട്ടികൾ വന്നാൽ കളിച്ചു സമയം കളയും, ഒന്നും പഠിക്കില്ല. ഇതാണ് അമ്മമാരുടെ പരാതി. പല കുട്ടികൾക്കും മറ്റു വീടുകളിൽ പോകുന്നതും ഇഷ്ടമല്ല. അവിടെ സ്വന്തമായി ഒരു മുറിയില്ല, കമ്പ്യൂട്ടർ ഇല്ല, ഇഷ്ടപ്പെട്ട ഭക്ഷണമില്ല. ഇതൊക്കെ കിട്ടുന്ന എന്റെ വീട്ടിൽ ഇരുന്നാൽ പോരെ? എന്ന മനോഭാവമാണ്. ഉള്ള ഭക്ഷണം പങ്കുവെച്ച്, ഉടുപ്പ് മാറ്റിയിട്ട് പായയും പുതപ്പും പങ്കുവെച്ച്, സമൃദ്ധി മാത്രമല്ല, ദാരിദ്ര്യവും പരിമിതികളും പങ്ക് വെക്കുന്ന സൗഹൃദത്തിന്റെ സന്തോഷം. എവിടേയും ജീവിക്കാനുള്ള ഒരു പരിശീലനം കൂടിയാണത്. ഒന്നിച്ച് സൈക്കിൾ ചവിട്ടുക, കുന്നുംമലയും കയറിയിറങ്ങുക, കഥയും കവിതയും പരസ്പരം കേൾപ്പിക്കുക, സിനിമയും നാടകവും രൂപപ്പെടുത്തുക, മനസ്സിലെ കുഞ്ഞുദുഃഖങ്ങളും സന്തോഷങ്ങളും പകുക്കുക. ഇത്തരം സൗഹൃദങ്ങളും കൂട്ടായ്മകളും പരിമിതമായിക്കൊണ്ടിരിക്കുന്നു. ഇത് പറയുമ്പോൾ ഇന്ന് സൗഹൃദങ്ങളില്ലെന്ന് പറയാനാകില്ല. "ഞങ്ങളുടെ കാലത്ത് എല്ലാം ശരിയായിരുന്നു, എല്ലാം നല്ലതായിരുന്നു, ഇന്ന് എല്ലാം പോയി" എന്ന് എപ്പോഴും പഴയ തലമുറ വിലപിക്കാറുണ്ട്.

ഇന്നത്തെ കുട്ടികളെ അവരുടെ സാഹചര്യത്തിൽനിന്ന് കാണുകയും വിലയിരുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. ഏറ്റവും ലേറ്റസ്റ്റ് മൊബൈൽ, ബൈക്ക് അല്ലെങ്കിൽ കാറ് ഇതുമായി സിനിമ, ഐസ്ക്രീം, ഹോട്ടൽ, ഭക്ഷണം, ബാറ്, കമ്പ്യൂട്ടർ ഗെയിം... ഇതാണ് സൗഹൃദവും കൂട്ടും നഗരത്തിൽ. ഇതിനൊക്കെയുള്ള പണം മറ്റെവിടെനിന്നെങ്കിലും കണ്ടെത്തുന്നു. സ്വയം അദ്ധ്വാനിക്കുന്നതിനേക്കാൾ മറ്റുള്ളവരുടെ അദ്ധ്വാനം കൊണ്ടാണ് ഇവരുടെ സൗഹൃദവും കളികളും ആഘോഷങ്ങളും. വെട്ടിപിടിക്കുക, മദ്യപിക്കുക, ആക്രമിക്കുക, കീഴടക്കുക. ഇതാണ് വിജയം. ശാരീരികമായ സുഖത്തിനും ആസ്വാദനത്തിനുമപ്പുറം പങ്കുവെക്കലിന്റെ ആനന്ദം അറിയാതെ പോകുന്നത് ആരുടെ കുറ്റമാണ്?

ജീവിതത്തിൽ മാത്രമല്ല, കളികളിൽ പോലും മറ്റുള്ളവർക്കുവേണ്ടി കാത്തിരിക്കുകയും സൗകര്യങ്ങൾ വിട്ടുകൊടുക്കുകയും ശീലമില്ലാത്തതിനാൽ തങ്ങൾക്ക് ഇഷ്ടമല്ലാത്ത, ഒരു സാഹചര്യം വരുമ്പോൾ തന്നെ അസഹിഷ്ണുതയും ആക്രമണവും ആത്മഹത്യയും കൊലപാതകവും കുട്ടികളിൽ പോലും വ്യാപകമാകുന്നു.

അവധിക്കാലത്തെ മറ്റൊരു പ്രധാന വിനോദം വായനയാണ്, വായിക്കാനും ചിന്തിക്കാനും ഇന്നത്തെ കുട്ടികൾക്ക് ക്ഷമയില്ല. ദൃശ്യമാദ്ധ്യമങ്ങളേക്കാൾ ഭാവന വളരുന്നത് വായനയിലൂടെയാണ്. ദൃശ്യങ്ങൾ വസ്തുതകൾ വ്യക്തമാക്കുന്നു, അതോടൊപ്പം ചിന്തയെ പരിമിതപ്പെടുത്തുന്നുമുണ്ട്. കൂട്ടായ വായനയും ചർച്ചയും പ്രധാനമായിരുന്നു.

കൂട്ടുകൂടലും കളികളും പൂർണമായും നമ്മൾ ആഗ്രഹിക്കുന്ന നന്മകൾ മാത്രം നിറഞ്ഞതാകണമെന്നില്ല. ദൗർബല്യങ്ങൾ ഉള്ളവർ ഒറ്റപ്പെടലിനും പരിഹാസങ്ങൾക്കും ഇരയാകാം. അപമാനിതരാകുന്നതും ആത്മവിശ്വാസം നഷ്ടപ്പെടുന്നതും കാണാം. കളികൾക്കിടയിൽ അപകടങ്ങൾ സംഭവിക്കാം. അശ്ലീലങ്ങൾ ഉണ്ടാകാം, പ്രേമവും പ്രേമഭംഗങ്ങളും അതിന്റെ നിരാശയുമുണ്ടാകാം. മദ്യപാനം, പുകവലി തുടങ്ങിയവയും രതിവൈകൃതങ്ങളും കുട്ടികൾ പഠിക്കുന്നത് ഈ കൂട്ടുകെട്ടുകൾക്കിടയിലാവാം. ഇവിടെയാണ് രക്ഷാകർത്താക്കൾ, അദ്ധ്യാപകർ, സാമൂഹ്യപ്രവർത്തകർ തുടങ്ങിയവരുടെ പങ്ക്. കുട്ടികൾ അനുകരണസ്വഭാവമുള്ളവരാണ്. നമ്മുടെ നാട്ടിലെ കുട്ടികൾ ആരെയാണ് അനുകരിക്കേണ്ടത്? കുട്ടികളുടെ അവസ്ഥയിൽ വേവലാതിയും ആശങ്കയും താല്പര്യവുമുള്ളവർ ഇടക്കൊക്കെ അവരൊന്നിച്ച് കളിക്കണം. അവരെ കേൾക്കാനും മനസ്സിലാക്കാനും തയ്യാറാവണം. അവരുടെ ചിന്തകളും നീക്കങ്ങളും തിരിച്ചറിയണം, ഓരോരുത്തരുടേയും കഴിവുകൾ തിരിച്ചറിയാൻ കഴിയണം. അവർക്ക് ചൂണ്ടി പറഞ്ഞുകൊടുക്കാൻ കഴിയുന്ന മാതൃകകളാകണം. വെട്ടിപ്പിടിക്കലാണ് ജീവിതവിജയം എന്ന് കുട്ടികളെക്കൊണ്ട് ചിന്തിപ്പിക്കുന്നത് മുതിർന്നവരാണ്. മുതിർന്നവരുടെ ആർത്തിയും സുഖലോലുപതയുമൊക്കെയാണ് കുട്ടികൾ കളിക്കേണ്ട പൊതുഇടങ്ങൾ നശിപ്പിച്ചത്. വെട്ടിപ്പിടിക്കാനും കീഴടക്കാനും ആധിപത്യം സ്ഥാപിക്കാനും ശ്രമിക്കാതെ വിട്ടുകൊടുക്കുകയും മൂല്യങ്ങൾ സൂക്ഷിക്കുകയും ചെയ്യുന്നവരെ വിഡ്ഢികളും മാനസികരോഗികളും ക്രിമിനലുകളും വരെ ആക്കുന്നത്. മുതിർന്നവർ ചെയ്യുന്ന അക്രമങ്ങളാണ് കുട്ടികളെ അരക്ഷിതരാക്കുന്നത്. അവരെ ഒറ്റപ്പെട്ടവരും വീടിനകത്തേക്ക് ഒതുക്കുന്നതും. ലക്ഷ്യബോധവും നിശ്ചയദാർഢ്യവുമുള്ള യുവജനപ്രസ്ഥാനങ്ങളായിരുന്നു കുട്ടികൾക്ക് വഴികാട്ടിയെങ്കിൽ ഇന്ന് അവർ അധികാരത്തിന്റേയും ജാതിയുടേയും മതത്തിന്റേയും അന്ധവിശ്വാസങ്ങളുടേയും ഭീകരവാദത്തിന്റേയും കൈപ്പിടിയിലാണ്.

> അവധിക്കാലത്തെ മറ്റൊരു പ്രധാന വിനോദം പാഠ്യപദ്ധതിയിലില്ലാത്ത പരീക്ഷക്കല്ലാതെ വായിക്കുക എന്നതാണ്. വായിക്കാനും ചിന്തിക്കാനും ക്ഷമയില്ല. ദൃശ്യമാദ്ധ്യമങ്ങളേക്കാൾ ഭാവന വളരുന്നത് വായനയിലൂടെയാണ്.

മനുഷ്യനും മനുഷ്യനും തമ്മിൽ കൂട്ടുകൂടാനും കളിക്കാനും മാനവികമൂല്യങ്ങൾ അറിയാനും അതിന്റെ ആഹ്ലാദം അറിയാനും അവസരമുണ്ടാക്കണം. എല്ലാ പഞ്ചായത്തുകളിലും വാർഡുതലത്തിൽ ഗ്രൗണ്ടുകളും കുളങ്ങളും ചെറിയ വനങ്ങളും (കാവ് എന്നോ എന്തുപേരു വേണമെങ്കിലും പറയാം) സംരക്ഷിക്കാൻ ഗ്രാമസഭകളിൽ തീരുമാനമുണ്ടാകണം. പുഴയും തോടും ഒഴുകാൻ അനുവദിക്കണം. കുട്ടികൾക്ക് കയറി ഇറങ്ങാനുള്ള മലയും കുന്നും ഇടിച്ചു നിരത്താതിരിക്കണം. ബർഗ്ഗറും പിസ്സയും തിന്നുന്നതിനോടൊപ്പം നമ്മുടെ ചക്കപ്പഴവും മാമ്പഴവുമൊക്കെ തിന്നാനായി മാവും പ്ലാവും പിന്നെ ചേനയും ചേമ്പും കാച്ചിലും അതിനായി ഇത്തിരി മണ്ണും സൂക്ഷിക്കുക. അവധിക്കാലമെന്നാൽ കളിച്ചു കളയലല്ല കളിച്ചു നേടലും കൂടിയാണ്.


ലക്ഷ്മിക്കുട്ടി

# കുട്ടികളുടെ കളികൾ



**മദ്ധ്യവേനൽ** അവധിക്കാലത്ത് മദ്ധ്യ കേരളത്തിൽ നിലനിന്നിരുന്ന കളികളാണ് പന്തുകളി (പന്തുകളിയെന്നാൽ ഇന്ന് കാണുന്ന ഫൂട്ബോൾ മാത്രമല്ല, ചെറിയ റബ്ബർപ്പന്തും, ഓലപ്പന്തും, കടലാസ്സുകൊണ്ടുണ്ടാക്കിയ പന്തുമായി പലതരം പന്ത് കളികളുണ്ട്) കുട്ടിയും കോലും കളി, മുച്ചക്കുട്ടിക്കളി, രാശകളി/ഗോട്ടികളി, വട്ട്കളി/മേഡാസ്കളി, അണ്ടികളി, തൊങ്ങിതൊട്ട് കളിക്കുക, ഒളിച്ചുകളിക്കുക (സാറ്റ് കളി), കല്ല് കളി, വളപ്പൊട്ട് കളി, കോട്ടകളി, കബഡികളി, കിളിമാസ് കളി, കക്ക/കമഡികളി, നായുംപുലിംകളി, തൂപ്പ്കളി, നൂറ്കളി, ചീട്ട്കളി, പൂത്താംകീരികളി, പിന്ന്ഇട്ട്കളി, ചെസ്സ്, ചതുരംഗംകളി, വരംകൊടുത്ത് കളിക്കുക, കള്ളനും പോലീസും, കുട്ടിപ്പുര വെച്ച് കളിക്കുക, അച്ഛനും അമ്മയും കളിക്കുക, അമ്പലം വെച്ച് കളിക്കുക, സാറും കുട്ടിയും കളിക്കുക, ത്രാസും കട്ടിയും കളിക്കുക, ബസ്സ് കളിക്കുക, വില്ലടിച്ചാംപാട്ട്, നാടകം കളിക്കുക, അക്ഷരശ്ലോകം, കടംകഥപറയുക, കഥാപ്രസംഗം... ഇത്തരം നിരവധി കളികൾ കുട്ടികൾക്കിടയിൽ ഉണ്ടായിരുന്നു. കൂടാതെ ഉത്സവങ്ങൾക്ക് പോകുക, നീന്താൻ പോകുക, സൈക്കിൾ വാടകക്കെടുത്ത് ഓടിക്കുക, ഊഞ്ഞാൽ കെട്ടി ആടുക തുടങ്ങിയ നിരവധി വിനോദപരിപാടികളും ഉണ്ടായിരുന്നു. ഒരു കാര്യം ശ്രദ്ധേയമാണ്. തങ്ങളുടെ സഹോദരങ്ങൾക്കൊപ്പമോ കൂട്ടുകാർക്കൊപ്പമോ ഒരു പ്രായം വരെ പെൺകുട്ടികളും ഈ കളികൾ കളിച്ചിരുന്നു. സ്ത്രീ ശരീരം ഇത്രയും ലൈംഗികവസ്തു മാത്രം ആക്കപ്പെട്ടിരുന്നില്ല. മാങ്ങയും പുളിയുമെല്ലാം എറിഞ്ഞു വീഴ്ത്തി ഉപ്പും കാന്താരി മുളകും കൂട്ടി എല്ലാവരും കൂടി തിന്നുക, മാങ്ങ, പുളി, അമ്പഴങ്ങ, പേരയ്ക്ക, കാരക്കായ, തൊണ്ടിപ്പഴം, പൂച്ചപ്പഴം തുടങ്ങി പറമ്പിലും വേലിയിലുമുള്ള കായ്കളും പഴങ്ങളും പറിച്ചുതിന്നുക. ഇതിനിടയിൽ നാട്ടിൽ ആർക്കെങ്കിലും അസുഖം വന്നാൽ കഷായംവെക്കുന്നതിന് പച്ചമരുന്നിന്റെ ഇലകളും വേരുകളും തൊലിയുമെല്ലാം ശേഖരിച്ചുകൊടുക്കുന്നത് കുട്ടികളാണ്. ഇങ്ങനെ പുസ്തകത്തിലെ അറിവുകൾക്കപ്പുറം പ്രകൃതിയിൽ നിന്ന് എടുത്തും മറ്റു കുട്ടികൾക്ക് പങ്കുവെച്ചും ആണ് കുട്ടികൾ അവധിക്കാലം ചെലവഴിച്ചിരുന്നത്. ●

അമ്മിണിക്കുട്ടി




# ഓലക്കളിപ്പാട്ടങ്ങൾ



**കഴിഞ്ഞ** ദിവസം എറണാകുളം നഗരത്തിൽ ഒരു കടയുടെ ഉദ്ഘാടനത്തിന് മുഖ്യാതിഥിയെ കാത്തിരിക്കുമ്പോൾ എന്റെ പുറകിലിരുന്ന ഒരാൾ പറയുന്നതു കേട്ടു. "ഇതാണ് കുരുത്തോല, coconut leaf. തെങ്ങിന്റെ ടോപ്പിലെ ഇലയാണിത്." ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ ഏകദേശം 8-10 വയസ്സുള്ള ഒരു ആൺകുട്ടിയും അതിനേക്കാൾ ചെറിയ ഒരു പെൺകുട്ടിയും തോരണം തൂക്കിയിരിക്കുന്ന കുരുത്തോല അത്ഭുതത്തോടെ നോക്കുന്നു. ഒരു രസത്തിന് ഓലയുടെ ഒരു കഷണം മുറിച്ചെടുത്ത് ഒരു പീപ്പിയുണ്ടാക്കി ഞാൻ വിളിച്ചു. കുട്ടികൾ അല്പം സങ്കോചത്തോടേയും അത്ഭുതത്തോടേയും എന്റെ അടുത്ത് വന്നു. പിന്നെ ഞാൻ പീപ്പി, പമ്പരം, പാമ്പ്, വാച്ച് ഇങ്ങനെ ഓരോന്ന് ഓലകൊണ്ട് ഉണ്ടാക്കാൻ തുടങ്ങിയതോടെ കൂടുതൽ കുട്ടികൾ എനിക്ക് ചുറ്റും വന്നു. ഒരു കാര്യം എനിക്ക് ഉറപ്പായി. മാറുന്നത് കുട്ടികളല്ല. മാറുന്നത് നമ്മൾ രക്ഷകർത്താക്കൾ, മുതിർന്നവരാണ്. ഞാൻ ഓല മുറിക്കാൻ ബുദ്ധിമുട്ടുന്നത് കണ്ട് ഒരാൾ ഒരു ബ്ലേഡ് സംഘടിപ്പിച്ചുകൊണ്ടു വന്നു. പിന്നെ ഞാൻ ഓല കൊണ്ട് പന്ത്, കണ്ണട, സ്ലൈഡ്, ക്ലിപ്പ്, പമ്പരം, വാച്ച്, തൊപ്പി, ബാഗ്... ഇങ്ങനെ ഓരോന്ന് ഉണ്ടാക്കാൻ തുടങ്ങി.

"ആന്റി ഇതൊക്കെ എവിടുന്നാ പഠിച്ചത്?" ഒരു കുട്ടി ചോദിച്ചു. എന്റെ വീട് മേഞ്ഞിരുന്നത് ഓല കൊണ്ടാണ്. പിന്നെ കക്കൂസും ബാത്ത്റൂമും മറച്ചിരുന്നതും മതിൽകെട്ടിയിരുന്നതും ഓല കൊണ്ടാണ് എന്ന് പറഞ്ഞപ്പോൾ കുട്ടികൾക്ക് ചിരി അടക്കാനാവുന്നില്ല. "അതിനായി ഓല വെട്ടിയിടുമ്പോൾ ഞങ്ങൾ കുട്ടികളെല്ലാം ചേർന്ന് ഉണ്ടാക്കി കളിക്കുന്നതാണിതൊക്കെ. അന്ന് ഇന്നത്തെ പോലെ കളിക്കാൻ കളിപ്പാട്ടങ്ങൾ വാങ്ങിത്തരാൻ ഞങ്ങളുടെ അച്ഛനമ്മമാരുടെ കയ്യിൽ പണമുണ്ടായിരുന്നില്ല. പിന്നെ നിങ്ങളുടെ എത്ര കളിപ്പാട്ടങ്ങൾ പ്ലാസ്റ്റിക്കിന്റേയും റബ്ബറിന്റേയുമെല്ലാം വേസ്റ്റ് ആയിട്ട് നിങ്ങളുടെ വീട്ടിൽ കിടക്കുന്നുണ്ട്?"

"അത് കൊറെ കാണും". കുട്ടികൾ പറഞ്ഞു. ഇതൊന്നും മാലിന്യമാകില്ല. ആവശ്യം കഴിഞ്ഞാൽ



മണ്ണിൽ അലിഞ്ഞു ചേരും. മണൽവാരിയും സിമന്റ് നിർമ്മിച്ചും വെള്ളവും വായുവും മലിനമാക്കണ്ട. ഓലക്കളിപ്പാട്ടങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്ന എന്റെ അടുത്തുനിന്ന് കുട്ടികളെ കൂട്ടിക്കൊണ്ട് പോകാൻ രക്ഷകർത്താക്കൾ പാടുപെടുന്നുണ്ടായിരുന്നു. അതിനിടയിൽ ഒരാൾ പറയുന്നുണ്ടായിരുന്നു. "ഈ വർഷം നമ്മുടെ ക്ലബ്ബിൽ ഓലമെടയൽ മത്സരം സംഘടിപ്പിക്കാം."

●





ഡോ.ജാൻസി ജോസ്

# വാസ്തവം

**മാനസികാരോഗ്യകേന്ദ്രങ്ങളിലെ** രോഗികളെ ബി.പി.എല്ലിൽ നിന്നും എ.പി. എല്ലിലേക്കു മാറ്റിയ സർക്കാർ നടപടിയെ എങ്ങനെ നോക്കിക്കാണണം.

അഴിമതികാട്ടിയും കൈക്കൂലി വാങ്ങിയും കോടികൾ സമ്പാദിക്കുമ്പോഴും ഇവർക്ക് സംസ്ഥാനത്തിന്റെ സാമ്പത്തിക സുരക്ഷിതത്വം ഇതുപോലെ പിച്ചച്ചട്ടിയിൽ കൈയ്യിട്ടുവാരിയാൽ മാത്രമേ നടക്കൂ എന്നുണ്ടോ? കാമം മൂത്തും വൈരാഗ്യം മൂത്തും ഭ്രാന്തുപിടിച്ചു നടക്കുന്ന നേതാക്കന്മാരുടെ നാടാണ് നമ്മുടെ കേരളം. മൂക്കുമുട്ടെ തിന്ന് എ.സി കാറുകളിൽ മലർന്ന് കിടന്ന് ലോകത്തെ പുച്ഛത്തോടെ നോക്കി യാത്ര ചെയ്യുന്ന ഇവർക്ക്, സ്വന്തം തെറ്റു കൊണ്ടല്ലാതെ മനോനില തെറ്റി ആരും നോക്കാനില്ലാതെ കിടക്കുന്ന മാനസികാരോഗ്യ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് ഒരു മാസക്കാലത്തേക്ക് മൂന്നരക്കിലോ അരിയും ഒന്നരക്കിലോ പഞ്ചസാരയും ആക്കി വെട്ടിക്കുറച്ചതിലെ മനുഷ്യത്വ രഹിത നടപടിയെക്കുറിച്ച് ഒന്നും പറയാനില്ലേ. സമ്പത്തിന്റേയും ആഡംബരത്തിന്റേയും പുളപ്പിൽ വെറളി പിടിച്ചു നടക്കുമ്പോൾ ഇതൊന്നും കാണാൻ കണ്ണില്ലെന്നാണോ. മനുഷ്യനല്ല പാർട്ടിയാണ് വലുതെന്ന് പറയുന്നവരും മതമാണ് വലുത് മനുഷ്യനല്ല എന്നുപറയുന്നവരും കൈകോർത്തു നീങ്ങുമ്പോൾ പടച്ചവൻ തന്നെ അവരെ തുരത്താനുള്ള വഴി കണ്ടെത്തിയില്ലെങ്കിൽ ജനം നേർവഴിക്ക് നയിച്ചേക്കും. പള്ളിയിലച്ചന്മാർക്ക് പെണ്ണുകെട്ടാനുള്ള അനുവാദം കൊടുത്താൽ 9 വയസ്സുകാരിയെ പീഡിപ്പിച്ച പോലുള്ള സംഭവങ്ങളുണ്ടാവില്ല എന്നൊന്നും കരുതാനാവില്ല. പള്ളികളിലും ഓത്തുപള്ളികൂടങ്ങളിലുമൊക്കെ പെൺകുട്ടികളെ പഠിപ്പിക്കാൻ സ്ത്രീകൾ തന്നെയാണെങ്കിൽ മാതാപിതാക്കന്മാർക്ക് കുറച്ചുസമാധാനിക്കാം. നിർബന്ധമായും ഇത്തരം ഇടങ്ങളിൽ സ്ത്രീകൾ തന്നെ പഠിപ്പിക്കട്ടെ. ഡോക്ടറായ സഹോദരൻ കുഞ്ഞുസഹോദരിയെ പീഡിപ്പിച്ച കഥയും ആരും മറക്കില്ല. ഒരു വീട്ടിൽ സഹോദരന്റേയും സഹോദരിയുടേയും ഇടപെടലുകളിൽ സംശയത്തിന്റെ വിത്തുപാകാൻ കഴിയില്ലല്ലോ. പെൺകുട്ടികളെ അടുത്തറിയാനും എന്നും അവരുടെ കാര്യങ്ങൾ ചോദിച്ചറിയാനും കഴിഞ്ഞാൽ ഒരു പരിധിവരെ പ്രശ്നങ്ങൾ നേരത്തെ മനസ്സിലാക്കാനാകും. ഇതിലുമൊക്കെ എളുപ്പം ആൺകുട്ടികളെ വളർത്തുമ്പോൾ സ്ത്രീകളെ ബഹുമാനിക്കാൻ പഠിപ്പിക്കുക തന്നെയാണ്. അതിന് ആദ്യം അച്ഛൻ അമ്മയെ ബഹുമാനിക്കണം. അതു കണ്ട് മകൻ അമ്മയേയും സഹോദരിയേയും ചുറ്റുമുള്ള സ്ത്രീകളേയും ബഹുമാനിക്കാൻ പഠിക്കട്ടെ. അപ്പോൾ നമുക്ക് മുലകളിലേക്ക് തുറിച്ചു നോക്കുന്ന ആൺമക്കളെയല്ല, അമ്മിഞ്ഞപ്പാലിന്റെ മാധുര്യം നിറഞ്ഞ ചിരിയുള്ള ആൺമക്കളെ വളർത്താനാകും. അമ്മമാർ മാത്രം വിചാരിച്ചാൽ നടക്കുന്ന ഒന്നല്ല ഇത്. അച്ഛന്മാർ ശ്രദ്ധിക്കാത്ത എല്ലാ ആൺകുട്ടികളും തുറിച്ചു നോട്ടക്കാരായേ വളർന്നുവരൂ. ●





ഡോ. സീമാ ജെറോം

# ഓഗസ്റ്റ് 15-ന് ഇന്ത്യൻ സ്ത്രീ സ്വതന്ത്രയായോ ?

**ഇന്ത്യൻ** ഭരണഘടന അനുശാസിക്കുന്ന പൗരാവകാശങ്ങളിൽ ഒന്നായ സ്വാതന്ത്ര്യം, ഭരണഘടന നിലവിൽ വന്ന് 63 വർഷവും സ്വാതന്ത്ര്യം ലഭിച്ച് 66 വർഷവും പിന്നിട്ടിട്ടും ഇന്ത്യൻ സ്ത്രീക്ക് പൂർണ്ണമായ അർത്ഥത്തിൽ പ്രാപ്യമായോ എന്ന ചോദ്യം നിസ്സാരമായി കരുതേണ്ട ഒന്നല്ല. തുല്യതക്കുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, ചൂഷണത്തിനെതിരെയുള്ള അവകാശം, മതസ്വാതന്ത്ര്യത്തിനുള്ള അവകാശം, വിദ്യാഭ്യാസത്തിനുള്ള അവകാശം, ഭരണഘടനാപരമായ അവകാശങ്ങൾ എന്നിവയാണ് ഇന്ത്യൻ ഭരണഘടന നിഷ്കർഷിക്കുന്ന പൗരാവകാശങ്ങൾ. ഇതിൽ സ്വാതന്ത്ര്യത്തെ, സഞ്ചാരസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം, തൊഴിൽ സ്വാതന്ത്ര്യം, എവിടെയും താമസിക്കാനുള്ള സ്വാതന്ത്ര്യം, സംഘടനകളുണ്ടാക്കാനും സമ്മേളിക്കാനുമുള്ള സ്വാതന്ത്ര്യം എന്നിങ്ങനെ വീണ്ടും വിഭജിക്കുന്നു.

ഉന്നത അധികാരകേന്ദ്രങ്ങൾ മുതൽ വോട്ടർ പട്ടികയിൽപോലും ഉൾപ്പെടാത്ത തെരുവിന്റെ മക്കൾവരെ വ്യാപിച്ചുകിടക്കുന്ന ഇന്ത്യൻ സമൂഹം നൂറ്റാണ്ടുകളായി വിഗ്രഹതുല്യം കാത്തുസംരക്ഷിക്കുന്ന മൂല്യസങ്കല്പമാണ് ആൺകോയ്മയുടെ പാരമ്പര്യ പെരുമ. ഭരണകൂടം - പ്രജാസമൂഹം എന്ന ദ്വന്ദ്വത്തിനു സമാനമായി ആൺ-പെൺ ദ്വന്ദ്വത്തെയും നിശ്ചിതമായ അനുപാതത്തിൽ നിലനിർത്താനുള്ള ശ്രമവും എക്കാലവും ഇവിടെ സംജാതമായിട്ടുണ്ട്. കുറ്റകൃത്യങ്ങളിലെ പെൺസാന്നിദ്ധ്യങ്ങളുടെ മറവിൽ സ്ത്രീസമൂഹത്തെ ഒന്നടങ്കം കുറ്റകൃത്യങ്ങളുടെ പ്രേരകഘടകം എന്ന ലേബലിലേക്ക് തരംതാഴ്ത്തുന്ന വർത്തമാനകാല രോഗാവസ്ഥതന്നെ ഇന്ത്യൻ സ്ത്രീയുടെ പാരതന്ത്ര്യത്തിന്റെ പ്രതിഫലനമാണ്. വികലമായ അവബോധങ്ങളിൽ നിന്നോ ജൻമവാസനകളിൽ നിന്നോ രൂപപ്പെടുന്ന കുറ്റവാസനകളുടെ അടിസ്ഥാന കാരണം സ്ത്രീകളാണെന്ന നിരീക്ഷണം; സമൂഹമെന്നത് പുരുഷനും, സ്ത്രീ ഭോഗവസ്തുമാത്രവുമാണെന്ന മാമൂലിനെ പുനഃസ്ഥാപിക്കുക മാത്രമാണ് ചെയ്യുന്നത്. വീക്ഷണങ്ങളാണ് സ്ത്രീത്വത്തിന്റെ പദവിയെ ഉത്കൃഷ്ടമോ അപകൃഷ്ടമോ ആക്കുന്നതെന്ന് മേരി ആൻ ഫർഗൂസൻ പറഞ്ഞത് ഇവിടെ

പ്രസക്തമാകുന്നു.

പൗരാവകാശങ്ങളിൽ ഒന്നാമത്തേതായ തുല്യത, ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീകൾക്ക് ഇക്കാലമത്രയും സംജാതമായോ എന്ന് ആദ്യം പരിശോധിക്കാം. കുടുംബം എന്ന ചെറു ഏകകത്തിൽ നിന്നാണ് തുല്യതയുടെ നിരാകരണം സ്ത്രീ അനുഭവിച്ചു തുടങ്ങുന്നതുതന്നെ. അമ്മ, ഭാര്യ, സഹോദരി, മകൾ എന്നീ പദവികൾ വ്യവസ്ഥാപിതമായ വേർതിരിവുകളാൽ കെട്ടപ്പെട്ട ബിംബകല്പനകളാണ് നമ്മുടെ സമൂഹത്തിൽ. വിവാഹിതനായ പുരുഷന്റെ അമ്മ അഥവാ 'മരുമകളുടെ അമ്മായിയമ്മ' മാത്രമാണ് കുടുംബം എന്ന സ്ഥാപനത്തിലെ സ്വതന്ത്രയായ ഏകസ്ത്രീ. ചുരുങ്ങിയ കാലത്തേക്ക് ഏതാനും സ്ത്രീകൾ പുരുഷപക്ഷത്തേക്ക് അഥവാ പരമ്പരാഗതസ്ത്രീയുടെ എതിർപക്ഷത്തേക്ക് മാറ്റി പ്രതിഷ്ഠിക്കപ്പെടുന്നു എന്നു മാത്രമേ ഇതിനർത്ഥമുള്ളൂ. നിയമവും ഭരണകൂടവും അനുശാസിക്കുന്ന തുല്യതയോ പ്രത്യേക ആനുകൂല്യമോ പോലും പൊതു ഇടങ്ങളിൽ സ്ത്രീക്ക് ലഭ്യമാകുന്നതിന് മര്യാദ, ധാർമ്മികത എന്നിവയിലധിഷ്ഠിതവും പുരുഷനിർമ്മിതവുമായ മിത്തുകൾ തടസ്സം സൃഷ്ടിക്കുന്നു. അധികാര രാഷ്ട്രീയത്തിലെ തുല്യതയാണ് മറ്റൊരു പ്രശ്നം. 1995 മുതലുള്ള ത്രിതല പഞ്ചായത്ത് സംവിധാനം, ജനകീയാസൂത്രണ പദ്ധതി, ആദ്യം 33% ഉം തുടർന്ന് 50 % സംവരണത്തിലേക്കുമുള്ള വളർച്ച എന്നിവ കേരളസ്ത്രീയുടെ ശാക്തീകരണത്തിന് ഏറെക്കുറെ സഹായകമായി. ബൗദ്ധികമേഖലയിലും ഔദ്യോഗികമേഖലയിലും കേരളത്തിലെ സ്ത്രീകൾക്കിടയിലുണ്ടായ മുന്നേറ്റവും താഴെക്കിടയിലുള്ള തൊഴിലുറപ്പു പദ്ധതിയും ആളോഹരി വരുമാനത്തെയും സ്ത്രീകളുടെ ആത്മവിശ്വാസത്തെയും വർദ്ധിപ്പിച്ചുവെന്നതും സത്യം. എന്നാൽ

ബൗദ്ധികമേഖലയിലും ഔദ്യോഗികമേഖലയിലും കേരളത്തിലെ സ്ത്രീകൾക്കിടയിലുണ്ടായ മുന്നേറ്റവും താഴെക്കിടയിലുള്ള തൊഴിലുറപ്പു പദ്ധതിയും ആളോഹരി വരുമാനത്തെയും സ്ത്രീകളുടെ ആത്മവിശ്വാസത്തെയും വർദ്ധിപ്പിച്ചുവെന്നതും സത്യം.

ഇത്തരമൊരു സംസ്ഥാനത്തെ നിയമസഭയിലും പാർലമെന്റിലുമുള്ള സ്ത്രീപ്രാതിനിധ്യവും, പേരിനൊരു വനിതാമന്ത്രിയെ കണ്ടെത്താൻ ഇപ്പോഴത്തെ ഭരണ പക്ഷം നടത്തിയ തത്രപ്പാടും അത്യന്തം ലജ്ജാകരമാണ്. ഇതരസംസ്ഥാനങ്ങളിലും ഇന്ത്യൻ പാർലമെന്റിലും സ്ത്രീസംവരണം ഉറപ്പാക്കാൻ കഴിയാത്ത സാഹചര്യം മാത്രം മതി, ഇന്ത്യൻ പൊതുസമൂഹത്തിന്റെ സമസ്തമണ്ഡലങ്ങളെയും ഗ്രസിച്ചു നിൽക്കുന്ന പുരുഷാധിപത്യരാഷ്ട്രീയം തിരിച്ചറിയാൻ.

വിദ്യാഭ്യാസം എന്ന അവകാശത്തോടുള്ള സമീപനത്തിലും വേർതിരിവുകൾ ഉണ്ട്. നിർബന്ധിതവും പ്രാഥമികവുമായ സൗജന്യവിദ്യാഭ്യാസം, ഒറ്റപ്പെൺകുട്ടിയുടെ സൗജന്യ പഠനം എന്നിങ്ങനെ ഒട്ടേറെ പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിലും വിരലിലെണ്ണാവുന്ന സംസ്ഥാനങ്ങൾ ഒഴികെയുള്ള എല്ലായിടവും സ്ത്രീവിദ്യാഭ്യാസ നിരക്ക് താഴെയാണ്. 2011-ലെ സെൻസസ് പ്രകാരം കേരളം, മിസോറാം, ലക്ഷദ്വീപ്, ത്രിപുര, ആന്റമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിലാണ് സ്ത്രീവിദ്യാഭ്യാസ നിരക്ക് പുരുഷൻമാരെ അപേക്ഷിച്ച് ഉയർന്നു നിൽക്കുന്നത്. രാജസ്ഥാൻ, ബീഹാർ, ഝാർഘണ്ഡ്, ജമ്മു കാശ്മീർ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലാണ് സ്ത്രീകളുടെ വിദ്യാഭ്യാസ നിരക്ക് ഏറ്റവും താഴ്ന്നു നിൽക്കുന്നത്. മേൽപ്പറഞ്ഞ സംസ്ഥാനങ്ങളിലെ ഭൂരിപക്ഷ ജനതയുടെ പ്രത്യയശാസ്ത്രാഭിമുഖ്യം വിലയിരുത്തിയാൽ മാത്രം മതിയാകും ഈ അവസ്ഥയുടെ സാഹചര്യം തിരിച്ചറിയാൻ.

വിദ്യാഭ്യാസം ഒരു സംസ്കാരമായി കരുതുന്ന മേഖലകളിൽ മാത്രമാണ് സ്ത്രീ വിദ്യാഭ്യാസനിരക്ക് കുതിച്ചുയർന്നു നിൽക്കുന്നത്. വിവാഹം എന്ന പരമലക്ഷ്യത്തി ലേക്കുള്ള സഞ്ചാരത്തിന്റെ ഇടത്താവളം എന്ന നിലക്കാണ് ഭൂരിപക്ഷംപേരും സ്ത്രീവിദ്യാഭ്യാസത്തെ

കാണുന്നത്. ചില മതങ്ങളുടെയും സാമുദായികതയുടെയും അതിരുകടന്ന ഇടപെടലും പ്രാദേശിക ജീവിതസങ്കല്പങ്ങളും ഇന്നും കോടിക്കണക്കിന് ഇന്ത്യൻ വനിതകളെ നിരക്ഷരരാക്കുകയോ പാതി വഴിയിൽ പഠനം ഉപേക്ഷിക്കാൻ നിർബന്ധിതരാക്കുകയോ ചെയ്യുന്നു. കേരളം ഉൾപ്പെടെയുള്ള ഏതാനും സംസ്ഥാനങ്ങളൊഴികെ സ്ത്രീകളുടെ ഉന്നതവിദ്യാഭ്യാസത്തിന് യാതൊരു പരിഗണനയും നൽകാത്ത സംസ്ഥാനങ്ങളാണ് ഇന്ത്യയിൽ കൂടുതൽ ഉള്ളത്.

ചൂഷണത്തിനെ തിരെയുള്ള പൗരാവകാശത്തിന്റെ ലംഘനം പെണ്ണുടലിനു നേർക്കുള്ള ആൺനോട്ടങ്ങളിൽ നിന്ന് ആരംഭിച്ച്, ഉല്പന്നങ്ങളുടെ വിറ്റുവരവിനെ നിയന്ത്രിക്കുന്ന മുന്തിയ വിപണനവസ്തു എന്ന ധാരണവരെ എത്തിനിൽക്കുന്നു. സ്ത്രീയുടെ വ്യക്തിത്വം കേവലശരീരം മാത്രമായി ചുരുക്കുകയും അധികാരം, ഉപഭോഗം എന്നിവ ആണിന്റെ അവകാശമായി ആഘോഷിക്കുകയും ചെയ്യുന്നതിലൂടെ 50 ശതമാനത്തോളം പേരുടെ പൗരാവകാശം സംരക്ഷിക്കപ്പെടുകയല്ല, ആക്രമിക്കപ്പെടുകയാണ് ചെയ്യുന്നത്. ദലിതരും അരക്ഷിതരായ കുഞ്ഞുങ്ങളും കൂടിയാകുമ്പോൾ ചൂഷണം ചെയ്യപ്പെടുന്നവർ ബഹുഭൂരിപക്ഷമാകുന്നു.

വീടകങ്ങളിലെ ദൈനംദിനദൗത്യങ്ങളാണ് ചൂഷണത്തിന്റെ മറ്റൊരു വശം. മദ്ധ്യവർഗ്ഗ-ഉപരിമദ്ധ്യവർഗ്ഗ വിഭാഗങ്ങളിലെ സ്ത്രീകൾ ഭക്ഷണ സ്വാതന്ത്ര്യം അനുഭവിക്കുമ്പോൾ, ദരിദ്രസ്ത്രീകൾ സ്വയം ഞെരുങ്ങിയാണ് പുരുഷൻമാരെ ആഹരിപ്പിക്കുന്നത്. മദ്ധ്യവയസ്സ് എത്തുമ്പോഴേക്കും വിശ്രമമില്ലായ്മമൂലം ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ

> ചൂഷണത്തിനെ തിരെയുള്ള പൗരാവകാശത്തിന്റെ ലംഘനം പെണ്ണുടലിനു നേർക്കുള്ള ആൺനോട്ടങ്ങളിൽ നിന്ന് ആരംഭിച്ച്, ഉല്പന്നങ്ങളുടെ വിറ്റുവരവിനെ നിയന്ത്രിക്കുന്ന മുന്തിയ വിപണനവസ്തു എന്ന ധാരണവരെ എത്തിനിൽക്കുന്നു.

നേരിടുന്ന ഉദ്യോഗസ്ഥരും തൊഴിലാളുകളുമായ വീട്ടമ്മമാരുടെ എണ്ണം ഇന്ത്യയിൽ കൂടി വരുന്നതേയുള്ളു. പുരുഷാധിപത്യത്തിന്റെ വിശ്വാസ സംഹിതകൾ അടിച്ചേല്പിച്ച മാനസികാടിമത്തം തന്നെയാണ് ഇതിനു കാരണം.

അസംഘടിതമേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾ നേരിടുന്ന ചൂഷണങ്ങൾ പത്രവാർത്തകളിൽ കാണുന്നവയേക്കാൾ ഞെട്ടിക്കുന്നവയാണ്. അധികസമയജോലി, ശമ്പളക്കുറവ് എന്നിവ കൂടാതെ ലൈംഗികചൂഷണംവരെ സ്വാഭാവിക പ്രക്രിയയായി കരുതി അപകർഷതാബോധത്തോടെ ഞെരുങ്ങി ജീവിക്കുന്നവർ നഗരഗ്രാമഭേദമെന്യേ ധാരാളമുണ്ട്. സംസ്ഥാന-ദേശീയ വനിതാ കമ്മീഷനുകൾ സജീവമായിരിക്കെത്തന്നെ ബോധവൽക്കരണ പദ്ധതികൾ വേണ്ട രീതിയിൽ നടക്കാത്തതുമൂലവും മാദ്ധ്യമങ്ങൾ പ്രതിലോമപരമായ സ്ത്രീ സമീപനം പുലർത്തുന്നതുമൂലവും സ്ത്രീകൾക്കുനേരെയുള്ള ചൂഷണം ജീവിതശൈലിയായി മാറിയിരിക്കുന്നു.

മനുഷ്യാവകാശങ്ങൾക്കുവേണ്ടി രൂപം കൊണ്ട ആഗോളഫണ്ടിംഗ് ഏജൻസികൾക്കുപോലും അവികസിത മേഖലകളിലെ സ്ത്രീകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

സഞ്ചാരസ്വാതന്ത്ര്യമാണ് ഇന്ത്യൻ സ്ത്രീക്ക് നിഷിദ്ധമാക്കപ്പെട്ട അവകാശങ്ങളിൽ ഏറ്റവും പ്രധാനം. സ്ത്രീവിരുദ്ധവാദികൾക്കുപോലും ഈ അഭിപ്രായത്തോടു വിയോജിക്കാൻ കഴിയില്ല. ഡൽഹി, മുംബൈ തുടങ്ങിയ മെട്രോ നഗരങ്ങളും, മണിപ്പാൽ, പൂനെ കാമ്പസുകളും, ആൾക്കൂട്ടത്തിന്റെ മറവുകൾപോലും പെൺശരീരം പിച്ചിച്ചീന്തുമ്പോൾ ഓഗസ്റ്റ്-15-ന്റെ സ്വാതന്ത്ര്യാനുഭൂതി സ്ത്രീയെ മാറ്റിനിർത്തിക്കൊണ്ടാ ണെന്നു തിരുത്തിയെഴുതേണ്ടിവരും. ഭീകര വിരുദ്ധ നിയമത്തിന്റെ പേരിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ വിന്യസിച്ച ബി.എസ്.എഫ്. ജവാൻമാർ, സാധാരണ ജനജീവിതത്തിൽ

നടത്തിയ ഇടപെടലുകളിൽ ഏറ്റവും അപമാനകരം സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളാണ്. പതിനാലാം വർഷത്തിലേക്കു കടക്കുന്ന ഈറോം ശർമ്മിളയുടെ നിരാഹാരവും ബി.എസ്.എഫ്. ആസ്ഥാനത്തേക്ക് സ്ത്രീകൾ നഗ്നരായി നടത്തിയ പ്രതിഷേധ സമരവും ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്താണെന്ന് ഓർത്തുലജ്ജിക്കുക.

സ്ത്രീയെ സംബന്ധിച്ചിടത്തോളം പരിതാപകരമായിത്തുടരുന്ന മറ്റൊരു പൗരാവകാശം അഭിപ്രായസ്വാതന്ത്ര്യമാണ്. എല്ലാ രാഷ്ട്രീയപാർട്ടികളുടെയും എക്സിക്യൂട്ടീവ് കമ്മിറ്റികളിലെയും കേന്ദ്ര-സംസ്ഥാന മന്ത്രിസഭകളിലെയും സ്ത്രീ സാന്നിദ്ധ്യം പരിശോധിച്ചാൽ മതിയാകും സത്യാവസ്ഥ ബോദ്ധ്യപ്പെടാൻ. പൊതു ഇടങ്ങളിൽ കൂട്ടായി നിന്ന് ഉറക്കെ സംസാരിക്കാനും ഉറക്കെച്ചിരിക്കാനുമുള്ള അവകാശം പുരുഷന്റേതുമാത്രമാണെന്ന മട്ടിലാണ് ആണുങ്ങളും പെണ്ണുങ്ങളും പെരുമാറുന്നത്. കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങൾ ഒറ്റക്കു നടത്തിക്കൊണ്ടുപോകുന്ന സാധാരണ സ്ത്രീകളെയും ഉറക്കെ സംസാരിക്കുന്ന സ്ത്രീകളെയും അഹങ്കാരികളായി മുദ്രകുത്താനാണ് സമൂഹത്തിനിഷ്ടം. അലിഖിതമായ ഇത്തരം നിയമങ്ങൾ സുസ്ഥിരമാക്കുന്നത് 'അഹങ്കാരികൾ' ക്കുനേരെയുള്ള പുച്ഛം കലർന്ന നോട്ടത്തിലൂടെയോ കീഴ്പ്പെടുത്തലിലൂടെയോ ആണ്. കേരളത്തിലെ ത്രിതല പഞ്ചായത്തുകളും കുടുംബശ്രീ യൂണിറ്റുകളും കണ്ട് 'കാലംമാറി' എന്ന് ഉപരിപ്ലവമായി പറയാമെങ്കിലും ശീലം മാറിയിട്ടില്ലെന്നതാണ് സത്യം.

എല്ലാ തൊഴിൽ മേഖലകളിലും സ്ത്രീസാന്നിദ്ധ്യം സജീവമായി തുടങ്ങിയതോടെ തൊഴിൽ ചെയ്യാനുള്ള സ്വാതന്ത്ര്യം ഏറെക്കുറെ പ്രാപ്യമായി എന്നു പറയാം. ഇന്ത്യയിൽ എവിടെയെങ്കിലും ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നൈറ്റ് സെക്യൂരിറ്റി ഡ്യൂട്ടി ഏതെങ്കിലും ഒരു സ്ത്രീയെ നിയോഗിക്കാൻ കഴിയുമോ? നൈറ്റ്ഡ്യൂട്ടി കഴിഞ്ഞോ പകൽ അല്പം വൈകിയോ യാത്ര ചെയ്യുന്ന എത്ര സ്ത്രീകളാണ് വർഷം തോറും ബലാത്സംഗത്തിനും കൊലപാതകത്തിനും ഇരയാകുന്നത്. അങ്ങനെ വരുമ്പോൾ തൊഴിൽ സ്വാതന്ത്ര്യം വേണ്ട രീതിയിൽ സ്ത്രീകൾക്ക് സംജാതമായിട്ടില്ലെന്ന് പ്രത്യക്ഷത്തിൽ തന്നെ സമ്മതിക്കേണ്ടിവരും.

ഇന്ത്യയിലെവിടെയും താമസിക്കാനുള്ള സ്വാതന്ത്ര്യം പൗരൻമാർക്ക് ഭരണഘടന ഉറപ്പുനൽകുന്നു. ഔദ്യോഗിക വൃത്തിയുടെ ഭാഗമായോ മറ്റോ സന്ധ്യകഴിഞ്ഞ് ഒറ്റക്ക് ഒരു സ്ത്രീ ലോഡ്ജിൽ മുറിയെടുത്താൽ നെറ്റി ചുളിച്ചൊന്ന് നോക്കുകയെങ്കിലും ചെയ്തില്ലെങ്കിൽ സദാചാരസമൂഹത്തിന് സമാധാനമാകില്ല. ഇത്തരം നോട്ടങ്ങളും അടക്കിപ്പറച്ചിലുകളും സ്വാതന്ത്ര്യത്തിനുമേലുള്ള വിലക്കുകളാണെന്ന സത്യം മറക്കാതിരിക്കുക.

സ്ത്രീകൾക്കുകൂടി അവകാശപ്പെട്ട സംഘടനാ സ്വാതന്ത്ര്യവും എവിടെയും സമ്മേളിക്കാനുള്ള സ്വാതന്ത്ര്യവും ഒരു പരിധിവരെ നേടിയെടുത്തത് ഇവിടുത്തെ ഫെമിനിസ്റ്റ് സംഘടനകളാണ്. രാഷ്ട്രീയപാർട്ടികളുടെ വനിതാ സംഘടനകളുടെ നയപരിപാടികളും സമരങ്ങളും പലപ്പോഴും പുരുഷപക്ഷത്തിന്റെ തീരുമാനങ്ങൾക്കനുസരിച്ചു മാത്രം നടപ്പിലാകാറുണ്ട്. അക്കാര്യം രാഷ്ട്രീയ കക്ഷികൾ തുറന്നമനസ്സോടെ പുനർവിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു. ഭൂരിപക്ഷം രാഷ്ട്രീയ കക്ഷികൾക്കും വനിതാവിംഗ് ഇല്ലാത്തതിന്റെ കാരണം- പുരുഷാധിപത്യപരമായ നിലപാടുകൾ അവർ പാലിച്ചുപോരുന്നതു കൊണ്ടുതന്നെയാണ്. ഫെമിനിസ്റ്റുസംഘടനകൾ എല്ലാത്തരം സ്ത്രീകളിലേക്കും ട്രേഡ് യൂണിയനുകളിലേക്കും കക്ഷിരാഷ്ട്രീയത്തിലേക്കും വരെ അവരുടെ ഇടപെടലുകൾ അടിയന്തിരമായി നടത്തേണ്ടിയിരിക്കുന്നു. ലൈംഗികാതിക്രമങ്ങൾ വർദ്ധിച്ചുവരുമ്പോൾ അവരുടെ ശ്രദ്ധ വികസന പ്രശ്നങ്ങളിലേക്കു കടക്കാത്തവിധം പ്രവർത്തനങ്ങൾ പ്രതിരോധങ്ങളിലേക്കു മാത്രം ഒതുങ്ങിപ്പോകുന്നു. അതിനാൽ കൂടുതൽ സ്ത്രീകളെ ബോധവത്കരണത്തിലൂടെ പൊതുരംഗത്തേക്ക് എത്തിക്കേണ്ടിയിരിക്കുന്നു.

സോണിയാഗാന്ധിയോ പ്രതിഭാ പാട്ടീലോ മാത്രമല്ല ഇന്ത്യൻ സ്ത്രീയുടെ പ്രതിനിധികൾ. വീടകങ്ങളിലും പൊതു ഇടങ്ങളിലും ദാരുണമായി കൊലചെയ്യപ്പെടുന്നവരും ശാരീരികചൂഷണത്തിന്റെ പേരിൽ ജീവച്ഛവങ്ങളായി കഴിയുന്ന - പേരുകൾക്കുപോലും പ്രസക്തിയില്ലാത്ത - കോടിക്കണക്കിന് സഹോദരിമാരും ഇന്ത്യൻ സ്ത്രീകളാണ്. ഓഗസ്റ്റ് 15- അഥവാ പ്രഖ്യാപിത സ്വാതന്ത്ര്യം ഇന്ത്യയുടെ പെൺമക്കളുടെ കൂടി അവകാശമായി ഇനിയെങ്കിലും മാറേണ്ടിയിരിക്കുന്നു.

വി.യു. അമീറ

# കുഞ്ഞീബിയുടെ ശരിയും തെറ്റും...

സിറാത്തുൽ മുസ്തഖീം...എന്ന പാലം..ഇങ്ങള് കേട്ടിരിക്ക്ണാ??? വാളിനേക്കാൾ മൂർച്ചയാണതിന്! മുടി നാരിനേക്കാൾ കനം കുറവാണതിന്!മരിച്ചിട്ട് അങ്ങട്ട് ചെല്ലുമ്പഴേ.. ഇങ്ങള് ചെയ്ത നന്മേം തിൻമേംഒക്കെ മലക്കോള് രണ്ട് തോളിലും ഇരുന്ന് എഴുതി ബെച്ചിട്ടുണ്ടാകും. മരിച്ച് ചെല്ലുമ്പഴക്ക് അത് മുഴുമനും കണക്ക് കൂട്ടീട്ട് അണുമണി തൂക്കം തിൻമ കൂടീട്ടുണ്ടെങ്കി കാലും തെറ്റി നേരെ നരകത്തീയിലേക്ക് ബീഴും. തെറ്റൊന്നും ചെയ്യാത്തോര് സ്വർഗത്തിലേക്ക് കുതിരേനെ ചേലിക്ക് കുതിക്കും..



ചെലര് ഞമ്മടെ ഞൊണ്ടി ഹസ്സനിക്കാനെ പോലെ നെരങ്ങി നെരങ്ങി പോകും. ചെലരേ പാതിയെത്തുമ്പളേ കാല് തെറ്റി ബീഴും.ഓരെ അപ്പ തന്നെ പാമ്പ് ബിഴുങ്ങും. ചെലര് കേറ്മ്പഴേ പാലം അപ്പാടെ കുലുങ്ങി ഓരെ മറിച്ചിടും... മദ്രസേലെ വട്ടതാടി വെച്ച ഉസ്താദിന്റെ വർണ്ണനകൾ നീണ്ട് നീണ്ട് പോയപ്പോ കുഞ്ഞീബി ബേജാറായി. സ്വലാത്ത് ചെല്ലീതും ബെല്ലടിച്ചതും എല്ലാരും കലപില കൂട്ടി പോയതും ഒന്നും അവളറിഞ്ഞില്ല. പടച്ചോനെ.. ഇപ്പം ഞാൻ മയ്യത്തായാൽ ഞാനും പാലത്തിന്റെ മോളീന്ന് ബീഴോ?എന്ത് തെറ്റ് ചെയ്യുന്നോരെ ആണാവോ പടച്ചോൻ പാലത്തിൽ നിന്ന് തള്ളിയിടുക! ഉസ്താദ് പറേണ പോലെ മക്കന ഇടുണ്ട്..ടി വി കാണണില്ല. ഖുറാൻ ഓതണ് ണ്ട്.അർത്ഥമറീല്ലെങ്കിലും ഓതണ് ണ്ടല്ലോ.. അപ്പ പിന്നെ സ്വർഗത്തി പോവേരീക്കും.. അള്ളാ...ഉമ്മച്ചി അറിയാതെ ഉമ്മച്ചീടെ പെട്ടീന്ന് അഞ്ച് രൂപാ എടുത്ത് കാരക്കാ മിഠായീം തേൻ മിഠായീം ഒക്കെ ബേടിച്ച് തിന്നത് പടച്ചോൻ മല്ക്കോളെ കൊണ്ട് എഴുതി വെപ്പിച്ചിട്ടുണ്ടാകോ? ഇനീപ്പോ... സ്കൂളില് പോണ വഴീല് അബ്ദുള്ളക്കാന്റെ വീട്ടു പറമ്പിലെ ചാമ്പക്ക മരം കാലിയാക്കീത്

മല്ക്കോള് എഴുതി ബെച്ചിട്ടുണ്ടാകോ??എന്തൊക്കേവും ഈ ഉസ്താദ് പറയുന്ന നന്മേം തിന്മേം... 'പിന്ന്യേ ...അതൊക്കെ ബെല്യ തെറ്റന്ന്യേ... ആര്ടേം മൊതല് കക്കാൻ പാടില്യാന്ന് പഠിപ്പിച്ചിട്ടില്ല്യേ ഞമ്മള്..ഒരു ഈൗർക്കിലീന്റെ കഷ്ണേങ്കിലും സമ്മതം ചോയിക്കാണ്ട് എടുത്താ നരകത്തീ പോകും...'

'സംശയംതീരാതെ രണ്ട് നക്ഷത്ര കണ്ണുകൾ ഉസ്താദിന്റെ നേരെ മിഴിച്ച് നോക്കി...'കുട്ട്യോള് അറിയാതെ തെറ്റ് ചെയ്തെങ്കീ പടച്ചോൻ ക്ഷമിക്കൂലേ...

'ചോദിക്കാനാഞ്ഞപ്പോഴാണ് കാൽമുട്ടിന് മോളിലേക്ക് കുഞ്ഞിപ്പാവാട കയറുന്നത് അവളറിഞ്ഞത്. 'ബീട്ടില് ള്ളോരല്ലാതെ പെങ്കുട്ട്യോളെ ബേറെ ആരെങ്കിലും കെട്ടിപ്പിടിക്കണത് തെറ്റല്ലേ 'ന്ന ചോദ്യം ഉസ്താദിന്റെ വിരലുകൾക്കിടയിൽ ശ്വാസം മുട്ടി പിടഞ്ഞു..പാലം പാമ്പായി വിഴുങ്ങാൻ വരണത് കുഞ്ഞീബി അറിഞ്ഞു...പിറ്റേന്ന് പള്ളി പറമ്പിലേക്കുള്ള യാത്രക്ക് ഒരുങ്ങി കിടക്കുമ്പോളും കുഞ്ഞീബീടെ 'ശരിയും തെറ്റും' സംശയം തീർന്നിരുന്നില്ല..തലയ്ക്കാമ്പുറത്ത് ഇരുന്ന് കോട്ടുവായിട്ട് ഖുർആൻ ഓതണ ഉസ്താദിനും തെരക്കായിര്ന്ന് ...മദ്രസയില് വേറെയും കുഞ്ഞീബിമാര് നൻമേം തിൻമേം തൂക്കുന്നത് പഠിക്കാൻ കാത്തിരിക്കണുണ്ടായിരുന്നു ●

**കവിത**

# ഒരു പേരിനിത്രയും പര്യായങ്ങൾ......?

**ഗീത മുന്നൂർകോട്**

**അ**റിവുദിക്കാത്ത നാളുകളിൽ
അമ്മക്കൊഞ്ചൽ വിളികളിൽ
തങ്കക്കുട്ടീ, പൊന്നുംകുടമേ,
ചക്കരേ ചുന്ദരീ...മണിക്കുട്ടീ...
മധുരിച്ചിരുന്നോരോന്നും!

പട്ടുകുപ്പായം ചെറുതായി
പാവാട നീണ്ടു ധാവണിയിലും
സൽവാർ കമ്മീസുകളിലുമെത്തി
താരുണ്യത്തോടൊപ്പം
എത്രയെത്ര നൂതനവാക്കുകളാണ്
എന്റെ പേരിനൊപ്പം കൂട്ടുകൂടിയത്....!

എന്നോ ഒരു 'ഡാർലിങ്' പ്രണയവിളിയിൽ
പ്രിയതരം മധുരിച്ച കാതുകൾക്കപ്പുറം
കനത്തുവിറച്ചുപോയി
'ധിക്കാരി.... മൂധേവി... മുടിഞ്ഞവൾ'

പൊന്നിൽക്കുനിഞ്ഞ് കയറിയ
പുത്തൻ പടിക്കുമേൽ
ശ്രീയായി.... ലക്ഷ്മിയായി....
ഐശ്വര്യദേവതയായി....!
മണിയറയിലെ മാരിവില്ലുമായി...!

സുവർണ്ണസുന്ദര പര്യായങ്ങളെണ്ണാനുംമാത്രം
നേരവും കാലവുമില്ലാതെ
അടുക്കളപ്പുകച്ചിലിലേക്കെത്തി നോക്കി
'അശ്രീകരമേ.... ചേട്ടേ... മൂശേട്ടേ....'
അങ്ങനെയങ്ങനെയൊരുപാടുപേരുകൾ!

പ്രസവിച്ചിട്ട മുലപ്പാൽമധുരങ്ങളിൽ
ആശ്വാസമായി.... ള്ളേ....ന്ന് കരഞ്ഞ്
ഞഞ്ഞ്... ഞമ്മ...അമ്മിഞ്ഞ...
അമ്മ,.... പൊന്നമ്മയൊക്കെയായി
എനിക്കർത്ഥമേകിട്ടു തന്നവ
വളർത്തിയുയർത്തി
പിന്നെ തളർത്തിയങ്ങനെ
പേരിഴകളിൽ ജര, നര പടർന്ന്
മുത്തശ്ശിയിലേക്കെത്തുംമുമ്പേ
വിളിനാക്കുകൾ വിദൂരങ്ങളിലേക്ക്...

എനിക്കിനി പേരില്ല, പേരിന്
പര്യായങ്ങളില്ല.



രശ്മി. ജി

# പെൺരചനയിലെ നർമ്മവഴികൾ

(ശ്രീബാല. കെ. മേനോന്റെ കഥകളുടെ പഠനം)

**മനസിൽ** നർമ്മം സൂക്ഷിക്കുകയും അതിനെ ആസ്വദിക്കുകയും ചെയ്യുന്ന ഒരാൾക്കു ജീവിതത്തെ നർമ്മത്തിന്റെ വിടർന്ന കണ്ണുകളിലൂടെ നോക്കിക്കാണുവാൻ കഴിയും. ഇത്തരം കാഴ്ചകളിൽ അവിഹിതങ്ങളുടെ നിലപാടുകൾ ഉണ്ട്, ദാരിദ്ര്യത്തിന്റെ വേവലാതികൾ ഉണ്ട്, പൊങ്ങച്ചങ്ങളുടെ കെട്ടുകാഴ്ച്ചകൾ ഉണ്ട്. ഇവയൊക്കെ തികഞ്ഞ നർമ്മത്തോടെ ശ്രീബാല കെ.മേനോൻ തന്റെ കഥാപരിസരങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നു. മനസിനെ പിടിച്ചു കുലുക്കി ചിന്തോദ്ദീപകമാക്കുന്നവയല്ല ഈ കഥകൾ. മറിച്ചു പരിഹാസത്തിലൂടെയും, നിർദോഷമായ ഫലിതങ്ങളിലുടേയും കറുത്തഹാസ്യങ്ങളുടെ കുത്തൊഴുക്കുകളിലൂടേയും ശ്രീബാലയുടെ കഥകളിൽ ചിരിയുടെ അംശങ്ങൾ ഉയർത്തുമ്പോൾ രൂക്ഷ വിമർശനങ്ങളും അതുവഴി ജീവിതത്തിന്റെ ഇരുണ്ട ഏടുകളെ കാട്ടിത്തരികയും ചെയ്യുന്നു.

പ്രത്യക്ഷത്തിൽക്കാണുന്ന സമൂഹത്തിനു സമാന്തരമായി എപ്പോഴും മറ്റൊരു സമൂഹം കൂടിയുണ്ട്. അവിഹിത ബന്ധങ്ങളുടെ ആ ലോകത്തെ കഥാകാരി 'അധോലോകം' എന്ന പേരിൽ ഓമനിക്കുന്നു. അവിടേക്കുള്ള എഴുത്തുകാരിയുടെ ഹാസ്യാത്മകമായ യാത്രയാണു 'പുട്ടും കടലക്കറി'യും എന്ന കഥ. എല്ലാ വർഷവും ഭാര്യയെ മാറ്റി നിറുത്തി കാമുകിയുമായി കഴിയാനെത്തുന്ന നായകനും ഭർത്താവിനെ മാറ്റി നിറുത്തി കാമുകനുമായി കഴിയാനെത്തുന്ന നായികയും ഈ കഥയിൽ ഉണ്ട്. എല്ലാ വർഷവും രണ്ടോ മൂന്നോ ദിവസം മാത്രം ഒന്നിച്ചു താമസിക്കുകയും തുടർന്നു തങ്ങളുടെ കുടുംബ ബന്ധങ്ങളിലേക്കു സന്തോഷ പൂർവ്വം അവർ യാത്ര ആകുകയും ചെയ്യുന്നു. ഇത്തരം സമാഗമത്തിൽ അവർ അടുത്ത ജൻമം ഭാര്യയും ഭർത്താവുമായി കഴിയുന്നത് ആലോചിച്ചുറപ്പിക്കുന്നു. അടുത്ത ജൻമത്തിലും ഇനിയുള്ള എല്ലാ ജൻമങ്ങളിലും എനിക്കു രാവിലെ പുട്ടും കടലയും കിട്ടണം. രാജകുമാരനെപ്പോലെ



പ്രാതൽ എന്ന് പഴമൊഴി എന്ന കാമുകന്റെ പറച്ചിലിന് കാമുകിയുടെ മറുപടി ഇപ്രകാരമാണ്, "ആര് എന്തു മൊഴിഞ്ഞാലും വെളുപ്പാൻ കാലത്ത് എനിക്കു അടുക്കളയിൽ കയറി പുട്ടും കടലയും ഉണ്ടാക്കാൻ പറ്റില്ല." അയാൾ പിണങ്ങി അകലുമ്പോൾ എന്റെ സനേഹത്തെക്കാൾ വലുതാണോ ചിരട്ടപ്പുട്ടും കടലയും എന്നു ചോദിച്ചു വിലപിക്കുന്നു. സ്വപ്നങ്ങളിൽപ്പോലും നിറയുന്ന ഒരു മേൽക്കോയ്മ, അതാണു പുരുഷൻ. അവനു മാറാൻ കഴിയില്ല, പെണ്ണിനു കരയാതിരിക്കാനും ആവില്ല.

മലയാളി കപട സദാചാരവാദി ആയിരിക്കുമ്പോൾ തന്നെ സദാചാരബോധത്തിൽ അഭിമാനിക്കുകയും ചെയ്യുന്നു. ആണിനു ഏതു ചെളിയിലും ചവിട്ടാം. അടുത്ത കുളത്തിൽ ഒന്നു കാൽ കഴുകുന്ന പ്രശ്നം അല്ലേ വരുന്നുള്ളു. എന്നാൽ പെണ്ണ് അങ്ങനെ ആകാൻ പാടില്ല. ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി എക്കാലവും കാത്തുസൂക്ഷിക്കണം. പല പെണ്ണുങ്ങളുടെ കൂടെ കിടക്കുന്നവനും കല്ല്യാണം കഴിക്കുമ്പോൾ ആരും തൊടാത്ത, ഫ്രഷ് ആയ പെണ്ണിനെ തന്നെ വേണം. (ബാറ്ററിയുടെ പരസ്യം - സീൽ പൊട്ടാത്തതു തന്നെ വേണമല്ലോ). ഇത്തരത്തിലുള്ള ഒരുവൻ കെട്ടാൻ എത്തുമ്പോൾ ഒരു പെണ്ണ് അവനിട്ടു എങ്ങനെയാവും പണി കൊടുക്കുക. അതിന്റെ ഉത്തരമാണ് 'ഗുൽമോഹറിനു കീഴെ'... ജീവിതത്തോടു വളരെ ആസക്തിയുള്ള പെൺകുട്ടി കാമ്പസിൽ മണ്ണുണ്ണി എന്ന പേരിൽ അറിയപ്പെടുന്നവനെ പ്രണയിക്കുന്നു. അവൻ അതിനെ നിഷേധിക്കുന്നു. ഭാരത സ്ത്രീകൾ തൻ ഭാവശുദ്ധി ആഗ്രഹിച്ച് അവളെ കെട്ടാൻ വരുന്നവൻ തുറന്നു പറയുന്നു, "മൂന്നു സ്ത്രീകളുമായി എനിക്കു സെക്ഷ്വൽ റിലേഷൻസ് ഉണ്ടായിട്ടുണ്ട്" ആർ യു എ വെർജിൻ? എന്നു ചോദിച്ച്, താലികെട്ടാൻ പോകുന്നവനുള്ള മറുപടി അവൾ കൊടുക്കുന്നത് തന്റെ കിടപ്പറയിലേക്കു മണ്ണുണ്ണിയെ വിളിച്ചുകയറ്റിയാണ്. കന്യകാത്വം നഷ്ടപ്പെട്ട അവളുടെ കഴുത്തിൽ താലിവീഴുമ്പോൾ അവൾ ആണിന്റെ അഹന്തയെ ജയിക്കുകയായിരുന്നു.

'സിൽവിയാ പ്ലാത്തിന്റെ മാസ്റ്റർ പീസ്' ഒരു എഴുത്തുകാരിയുടെ ഭാവനാവിലാസങ്ങളാണ്. പിന്നാലെ നടന്നു ശല്യം ചെയ്യുന്നവനു ഭാര്യയും മകനുമുണ്ടെന്നു അവൾ കണ്ടെത്തുന്നു. തുടർന്നു അവരുമായി സൗഹൃദത്തിൽ ആകുന്നു. അപ്പുണ്ണിയേട്ടൻ എന്നു വിളിപ്പേരുള്ള അവരുടെ കൊച്ചുകുട്ടിയെക്കുറിച്ചുള്ള കഥകൾ അവൾ മനസിൽ നിറയ്ക്കുന്നു. സിൽവിയാ പ്ലാത്തിന്റേതു പോലെ ഒരു സാഹിത്യ - ദാമ്പത്യ കുടുംബം ആഗ്രഹിച്ച അവൾ ഒരു എഴുത്തുകാരനെ വിവാഹം കഴിക്കുന്നു. ആദ്യമേ തന്നെ ഭർത്താവ് അവളുടെ സർഗ്ഗാത്മക പ്രവർത്തനത്തിനു തടയിടുന്നു. വർഷങ്ങളായി മനസിൽ സൂക്ഷിക്കുന്ന കഥ മാസ്റ്റർ പീസായി എഴുതാൻ കഴിയാതെ അവൾ ഉത്തമ കുടുംബിനി ആകുവാൻ പരിശ്രമിക്കുമ്പോൾ അവളുടെ ഭർത്താവ് എഴുത്തു നിറുത്തിയ കഥാകാരികളെക്കുറിച്ച് സെമിനാറിൽ പ്രബന്ധം അവതരിപ്പിക്കുകയായിരുന്നു. എഴുത്തുകാരിയുടെ ഭാവനയല്ല റിയൽ ലൈഫ് എന്നു സിൽവിയാപ്ലാത്തിന്റെ മാസ്റ്റർ പീസ് വ്യക്തമാക്കുന്നു. ആൺ അധികാര മേൽക്കോയ്മകൾക്കു മുകളിൽ കടന്നുകയറി എഴുത്തു തുടരാൻ കഴിയാത്ത പെണ്ണുങ്ങൾ ഒരു അർത്ഥത്തിൽ രക്തസാക്ഷികൾ ആണ്.

കാലികമായ പല യാഥാർത്ഥ്യങ്ങളും കഥയിൽ സൂചിതമാണ്. ഭാര്യയും കുഞ്ഞുമായി സംതൃപ്ത ജീവിതം നയിച്ചാൽപ്പോലും അന്ധമായ കാമത്തിന്റെ പ്രലോഭനങ്ങളിൽ ആണുങ്ങൾ പെട്ടുപോകാറുണ്ട്. ഭാര്യ യാഥാർത്ഥ്യങ്ങൾ കണ്ടെത്തുമ്പോൾ അത് ഒരു ഡൈവോഴ്സിലോ, ആത്മഹത്യയിലോ അവസാനിക്കുകയും ചെയ്യും. എഴുത്തിന്റെ വിശാല ലോകത്തേക്കു കടക്കുവാൻ ആഗ്രഹിക്കുന്ന പല എഴുത്തുകാരികളും ദാമ്പത്യ ജീവിതത്തിലെത്തുമ്പോൾ കുടുംബ ഭദ്രതയ്ക്കു വേണ്ടി എഴുത്തു നിർത്തേണ്ടി വരുന്നു. ശ്രദ്ധേയമായ മറ്റൊരു പരിഹാസം ഉത്തരാധുനിക കഥകളെക്കുറിച്ചാണ്. മനുഷ്യമനസിന്റെ അഗാധതകളിലേക്കൂളിയിട്ടിറങ്ങുന്ന, ജീവി

'സിൽവിയാ പ്ലാത്തിന്റെ മാസ്റ്റർ പീസ്' ഒരു എഴുത്തുകാരിയുടെ ഭാവനാവിലാസങ്ങളാണ്. പിന്നാലെ നടന്നു ശല്യം ചെയ്യുന്നവനു ഭാര്യയും മകനുമുണ്ടെന്നു അവൾ കണ്ടെത്തുന്നു. തുടർന്നു അവരുമായി സൗഹൃദത്തിൽ ആകുന്നു. അപ്പുണ്ണിയേട്ടൻ എന്നു വിളിപ്പേരുള്ള അവരുടെ കൊച്ചുകുട്ടിയെക്കുറിച്ചുള്ള കഥകൾ അവൾ മനസിൽ നിറയ്ക്കുന്നു.

തമെന്ന പ്രഹേളികയെ തിരുത്തിയെടുക്കാൻ ശ്രമിക്കുന്ന എഴുത്തുരീതികളാണത്രേ ഇന്നത്തെ ട്രെന്റ്. അതുപോലെ എഴുതാൻ ഒരു സ്ത്രീക്കു കഴിയുമോയെന്ന നർമ്മ ചോദ്യവും ഈ കഥ മുമ്പോട്ടു വെക്കുന്നുണ്ട്.

തരികിടകളായ രണ്ടു വക്കീലൻമാരുടെ കഥയാണു 'അഞ്ഞൂറാൻ'. എല്ലാത്തരം ഡൈവോഴ്സുകളും കൈകാര്യം ചെയ്യുന്ന അവർ, ജയൻ & ജയൻ. ഡൈവോഴ്സിനു ശേഷം സ്ത്രീകളുടെ അടുത്തു ചൂണ്ട ഇടുകയും ചില തൊക്കെ അവിഹിത ബന്ധമായി വിജയിക്കുകയും അല്ലാത്തവ പുളിച്ചു നാറുകയും ചെയ്യും. ഇലവൻ. കെ.വി എന്ന വട്ടപ്പേരിൽ അറിയപ്പെടുന്ന ജയൻ മരിക്കുമ്പോൾ അവന്റെ കാമുകിയെ അഞ്ഞൂറാൻ എന്നു പേരുള്ള ജയൻ അടിച്ചെടുക്കുന്നു. മരണം, സെന്റിമെൻസ് എന്നിവ പോലും ഒരു കച്ചോടമായി മാറുന്നതാണ് അഞ്ഞൂറാനിൽ കാണുന്നത്.

'ശാപമോക്ഷ'ത്തിൽ ദാമ്പത്യത്തിലെ അസ്ഥിരതകളാണു വെളിപ്പെടുന്നത്. കുട്ടികളില്ലാത്ത രാജിയുടെ ഭർത്താവ് മറ്റു പലതിലും ആശ്വാസങ്ങൾ തേടുന്നു. പുതിയ സുഹൃത്തായ രമേഷ് ബാബുവിനെ വീട്ടിൽ കൊണ്ടുവരുമ്പോൾ അയാൾ ഒപ്പുനോക്കി ഭൂതം-ഭാവി പറയുന്ന കഴിവു കൂടി കാട്ടുന്നു. രാജിയുടെ പുർവ്വകാമുകനായ അയാൾക്കു ഒരുനാൾ അവൾ വിധേയപ്പെടുമ്പോൾ പരമ്പരാഗതമായി അവളുടെ തറവാടിനു കിട്ടിയിരുന്ന ശാപം മാറുന്നു. ദാമ്പത്യ ബന്ധങ്ങൾ ആത്മാർത്ഥതയും സത്യസന്ധതയും ആർദ്രതയും നിറഞ്ഞതല്ലെങ്കിൽ അവിടെ അവിഹിത ബന്ധങ്ങൾ രൂപപ്പെടുമെന്നു ശാപമോക്ഷം സൂചിപ്പിക്കുന്നു. 'ദാമ്പത്യം' എന്ന കഥയാവട്ടെ ദാമ്പത്യത്തിലെ വിരസതയെയും യാന്ത്രികതയെയും ഓർമ്മിപ്പിക്കുന്നു. ഭർത്താവിന്റെ യാന്ത്രിക ജീവിതത്തിന്റെ നിഴലായിരുന്നു ഭാര്യ. മക്കളെ പെറ്റുവളർത്തിയ ഏതാനും വർഷങ്ങൾ മാത്രമാണ് അവർ ഏകാന്തത അറിയാതിരുന്നത്. എപ്പോഴും സജീവമായി

> ശാപമോഷത്തിൽ ദാമ്പത്യത്തിലെ അസ്ഥിരതകളാണു വെളിപ്പെടുന്നത്. കുട്ടികളില്ലാത്ത രാജിയുടെ ഭർത്താവ് മറ്റു പലതിലും ആശ്വാസങ്ങൾ തേടുന്നു. പുതിയ സുഹൃത്തായ രമേഷ് ബാബുവിനെ വീട്ടിൽ കൊണ്ടുവരുമ്പോൾ അയാൾ ഒപ്പുനോക്കി ഭൂതം-ഭാവി പറയുന്ന കഴിവു കൂടി കാട്ടുന്നു.

ഇടപെടാൻ ഭാര്യാഭർത്താക്കൻമാർക്കു കഴിയാതെവരുമ്പോഴാണ് വിരസതയുടെ ഒറ്റപ്പെട്ട തുരുത്തുകളിലേക്കു മാറിപ്പോകുന്നത്.

പഴയകാല സ്ത്രീകളിൽ നിന്നു വ്യത്യസ്തമായി പുതുകാല പെണ്ണുങ്ങൾ ആൺ സൗഹൃദങ്ങൾ അനുവദിച്ചു കൊടുക്കുകയും അത്തരം അടുപ്പങ്ങൾ ആഗ്രഹിക്കുകയും ചെയ്യുന്നു. 'പെൺ ഫ്രെൺഡ്സി'ലെ കാർത്ത്യായനി എന്ന പെൺകുട്ടി കാത്തി എന്നു പേരു സ്വയം പരിഷ്ക്കരിക്കുകയും കൂടുതൽ ഇൻഡിപ്പെൻഡന്റ് ആകാനും പരിശ്രമിക്കുന്നു. ഇന്റർനെറ്റിലൂടെ ഉള്ള ഫ്രെണ്ട്സ് പോരാഞ്ഞിട്ട് സൗഹൃദത്തെ വളർത്താൻ പത്ര പരസ്യം ചെയ്യുകയും ചെയ്യുന്നു. പഴയകാല സ്ത്രീയായ അമ്മ, കാത്തിയുടെ നിലപാടുകളെ, രീതികളെ ഒക്കെ വിമർശിക്കുകയും അംഗീകരിക്കാതിരിക്കുകയും ചെയ്യുന്ന സ്ത്രീയാണ്. പരസ്യം കണ്ടു പയ്യൻമാർ വിളി തുടങ്ങുമ്പോൾ ഫോൺ അറ്റൻഡു ചെയ്യുന്ന അമ്മ അത് റോങ്ങ് നമ്പറാണെന്നു പറയുകയും ആരും കാണാതെ ഫോണിന്റെ കേബിൾ കട്ടു ചെയ്യുകയും ചെയ്യുന്നു. പുതിയ കാല ആൺ – പെൺ സൗഹൃദങ്ങളെ സംശയത്തോടുകൂടി വീക്ഷിക്കുന്ന ആ അമ്മ പഴയകാലത്തിന്റെ നൻമകളാണ് പ്രധാനമെന്ന് ഓർമ്മിപ്പിക്കുന്നു. സാങ്കേതിക വിദ്യയുടെ അതിവേഗത്തിലുള്ള വ്യാപനവും കുടുംബബന്ധങ്ങളുടെ ദൃഢതയില്ലായ്മയും പുതു ബന്ധങ്ങളുടെ കടന്നുവരവും, ഒരു സൈഡിൽ പുതുകാല ആൺ/പെൺ വ്യക്തിത്വങ്ങൾക്കു പശ്ചാത്തലം ആകുമ്പോൾ മറു സൈഡിലുള്ള പഴയകാല തലമുറ അച്ഛൻ/അമ്മ/മുത്തശ്ശൻ, മുത്തശ്ശി-ബന്ധങ്ങളുടെ ഇഴയടുപ്പവും ആർജ്ജവവും തിരിച്ചറിഞ്ഞു അനുഭവിച്ചവരും ജീവിതത്തിൽ അതു പാലിക്കുന്നവരുമാണ്. ആൺ – പെൺ, സൗഹൃദങ്ങളിലെ ചൂഷണങ്ങളെക്കുറിച്ചു പെൺഫ്രെണ്ട്സിലെ അമ്മയ്ക്കു നല്ലബോധവും, വേവലാതികളുമുണ്ട്. പെൺ മക്കൾ ഉള്ള എല്ലാ അച്ഛനമ്മാരുടെയും ഭീതി ഒന്നു തന്നെയാണെന്നു പെൺഫ്രെണ്ട്സ് ഓർമ്മിപ്പിക്കുന്നു.

എഴുത്തുകാരി തനിക്കേറെ ചിരപരിചിതമായ സിനിമാ മേഖലയെ കഥാപരിസരത്തിൽ അവതരിപ്പിക്കുന്ന കഥയാണ് 'മായ്ച്ചാലും മായാത്ത പാടുകൾ'. പുഷ്പൻ പെരിങ്ങോട്ടുകര എന്ന കോസ്റ്റ്യൂമറുടെ കോലാഹ

ലങ്ങൾ ഇതിൽ കാണാം.

അവാർഡു മോഹിയായ സംവിധായകൻ തന്റെ ആർട്ടു പടത്തിന്റെ വർക്കിനു കോസ്റ്റ്യൂമറെ വിളിക്കുന്നു. വമ്പൻ വർക്കു പ്രതീക്ഷിച്ചു വന്ന പുഷ്പന്, നായികയ്ക്കും നായകനും വേണ്ടി ജൂബ്ബ മാത്രമാണു തയ്ക്കാൻ ഉണ്ടായിരുന്നത്. ഷൂട്ടിംഗിനിടയിൽ നായികയുടെ അഭിനയം മോണിട്ടറിലൂടെ വീക്ഷിക്കുന്ന സംവിധായകൻ നായികയുടെ ഉയർന്ന മാറിടം കണ്ടു കോസ്റ്റ്യൂമറോടു തട്ടിക്കയറുന്നു. താനെന്താ അവളുടെ മാറത്തു കാട്ടിവെച്ചിരിക്കുന്നത്. താനിവിടെ 'പാഡു' പെടണ്ട. പൊന്നു സാറേ അത് ഒറിജിനലാ– എന്നു പുഷ്പൻ നിലവിളിക്കുമ്പോഴേക്കും അയാൾ ആ ആർട്ടു പടത്തിൽ നിന്നു പുറത്തായിരുന്നു. സിനിമയുടെ പിന്നാമ്പുറങ്ങളിലുള്ള പ്രവർത്തനങ്ങളെ ഒട്ടൊരു ഹാസ്യത്തോടെ അവതരിപ്പിക്കുകയാണ് എഴുത്തുകാരി. അതോടൊപ്പം മുഖ്യധാരാ കൊമേർഷ്യൽ സിനിമകളും ആർട്ടുപടങ്ങളും തമ്മിലുള്ള സമീപന രീതികളും ആവിഷ്ക്കരണങ്ങളും അവതരിപ്പിക്കുന്നതിലൂടെ ഹാസ്യത്തിന്റെ പുതിയ മണ്ഡലങ്ങൾ സൃഷ്ടിക്കുന്നു. ആർട്ടു പടത്തിന്റെ സംവിധായകൻ ഇതു ലക്ഷണമൊത്ത ആർട്ടുപടമാ ആൾക്കാരെ രസിപ്പിക്കലല്ല മറിച്ച് അസ്വസ്ഥരായി ചിന്തിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം എന്നു പറയുമ്പോൾ മലയാളത്തിലെ ചിരപരിചിതരായ പല ആർട്ടു സംവിധായകരുടേയും മുഖങ്ങൾ നമ്മുടെ ഉള്ളിലൂടെ കടന്നു പോകും. ആർട്ടു പടത്തിന്റെ ലക്ഷണയുക്തികൾ നിർമ്മിച്ച, ക്രമപ്പെടുത്തിയ സംവിധായകനെ ഇവിടെ ഓർക്കാതിരിക്കാനും ആവുകയില്ല. പ്രണയിച്ചു വിവാഹം കഴിക്കുന്നവർ പൊരുത്തപ്പെടാനാകാതെ വരുമ്പോൾ വേർതിരിഞ്ഞു പോകുന്നത് ഇന്നത്തെ സമൂഹത്തിൽ പുതുമ ഒന്നും തന്നെ ഇല്ലാത്ത ശീലം ആയിത്തീർന്നിരിക്കുന്നു. പക്ഷേ ഇത്തരത്തിൽ പിരിഞ്ഞു പോയവർ തമ്മിൽ വീണ്ടും കണ്ടു മുട്ടിയാൽ എന്താകും അവസ്ഥ. അതിനുള്ള ഉത്തരം ആണ് പെൺ ഫ്രണ്ട്സ്. പിരിഞ്ഞു പോയതിനു ശേഷം കണ്ടു മുട്ടുന്ന അലിയും വിമലയും. അലിയുടെ പുതിയ ഭാര്യയായ മദാമ്മയെക്കുറിച്ചുള്ള അന്വേഷണങ്ങൾക്കു പകരമായി അലി വിമലയുടെ ലൈഫിനെക്കുറിച്ചു അന്വേഷിക്കുന്നു. തികച്ചും സഹതാപത്തോടെയുള്ള ആ അന്വേഷണത്തെ തനിക്കൊരു പുതിയ കൂട്ടുകാരൻ ഉണ്ടെന്നു പറഞ്ഞു അലിയെ മാനസികമായി തകർത്തു കളയുന്നതിലൂടെ പുരുഷാധികാര അഹന്തകളെ ഇല്ലായ്മ ചെയ്യുക കൂടി ചെയ്യുന്നു. താനില്ലാതെ അവൾ സങ്കടപ്പെട്ടേ എക്കാലവും ജീവിക്കൂ എന്നു വിശ്വസിക്കുന്ന ആണിനെ, നീയില്ലാതെ ഞാൻ സന്തോഷിക്കുന്നു. അതും നീ കൂടെ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ എന്നു സ്ത്രീ പറയുമ്പോൾ അമ്പേ പരാജിതനാകുന്നതു പുരുഷനാണ്.

'മായാ ലോസ്റ്റ് @hotmail com' അത്യന്തം രസകരമായ ഒരു കഥയാണ്. ചിലർ ചില മഹദ് വ്യക്തിത്വങ്ങളെ ആരാധിച്ചു കൊണ്ട് രൂപത്തിലും ഭാവത്തിലും വേഷത്തിലും നടപ്പിലും അതിനെ അനുകരിക്കുകയും ചില സമയത്തു ഒറിജിനലിനെ മറികടന്നുവെന്നു സ്വയം മാറ്റം കൊള്ളുകയും ചെയ്യുന്നു. ഡയറക്ടർ പത്മരാജനെ അനുകരിച്ചു പതിനൊന്നു വർഷം കഴിഞ്ഞു ഷോർട്ട് ഫിലിം ചെയ്യാനായി തയ്യാറെടുക്കുന്ന സുനിൽ കുട്ടനാടിനു നായിക നടിയോടു കടുത്ത പ്രണയം തോന്നുന്നു. പക്ഷേ അവൾ ഒരു ലസ്ബിയൻ ആണെന്നു അറിയുമ്പോൾ മനസിൽ നിന്നു അവളും, സിനിമയും സ്ക്രിപ്റ്റു പോലും മാഞ്ഞു പോകുന്നു.

സമൂഹത്തെ നിതാന്ത ജാഗ്രതയോടെ വീക്ഷിക്കുക, അതിലെ പരുക്കൻ യാഥാർത്ഥ്യങ്ങളെ ഇഴതിരിച്ചെടുക്കുക, അവയിൽ വിമർശനത്തിന്റെ, ഹാസ്യത്തിന്റെ അംശങ്ങൾ ഇഴചേർക്കുക. തികഞ്ഞ വൈഭവം ഉള്ള എഴുത്തുകാർക്കു മാത്രം സാധിക്കുന്ന ഒന്നാണ്. ശ്രീബാല എന്ന എഴുത്തുകാരി ഇത്തരമൊരു അരിച്ചെടുക്കലി നെ സാധിച്ചെടുത്തിരിക്കുന്നു. കൃത്യതയുള്ള പ്രയോഗങ്ങളിലൂടെ ഭാഷയെ ക്രമപ്പെടുത്തുമ്പോൾ ഹാസ്യത്തിന്റെ വകഭേദങ്ങൾ ഒരുക്കിയെടുക്കുവാൻ ശ്രീബാലക്കു കഴിഞ്ഞിരിക്കുന്നു. ഒരു വേള ഇത്തരം കഴിവുകൾ തന്നെയാണ് സമകാലിക എഴുത്തുകാരികളിൽ നിന്നും ശ്രീബാല.കെ മേനോനെ വ്യത്യസ്തയാക്കുന്നതും. ●


## സൃഷ്ടികൾ ക്ഷണിക്കുന്നു

**സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ ( ലേഖനം, കഥ, കവിത, ചിത്രങ്ങൾ)**

*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*



## സംഘടിത മാസിക

**വരിസംഖ്യാ നിരക്ക്**

| | |
|---|---|
| ഒറ്റപ്രതി | : 15 രൂപ |
| വാർഷിക വരിസംഖ്യ | : 150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | : 100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | : 1000 രൂപ |


# കാപിറ്റൽ പണിഷ്മെന്റ്

**സുജയ നമ്പ്യാർ**

**ഉഗ്രരൂപിണിയായിരുന്നു** ആ കാമ്പസ് - പ്രത്യേകിച്ച് നിലാവെളിച്ചത്തിൽ. ചാര നിറത്തിലുള്ള പടുകൂറ്റൻ കരിങ്കൽ മന്ദിരങ്ങൾ, വെളുത്ത മണൽത്തരികളോട് കൂടിയ കാമ്പസ് ഗ്രൗണ്ടിനു കാവൽ നിന്നു. മണലാരണ്യത്തെപ്പോലെ പരന്നു കിടക്കുന്ന പ്രതലത്തിൽ ഉച്ചവെയിലിൽ നിന്നു ആശ്വാസമേകാൻ നട്ടുവളർത്തിയ വൻ ശിലാന്തിമരങ്ങൾ ഈ രാത്രിയുടെ ഇളംകാറ്റിൽ അവ്യക്തമായ നിഴൽചിത്രങ്ങൾ വരച്ചും മായ്ച്ചും കൊണ്ടിരുന്നു.

അതൊരു സ്ത്രീകാമ്പസായിരുന്നു. പെൺകുട്ടികൾ പഠിക്കുന്ന, സ്ത്രീകൾ പഠിപ്പിക്കുന്ന, സ്ത്രീകൾ നടത്തുന്നൊരു പെൺകാമ്പസ്. ഈ പെൺകോയ്മക്ക് അപവാദമായിരുന്നവർ അവിടുത്തെ വാച്ച്മാൻമാരും, ഇലക്ട്രീഷ്യന്മാരും ഡ്രൈവർമാരും വൃദ്ധനായ രജിസ്ട്രാറും പിന്നെ, അതിലും വൃദ്ധനായ - ഇടക്ക് മാത്രം വന്നുപോകുന്ന- സ്വാതന്ത്ര്യസമരസേനാനിയും പാർലമെന്റേറിയനുമായിരുന്ന കോളേജ് സ്ഥാപകനും.

പകൽ നേരങ്ങളിലെ സ്കൂൾ-കം-കോളേജ് കാമ്പസ് സന്ധ്യയായാൽ ഹോസ്റ്റൽ കാമ്പസായി മാറി. വടക്കു വശത്തെ വലിയ ഇരുമ്പു ഗേറ്റിലൂടെ കടക്കുമ്പോൾ കാണുക ഗ്രൗണ്ടിന്റെ എതിർവശത്ത് ശ്രീരാമകൃഷ്ണപരമഹംസന്റെ പത്നി ശാരദാദേവിയെ പ്രതിഷ്ഠിച്ച വലിയ പ്രാർത്ഥനമന്ദിരവും അതിനിരുവശത്തായി സ്ഥിതി ചെയ്യുന്ന നാല് നില ഹോസ്റ്റൽ കെട്ടിടങ്ങളും അതിലെ വലത് ഭാഗത്തെ ഹോസ്റ്റൽ കെട്ടിടത്തിന്റെ മൂന്നാം നിലയിലെ 250ം നമ്പർ മുറിയുടെ പുറത്ത് നിഴലുകളുടെ മറവിൽ നിന്നു നീരജ വരാന്തയുടെ



സിമന്റ് കൈവരികളിൽ ചാരിനിന്നുകൊണ്ട് അവൾ കാമ്പസ് ഗ്രൗണ്ടിലേക്ക് നോക്കി നിന്നു. മുകളിൽ നിന്ന് ന്യൂ ഇയർ ഈവ് ആഘോഷങ്ങളിൽ മുഴുകിയ കുട്ടികളുടെ ചിരിയും കളിയും അവളെ അലോസരപ്പെടുത്തി. കലുഷമായ അവളുടെ മനസ്സും കണ്ണുകളും ശ്രദ്ധാകേന്ദ്രത്തിലായിരുന്നു. അവിടെ, നീരജ നിൽക്കുന്ന കെട്ടിടത്തിന്റെ എതിർവശത്ത്, ഗ്രൗണ്ടിനപ്പുറത്ത്, ലൈബ്രറി കെട്ടിടത്തിന്റെ ട്യൂബ് ലൈറ്റുകളുടെ വെളിച്ചത്തിൽ ഈ കാമ്പസിന്റെ ആസ്ഥാന ഇലക്ട്രീഷ്യൻ, ഡീനിന്റെ ഡ്രൈവറോട് അംഗചലനങ്ങളോടെ സംസാരിച്ചുകൊണ്ട് നിൽക്കുന്നു. ഇത്രയും ദൂരത്ത് നിന്നു തന്നെ അതൊരു സാധാരണ സംഭാഷണമില്ലെന്ന് ഗുണശേഖരൻ എന്ന ഇലക്ട്രീഷ്യന്റെ വിക്ഷുബ്ധാവസ്ഥ വ്യക്തമാക്കി. കേൾവിക്കാരനായ രാധാകൃഷ്ണൻ എന്ന ഡ്രൈവർ നിശ്ശബ്ദം കേട്ടുകൊണ്ട് സ്വന്തം മുഖത്തും കവിശത്തും ഇടക്ക് ഗുണശേഖരന്റെ തോളത്തും മാറി മാറി കൈവെച്ച് ഗുണശേഖരന്റെ ആ വിലാപത്തിനോട് സഹാനുഭൂതി പ്രകടിപ്പിച്ചു കൊണ്ടിരിക്കുന്നു. എത്ര പറഞ്ഞിട്ടും തോരാത്ത മഴ പോലെ ഗുണശേഖരന്റെ പരിവേദനം, അടുത്ത് നിന്ന് രാധാകൃഷ്ണനും ദൂരെ നിന്ന് നീരജയും നോക്കി കൊണ്ടിരുന്നു.

പണ്ട് വീടിനടുത്ത് താമസിച്ചിരുന്ന ജാനമ്മയെയാണ് നീരജ പെട്ടെന്നു ഓർത്തത്. ജാനമ്മ ഏതോ ഒരു ഓഫീസിൽ ക്ലാസ്ഫോർ ജീവനക്കാരിയാണെങ്കിലും എന്നും നീരജയുടെ വീട്ടിൽ രാവിലെ അടിച്ചും തുടച്ചും ഏറെ വീട്ടുജോലികൾ ചെയ്തു. നീരജയുടെ അമ്മക്ക് അവരെ വലിയ ഇഷ്ടമായിരുന്നു. അവർ ഒരു ദിവസം വന്നില്ലെങ്കിൽ അമ്മയുടെ ഒരു പണിയും നടന്നില്ല. അവരുടെ സ്വഭാവത്തിലും പണിയിലും അമ്മക്കു നല്ല മതിപ്പായിരുന്നു. എന്നാൽ നീരജക്ക് അവരെ ഇഷ്ടമായിരുന്നില്ല. ജാനമ്മയുടെ വീട് പരിപാലന കഴിവുകളെ വിലമതിക്കാനുള്ള പ്രായം നീരജക്ക് ആയിരുന്നില്ല. നീരജ ഒന്നു മാത്രമേ കണ്ടുള്ളൂ. സമയം കിട്ടുമ്പോഴൊക്കെ ജാനു അവരുടെ ഏഴ് വയസ്സ് പ്രായമുള്ള മകനെ എന്തെങ്കിലും കാരണം പറഞ്ഞ് തല്ലും.

“എടീ, നീരജെ, വേഗം വാടി- നമ്മക്ക് പത്ത് മണിക്ക് തുടങ്ങാം.” രഞ്ജിനി മുറിയുടെ പുറത്തേക്ക് തലയിട്ട് നീരജയെ ചിന്തകളിൽ നിന്നുണർത്തികൊണ്ട് പറഞ്ഞു. ചെറിയ തലവേദന, കാറ്റ് കൊണ്ടാൽ ഭേദമാവും ഇപ്പോ വരാം.” അവൾ നുണ പറഞ്ഞു.

ചെറുക്കൻ ഒരു കുറുമ്പനായിരുന്നു. എന്തുകണ്ടാലും അതിനെ നാല് കഷ്ണമാക്കി ഗവേഷണം ചെയ്യണമെന്ന നിർബന്ധക്കാരൻ. (ആ വഴി, നീരജക്കും നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു.) എന്നാലും “ഒരു കുട്ടിയല്ലെ? തല്ലാമോ?” നീരജക്ക് ഈർഷ്യ തോന്നിയിരുന്നു.

ഒരു ദിവസം പതിവുള്ള തല്ല് പരിപാടിക്കിടയിൽ ചെക്കൻ എങ്ങനെയോ തലയിടിച്ച് വീണു. രണ്ടാഴ്ചക്ക് ശേഷം, ജാനമ്മയുടെ മകൻ തല്ലിന്റെ ലോകത്ത് നിന്ന് മുക്തിനേടി. പിന്നെ ജാനമ്മയെ അവരാരും കണ്ടിട്ടില്ല.

കൊല്ലങ്ങൾക്കു ശേഷം ഇപ്പോൾ മറവിയുടെ ആഴത്തിൽ നിന്നെങ്ങനെയോ പൊന്തി വന്ന ആ സംഭവം നീരജയുടെ മനസ്സിൽ പ്രതിഷേധവും വെറുപ്പും ഉളവാക്കി. നീരജക്ക് കാപിറ്റൽ പണിഷ്മെന്റിനോട് തീരെ യോജിപ്പുണ്ടായിരുന്നില്ല.

“എടീ, നീരജെ, വേഗം വാടി– നമ്മക്ക് പത്ത് മണിക്ക് തുടങ്ങാം.” രഞ്ജിനി മുറിയുടെ പുറത്തേക്ക് തലയിട്ട് നീരജയെ ചിന്തകളിൽ നിന്നുണർത്തികൊണ്ട് പറഞ്ഞു.

“ചെറിയ തലവേദന, കാറ്റ് കൊണ്ടാൽ ഭേദമാവും ഇപ്പോ വരാം.” അവൾ നുണ പറഞ്ഞു.

ഒും, തലവേദന! രഞ്ജിനി ചിരിച്ചു. എനിക്കറിയില്ലെ നിന്റെ തലവേദനയുടെ കാരണം. അത് വിടടി. നാളെ ന്യൂയർ അല്ലെ. ഇത് ലാസ്റ്റ് ഇയർ അല്ലെ. കഴിഞ്ഞ രണ്ട് കൊല്ലത്തേക്കാൾ ഉഗ്രൻ ആക്കണ്ടെ–

നീരജ മറുപടി പറയാതെ പുഞ്ചിരിച്ചതേയുള്ളൂ. രഞ്ജിനി നീരജയുടെ അടുത്തേക്ക് വന്നു; അവളുടെ തോളത്ത് കൈവെച്ചു.

“നീ ആ സംഭവം ഇനിയും മറന്നില്ലെ. ഇത്രക്ക് സെൻസിറ്റീവ് ആവരുത് നീരജെ. വാ– നാളെ ന്യൂയർ അല്ലെ. ആർക്കറിയാം ഇനി അടുത്ത വർഷം നമ്മളൊക്കെ എവിടെയാവുംന്ന്.”

“ശരി, നീ പൊക്കോ– ഞാൻ വരാം.” നീരജ അവളെ പറഞ്ഞയച്ചു.

രണ്ട് കൊല്ലങ്ങൾക്ക് മുമ്പെ ഇതേപോലെ ഒരു ന്യൂ ഇയർ ഈവിനായിരുന്നു സുഗന്തിയെ ആദ്യം പരിചയപ്പെടുന്നത്. അന്ന് രാത്രി, ഇതേപോലെ നീരജ വരാന്തയിൽ നിൽക്കുകയായിരുന്നു. ഫസ്റ്റ് ഇയർ, സെക്കന്റ് സെമസ്റ്റർ– അവിടുത്തെ മിക്ക കുട്ടികളും ഈ ഹോസ്റ്റൽ കാമ്പസിനോട് പൊരുത്തപ്പെട്ട് വരുന്ന കാലം. ഈ ഹോസ്റ്റലിന് വളരെ കർശനമായ നിയമങ്ങളായിരുന്നു.

പ്രാർത്ഥന, ഭക്ഷണം ഇതെല്ലാം കൃത്യസമയത്ത് തന്നെ. കോളേജിൽ പോകാതെ ഹോസ്റ്റലിൽ ഇരുന്നു എന്നറിഞ്ഞാൽ വാർഡൻ കുട്ടികളെ ചീത്തവിളിച്ചു വധിക്കും. ഇതിനെല്ലാമുപരി, വീട്ടിൽ നിന്നു, ഹോസ്റ്റലിനകത്തേക്ക് കടന്നാൽപിന്നെ കാമ്പസിന പുറത്തേക്ക് പോകണമെങ്കിൽ രക്ഷിതാവ് അനുവദിക്കണം. ആ തടവറക്കുള്ളിൽ നീരജയും അവളുടെ റൂംമേറ്റ്സും വളരെ സാഹസികമായി ഒരു ന്യൂഇയർസ് ഈവ് പാർട്ടി ആവിഷ്ക്കരിച്ചു. എല്ലാ അകമ്പടിയോടെ തന്നെ...

പ്ലാൻ അനുസരിച്ച്- ഭക്ഷണവും സോഫ്റ്റ് ഡ്രിങ്ക്സും ഡേ സ്കോളേഴ്സ് കൊണ്ടുവന്നു. മെഴുകുതിരികൾ ഡ്രിങ്ക്സും ഡേ സ്കോളേഴ്സ് കൊണ്ടുവന്നു. മെഴുകുതിരികൾ, ചില്ലറ സെക്കറേഷൻസ്... എല്ലാം തയ്യാർ... ഹോട്ട് ഡ്രിങ്ക്സിന്റെ ചുമതലയേറ്റത് രഞ്ജിനിയായിരുന്നു. ആവളാ ഉത്തരവാദിത്വം വളരെ ഭംഗിയായി നിർവ്വഹിക്കുകയും ചെയ്തു.

രഞ്ജിനിയുടെ അനുജൻ ഒരു വിരമിച്ച പട്ടാളക്കാരനാണ്. അദ്ദേഹത്തിന് എല്ലാ മാസവും മിലിറ്ററി കാന്റീനിൽ നിന്നു അനുവദിച്ചു കിട്ടുന്ന ലിക്കർ ക്വാട്ടയിൽ നിന്ന് സ്വന്തം ആവശ്യത്തിന് മാററി വെച്ചതിന്റെ ബാക്കിയെ പുറത്ത് വിൽക്കുകയുള്ളൂ. എന്നാൽ വീട്ടിൽ ഈ ദ്രാവകത്തിന്റെ ഒഴുക്ക് അദ്ദേഹത്തിന്റെ പ്രമേഹരോഗത്തെ ചൊല്ലി തീർത്തും നിരോധിച്ചിരുന്നു. പാവം അച്ഛൻ. ഇത്രയും കാലത്തെ ശീലം, പഞ്ചസാര കുറച്ചധികമായതുകൊണ്ട് നിർത്താനൊക്കുമോ? ഇല്ല, എന്ന് തീരുമാനിച്ചുകൊണ്ട് അദ്ദേഹം ഈ സാധനം രഞ്ജിനിയുടെ അമ്മയിൽ നിന്ന് അങ്ങിങ്ങ് ഒളിപ്പിച്ച് വെച്ചു. ഇത് മനസ്സിലാക്കിയ ശ്രീമതി പട്ടാളക്കാരൻ വളരെ വിദഗ്ധമായി തന്നെ ഒരു തുറന്ന പോരാട്ടത്തിനു അവസരമുണ്ടാക്കാതെ കണ്ണിൽപ്പെടുന്ന ബോട്ടലുകളിൽ നിന്നു കുറേശ്ശെയും കുറച്ചധികവുമായും ഊറ്റിക്കളഞ്ഞു. സമാധാനപ്രിയനായ


"അമ്മേ, അച്ഛന്റെ ഷെൽഫിൽ കുറേ സിഗരറ്റുണ്ടായിരുന്നല്ലോ"
"ഉം? ഇനി നിനക്ക് സിഗരറ്റും വലിക്കണോ?"
"ഏയ് - അവിടെ കാണാത്തതുകൊണ്ട് ചോദിച്ചതാ." "ഞാ-ഞാൻ അത് ദിനേശ് മാമ്മക്ക് എടുത്തും കൊടുത്തു. ഇവിടെയിരുന്നു പൂത്തുപോകാതെ ആർക്കെങ്കിലും ഉപകരിച്ചോട്ടെ എന്ന് വിചാരിച്ചു."
വീട്ടിൽനിന്നും ഹോസ്റ്റലിലേക്ക് വരുന്നവഴി വാങ്ങാമെന്നാണ് നീരജ കരുതിയത്. പക്ഷേ, ആരും കാണാതെ വാങ്ങാൻ സാധിച്ചതുമില്ല. ഒരു ഡേ സ്കോളറിനെ ഏൽപ്പിച്ചു. പക്ഷേ, അതും നടന്നില്ല.


ശ്രീമാൻ പട്ടാളക്കാരൻ, ഫാദർ ഓഫ് രഞ്ജിനി- അത് മനസ്സിലാക്കിയെങ്കിലും പ്രതിഷേധ-പ്രതിരോധങ്ങളില്ലാതെ കരുതലോടെ ഒളിസേവ തുടർന്നു.

ഈ സമാധാനപോരാട്ടം മുതലെടുത്തുകൊണ്ട് രഞ്ജിനി രണ്ട് കുപ്പി ബ്രാണ്ടി പൊക്കി.

"അച്ഛൻ വിചാരിച്ചു കാണും അമ്മ കുപ്പിയോടെ പൊക്കിയെന്നു. അമ്മയാണേൽ അച്ഛൻ കുപ്പിയുടെ സ്ഥാനം മാറ്റിയെന്നാവും കരുതിയിരിക്ക്യ" രഞ്ജിനി വിജയശ്രീലാളിതയായി വിവരിച്ചു.

പിന്നെ ബാക്കിയുണ്ടായിരുന്നത് സിഗരറ്റുകൾ മാത്രമാണ്. അത് നീരജയുടെ ചുമതലയായിരുന്നു. ആരുമറിയാതെ അവളുടെ വീട്ടിൽ നിന്ന് അച്ഛൻ ഗൾഫിൽ നിന്നു കൊണ്ടുവന്ന സ്റ്റോക്കിൽ നിന്നു പൊക്കാമെന്നാണ്. അവൾ കരുതിയത്. നിർഭാഗ്യവശാൽ അതു മുഴുവൻ അമ്മ ആർക്കോ ദാനം കൊടുത്തു കഴിഞ്ഞിരുന്നു.

"അമ്മേ, അച്ഛന്റെ ഷെൽഫിൽ കുറേ സിഗരറ്റുണ്ടായിരുന്നല്ലോ"

"ഉം? ഇനി നിനക്ക് സിഗരറ്റും വലിക്കണോ?"

"ഏയ് – അവിടെ കാണാത്തതുകൊണ്ട് ചോദിച്ചതാ."

"ഞാ– ഞാൻ അത് ദിനേശ് മാമ്മക്ക് എടുത്തും കൊടുത്തു. ഇവിടെയിരുന്നു പൂത്തുപോകാതെ ആർക്കെങ്കിലും ഉപകരിച്ചോട്ടെ എന്ന് വിചാരിച്ചു."

വീട്ടിൽ നിന്നും ഹോസ്റ്റലിലേക്ക് വരുന്ന വഴി വാങ്ങാമെന്നാണ് നീരജ കരുതിയത് പക്ഷേ ആരും കാണാതെ വാങ്ങാൻ സാധിച്ചതുമില്ല. ഒരു ഡേ സ്കോളറിനെ ഏൽപ്പിച്ചു. പക്ഷേ അതും നടന്നില്ല.

"കഷ്ടട്ടൊ നീരജെ നിനക്ക് പറ്റില്ലെങ്കിൽ പറഞ്ഞാ പോരായിരുന്നോ– ഇതൊരു ചതിയായി–

റൂമേറ്റുകളുടെ കുത്തുവാക്കുകൾ അവളെ വല്ലാതെ ചൊടിപ്പിച്ചു.

"എടീ നീരജേ, ആ പത്തിലെ ശ്രീജയും കൂട്ടരും വരുമ്പോൾ നാണക്കേടാവുട്ടൊ. ഞാനാണെങ്കിൽ അവളോട് ഈ സ്പെഷൽ സെഷനെക്കുറിച്ചു സൂചിപ്പിക്കുകയും ചെയ്തു. എന്താ ചെയ്യാ - വി ഹാവ് ടു ഫേസ് ഇറ്റ്."

പത്തിലെ കുട്ടികൾ എന്നു വെച്ചാൽ റൂം നമ്പർ പത്തിലെ കുട്ടികൾ സ്വയം മെനക്കെടാതെ എല്ലാറ്റിലും പങ്കുകൊള്ളുന്നവർ. ഇനി അവരുടേയും പരിഹാസം കേൾക്കേണ്ടിവരുമെന്നോർത്ത് നീരജയുടെ ഉള്ള് പുകഞ്ഞു.

നീരജ റൂമിൽ നിന്നു പുറത്തേക്കിറങ്ങി, വരാന്തയുടെ കൈവരികളിൽ ചാരി താഴെ ഗ്രൗണ്ടിലേക്ക് നോക്കി നിന്നു. നല്ല നിലാവിൽ കുളിച്ചു നിന്നിരുന്ന കാമ്പസിൽ ഇന്നു അധികം പേരില്ല. എതിർവശത്തെ ലൈബ്രറിയുടെ വിളക്കുകളുടെ പ്രകാശമായിരുന്നു കാമ്പസിലെ മുഖ്യവെളിച്ച സ്രോതസ്സ്. അടുത്തത് കോളേജിലെ ആർട്സ് ആന്റ് സയൻസ് ബ്ലോക്ക് രണ്ടിന്റേയും നടുവിൽ ഒരു കൂറ്റൻ ഇരുമ്പ് ഗേറ്റ്. പഴയ കോട്ടകളുടെ വാതിലിനേക്കാൾ അല്ലെങ്കിൽ അത്രതന്നെ വലിപ്പമുള്ള കവാടം. ആർട്സ് ആന്റ് സയൻസ് ബ്ലോക്ക് കഴിഞ്ഞാൽ മെയിൻഗേറ്റും വിസിറ്റേഴ്സ് പവലിയനും. പ്രധാനകവാടമായ അവിടെ തമിഴ്പുലിയെ പോലെ ഒരുത്തൻ വീരപ്പൻ മീശയും പിരിച്ച് കാവൽ നിൽക്കുന്ന വാച്ച്മാൻ അണ്ണൻ. കവാടത്തിന് തൊട്ടടുത്ത് ഹോംസയൻസ് ബ്ലോക്കും ഏറ്റവും പടിഞ്ഞാറ്റത്ത് പടിഞ്ഞാറെ മതിലിനോട് ചേർന്ന് ലാബും സ്കൂൾ കെട്ടിടവും. അവിടെ എത്തിയതും നീരജയുടെ ദൃഷ്ടിയും ചിന്തകളും നിന്നു. സ്വതവേ വിടർന്ന അവളുടെ കണ്ണുകൾ ഒന്നുകൂടി വികസിച്ചു. അവളുടെ വെളുത്തകവിളുകളിൽ തലോടിക്കൊണ്ടിരുന്ന നിലാവിന്റെ സാമീപ്യത്തെ പെട്ടെന്ന് തിരിച്ചറിഞ്ഞപോലെ അവൾ മേലോട്ടു നോക്കിയൊന്നു ചിരിച്ചു.

റൂമിനകത്തു കടന്നപ്പോൾ എല്ലാവരും അലങ്കാരപ്പണികളിൽ മുഴുകിയിരിക്കുന്നു. നീരജ ആരോടും മിണ്ടാതെ മുഖത്ത് ഗൗരവം ഭാവിച്ച് അവളുടെ ഷെൽഫിനടുത്തേക്ക് ചെന്നു.

"സാരമില്ല, നീരജ കമോൺ, ഫർഗറ്റ് ഇറ്റ്-"

"ഈ ബുക്കൊന്ന് കൊടുത്തിട്ട് ഇപ്പോ വരാം. ആരും കാണാതെ അവൾ ബുക്കിനകത്ത് കുറച്ച് പൈസ തിരുകി പുറത്തു കടന്നു, ഗോവണിപ്പടികൾ ഇറങ്ങി.

ഓരോ ഫ്ളോറിലും രണ്ടോ മൂന്നോ കുട്ടികൾ നിന്നിരുന്നു.

"എങ്ങോട്ടാടോ ഈസമയത്ത്?"

ഒന്നു ചിരിച്ചു എന്നല്ലാതെ അവൾ ഒരുത്തരവും പറഞ്ഞില്ല. സമയം ഒമ്പതു മണിയോടടുക്കുന്നു. പത്തുമണിവരെ കുട്ടികൾ അങ്ങിങ്ങായി ട്യൂബ്ലൈറ്റുകളുടെ ചുവടെ കൂട്ടം കൂടിയോ ഒറ്റക്കോ പഠിച്ചുകൊണ്ടിരിക്കുന്നുണ്ടാവും. ചിലർ കാറ്റുകൊണ്ട് നടക്കുന്നുണ്ടാവും. അതുകൊണ്ട് ആരും സംശയിക്കില്ല.

> എടീ നീരജേ- ആ പത്തിലെ ശ്രീജയും കൂട്ടരും വരുമ്പോൾ നാണക്കേടാവുട്ടൊ. ഞാനാണെങ്കിൽ അവളോട് ഈ സ്പെഷൽ സെഷനെ കുറിച്ചു സൂചിപ്പിക്കുകയും ചെയ്തു. എന്താ ചെയ്യാ - വി ഹാവ് ടു ഫേസ്മേറ്റ്.

ഹോസ്റ്റൽ ഗേറ്റിന്റെ ഗ്രിൽവാതിലിലൂടെ അവൾ ഗ്രൗണ്ടിലേക്കിറങ്ങി. നടുവിലെ നാലു മരങ്ങളിലും ലൈബ്രറി കെട്ടിടത്തിലും ഗേറ്റിനരികേയും ഓരോ മൂലക്കലും ട്യൂബ്ലൈറ്റുകൾ ഉണ്ടായിരുന്നു. തണുത്തകാറ്റു വീശുന്നതുകൊണ്ടാവാം അധികം കുട്ടികൾ ഗ്രൗണ്ടിലില്ലാത്തത് എന്ന് ചിന്തിച്ചുകൊണ്ട് അവൾ എങ്ങോട്ടും തിരിഞ്ഞുനോക്കാതെ വേഗത്തിൽ മുന്നോട്ടു നടന്നു.

ലക്ഷ്യം ലാബായിരുന്നു. ബയോകെമിസ്ട്രി വിദ്യാർത്ഥികളുടെ ആസ്ഥാനം. അവിടെ പബ്ലിക് ലാബും ഉണ്ടായിരുന്നു. രക്തം, മൂത്രം പരിശോധന. പിന്നെ എന്തു വേണേലും പരിശോധിക്കാം. വലിയ കമ്പനികൾക്കു വേണ്ടി ആ ലാബിൽ ഫാർമ-ഭക്ഷണപദാർത്ഥങ്ങളും ഗവേഷണവിധേയമാക്കി പരിശോധിച്ചുകൊടുത്തിരുന്നു. പൊതുജന ഉപയോഗത്തിനു വേണ്ടി ആ കെട്ടിടത്തിനും പുറത്തേക്കൊരു കവാടമുണ്ടാക്കിയിരുന്നു. സ്വാതന്ത്ര്യകവാടമെന്ന് ഹോസ്റ്റൽവാസികൾ സ്നേഹത്തോടെ വിളിച്ചിരുന്ന കവാടം. ലാബിന്റെ അകത്ത് കടന്നിട്ടേ പുറത്ത് കവാടത്തിലേക്ക് എത്താൻ കഴിയൂ. എന്നാൽ സാഹസികമായി ചില വിദ്യാർത്ഥികൾ പുറത്തുകടക്കാൻ ലാബിന്റെ മട്ടുപ്പാവിൽ കയറി സൺഷേഡിന്റെ മുകളിലേക്ക് ഇറങ്ങും. ●

ബാക്കി അടുത്തലക്കത്തിൽ



# പുതുസിനിമയുടെ തിരഞ്ഞെടുപ്പുകൾ

ഷീബ എം. കുര്യൻ

> നായകന്റെ വിജയത്തിലവസാനിക്കുന്ന മുഖ്യധാരാ ജനപ്രിയസിനിമക്ക് കടിഞ്ഞാണിട്ട പുതുതലമുറസിനിമ ആണത്തം, പെണ്മ എന്ന വ്യവഹാരാവസ്ഥകളെ നിർമ്മിച്ചത് പാരമ്പര്യത്തിന്റെ മൂടുപടങ്ങൾ ഇല്ലാതെയാണ്

*ആമേൻ, നോർത്ത് 24 കാതം, ആർട്ടിസ്റ്റ്, തിര* തുടങ്ങിയ സിനിമകൾ ചിത്രീകരിച്ച ആൺപെൺ കാഴ്ചകളെ മുൻനിർത്തി പുതുതലമുറസിനിമകളുടെ സവിശേഷതകൾ വേർതിരിച്ചെടുക്കാനുള്ള ശ്രമമാണ് ഈ ലേഖനം. നായകന്റെ വിജയത്തിലവസാനിക്കുന്ന മുഖ്യധാരാ ജനപ്രിയസിനിമക്ക് കടിഞ്ഞാണിട്ട പുതുതലമുറ സിനിമ ആണത്തം, പെണ്മ എന്ന വ്യവഹാരാവസ്ഥകളെ നിർമ്മിച്ചത് പാരമ്പര്യത്തിന്റെ മൂടുപടങ്ങൾ ഇല്ലാതെയാണ്. മുൻപറഞ്ഞ സിനിമകൾ രൂപപ്പെടുത്തിയിട്ടുള്ള കേരളീയസ്ത്രീകൾ സിനിമയ്ക്കുള്ളിലെ ജീവിതത്തോട് പ്രതികരിക്കുന്നതും അവയുടെ സിനിമക്കാഴ്ചകളും അന്വേഷിച്ചാൽ പുതുതലമുറസിനിമകൾ മുന്നോട്ടുവെയ്ക്കുന്ന തലമുറകളുടെ വിടവ് സ്പഷ്ടമാകും. നായകന്റെ സഹായി, ഉത്തമകുടുംബിനി, അമ്മ, ശാലീനസുന്ദരി തുടങ്ങി പരമ്പര്യഘടകങ്ങൾക്ക് പ്രാധാന്യം നൽകുന്ന ശരീരഭാഷയും ശീലങ്ങളും അടയാളപ്പെടുത്തുന്ന കേരളീയസ്ത്രീകഥാപാത്രങ്ങളെ കൂടാതെ, കാമറക്കാഴ്ചയിലെ പുരുഷനോട്ടങ്ങളും പിതൃകേന്ദ്രിതവ്യവസ്ഥയോടുള്ള ആഭിമുഖ്യവും ഉൾച്ചേരുന്ന പാരമ്പര്യസിനിമക്കാഴ്ചകളിൽ നിന്നും പുതുതലമുറസിനിമകൾ മാറി നിൽക്കുന്നു. പാരമ്പര്യസ്വഭാവമുള്ള ഇത്തരം സിനിമകളെ പിന്തള്ളി പ്രേക്ഷകരെ സ്വാധീനിക്കാനും പുതുതലമുറസിനിമകൾക്ക് സാധിക്കുമ്പോൾ വിനിമയം ചെയ്യുന്ന സ്ത്രീക്കാഴ്ചകളും കാഴ്ചപ്പാടുകളും കേരളീയസമൂഹത്തിലും പരിവർത്തനങ്ങളുണ്ടാക്കാൻ പ്രാപ്തമാണ് എന്നും തിരിച്ചറിയേണ്ടതുണ്ട്.

നായകൻ–നായിക രീതിശാസ്ത്രത്തിന് പുതുതലമുറസിനിമകളിൽ വലിയസ്ഥാനമൊന്നുമില്ല. (ഈ നിരാസമാണ് യഥാർത്ഥത്തിൽ താരാധിപത്യത്തിന്റെ തകർച്ചയ്ക്കും കാരണമായത്.) ഒരു ദേശത്തിന്റെ സാംസ്കാരിക സ്വത്വം, ഒരു സംഭവം, ഒരു സ്വഭാവം, തുടങ്ങിയവയാണ് പുതുസിനിമകളുടെ കേന്ദ്ര ആശയങ്ങൾ. ഇവയോടുചേർത്ത് വെയ്ക്കാവുന്നതും വല്യകാര്യങ്ങ

ളാണെന്ന് ഇന്നേവരെ മലയാളസിനിമ പറയാത്തതുമായ മനുഷ്യജീവിതത്തെ കലയെന്ന തലത്തിൽ കാമറക്കാഴ്ചകളിലാക്കുകയാണ് പുതുതലമുറസിനിമകൾ ചെയ്തത്. മുൻസൂചിപ്പിച്ച സിനിമകളിൽ *തിര*യിൽ മാത്രമാണ് നായകതുല്യതയുള്ള കഥാപാത്രമുള്ളത്. അത് മായി എന്നു വിളിക്കുന്ന ശോഭന അവതരിപ്പിക്കുന്ന സ്ത്രീകഥാപാത്രമാണ്. സാമ്പത്തികഭദ്രതയും സാങ്കേതികവിദ്യയും ബുദ്ധിശക്തിയും തന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ മായിയോടൊപ്പം പ്രവർത്തിക്കുന്നു. സാമ്പത്തികമായ സ്വയംപര്യാപ്തതയും വിദ്യാഭ്യാസവും ബുദ്ധിപരമായി സാഹചര്യത്തെ നേരിടാനുള്ള കരുത്തുമാണ് ഇവിടെ പരാമർശിക്കുന്ന സിനിമകളിലെയെല്ലാം സ്ത്രീകഥാപാത്രങ്ങളുടെ യഥാർത്ഥശക്തി. *ആർട്ടിസ്റ്റ്*, നായകൻ–നായികരീതി കൈയാളുന്ന സിനിമയാണെങ്കിലും ജീവിതത്തിന്റെ തീവ്രയാഥാർത്ഥ്യങ്ങൾ സ്ത്രീ എത്ര പോസിറ്റീവായാണ് നേരിടുന്നത് എന്ന് ചിത്രീകരിക്കുന്നു. ഭീതിജനകമായ ഏതവസ്ഥയും നിശ്ചയദാർഢ്യംകൊണ്ട് തകിടം മറിക്കുന്നു. ഇതിൽ നിന്ന് വിരുദ്ധമായി, പെട്ടെന്ന് പതറിപ്പോകുന്ന ആൺസ്വഭാവങ്ങൾ മിക്ക പുതുസിനിമകളിലും കടന്നുവരുന്നത് സ്ത്രീപുരുഷദ്വന്ദ്വം നിർമ്മിക്കുന്നുണ്ട്. അതാകട്ടെ, കരുത്തരായ താരനായകർ നിർമ്മിച്ച സ്ത്രീപുരുഷദ്വന്ദ്വത്തിൽ നിന്ന് ഭിന്നമാണ്. അവിടെ പ്രവർത്തിക്കുന്നത് പുരുഷനാണ്, സ്ത്രീകഥാപാത്രങ്ങൾ പേരിനുവേണ്ടി നിർമ്മിക്കുകയും കഥയിൽ പ്രവർത്തനരഹിതരായി നിലകൊള്ളുകയും ചെയ്യുന്നു. പുതുസിനിമകളിൽ ഈ വേർതിരിവ് പൊതുവെ കുറവാണ്. ഒരു സമൂഹത്തിന്റെ നിലനിൽപ്പിന് സ്ത്രീപുരുഷന്മാരുടെ സമാനമായ പങ്ക് തിരിച്ചറിഞ്ഞതാണ് പുതുതലമുറസിനിമയുടെ സവിശേഷത.

ചെറുപ്പക്കാരായ കേരളീയപുരുഷസംവിധായകർ രൂപപ്പെടുത്തിയ പുതുതലമുറസിനിമകൾ അടയാളപ്പെടുത്തുന്ന ആൺപെൺകാഴ്ചകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. *ആമേൻ*, *നോർത്ത് 24 കാതം*, *ആർട്ടിസ്റ്റ്* തുടങ്ങിയവയിലെല്ലാം കേന്ദ്രപുരുഷകഥാപാത്രങ്ങൾ പ്രതികരിക്കേണ്ടതും തീരുമാനമെടുക്കേണ്ടതുമായ സന്ദർഭങ്ങളിൽ അതിനു കഴിയാതെ പിന്നോട്ടുവലിയുന്നവരാണ്. ഭയന്നു മാറിനിന്നും തൊണ്ടവരണ്ടും കൈയും കാലും വിറച്ചും പ്രതിസന്ധികളിൽ നൈരാശ്യത്തിലാണ്ടും പോകുന്ന നായകന്മാരാണ് ഇവയിലുള്ളത്, അവർക്ക് അവരുടേതായ മികച്ച കഴിവുകൾ ഉണ്ടായിട്ടുപോലും. നായികാകഥാപാത്രങ്ങളാണെങ്കിൽ പ്രതികൂലസാഹചര്യത്തിൽ പോലും തങ്ങൾക്ക് ശരിയെന്നു തോന്നുന്നത് ചെയ്യാൻ മടിക്കുന്നവരല്ല. പ്രവർത്തിച്ചും പോരാടിയും തങ്ങളുടെ ലക്ഷ്യത്തിലെത്താൻ അവർ ശ്രമിക്കുന്നു. സഹസ്ത്രീകഥാപാത്രങ്ങൾക്ക് പോലും സവിശേഷവും വ്യത്യസ്തവുമായ വ്യക്തിത്വങ്ങൾ ബോധപൂർവ്വം തന്നെ നൽകുന്ന സ്ത്രീക്കാഴ്ചകളാണ് പുതുസിനിമകളിലുള്ളത്. *ആമേനി*ൽ മർത്തമറിയം ബാൻഡിന്റെ ഉടമസ്ഥരായ ഡേവിസും മറിയാമ്മയും ജയം ആഘോഷിക്കുന്നത് ആടിയും പാടിയും സ്ത്രീപുരുഷവ്യത്യാസമില്ലാതെ ഒരുമിച്ചാണ്. അതവരുടെ ജീവിതരീതി തന്നെയാണെന്നും കുടുംബകാര്യങ്ങളിലും അവർ ഒന്നിച്ചാണെന്നും തെളിയിക്കുന്ന സീനുകൾ സിനിമയിലുണ്ട്. ജീവിതത്തിൽ ഒരു കാര്യത്തിലും ആൺപെൺഭേദം കാണിക്കാത്ത വട്ടോളിയച്ചന്റെ പെങ്ങളാണ് മറിയാമ്മ. കൊള്ളരുതായ്മകൾക്ക് അവരാരും കൂട്ടുനിൽക്കില്ല. കുമരംകരിയിലെ സ്ത്രീപുരുഷന്മാർക്ക് ലിംഗഭേദത്തിന്റെ പേരിൽ തിരിച്ചുവ്യത്യാസങ്ങളില്ല. മാത്തച്ചനും ശോശന്നയും സ്വഭാവത്തിൽ വ്യത്യസ്തരല്ല; പ്രവർത്തിയിലും. പരിഭവമൊന്നുമില്ലാതെ കൊണ്ടും കൊടുത്തും അവർ ജീവിക്കുന്നു. ഇവയെല്ലാം കേരളീയക്രിസ്ത്യാനി സ്വഭാവമെന്ന് കരുതി തള്ളിക്കളയുന്നത് ശരിയല്ല. കാരണം അങ്ങനെ ഒറ്റയ്ക്ക് നിലനിൽപ്പുള്ള ഒരു ക്രിസ്ത്യൻ സമൂഹം കേരളത്തിലില്ല എന്നതു തന്നെ. കേരളീയസമൂഹമെന്നത്



ജാതിമതഭേദമെന്യേ കൊണ്ടുംകൊടുത്തും പരസ്പരമിടകലർന്നതാണ്. പ്രണയസാക്ഷാത്കാരത്തിനായി കാമുകന്റെ കവിളത്ത് പൊട്ടിക്കുന്ന അടി സ്ത്രൈണവിരുദ്ധമായ സ്വഭാവമായി പുതുതലമുറ കാണുന്നില്ല എന്നതാണ് *ആമീൻ* തെളിയിക്കുന്നത്. അടിക്കുന്ന ശോശന്നയ്ക്കും അടികൊള്ളുന്ന സോളമനും സിനിമയിലെ കാമറനോട്ടത്തിനും തെറ്റായിപ്പോയി എന്ന തോന്നലുണ്ടാകുന്നില്ല. അതുവഴി പ്രേക്ഷകരും, എന്നാലും ശോശന്ന ഒരു പെണ്ണല്ലേ ആണിനിട്ട് ഇങ്ങനെ അടിക്കാവോ, അടിച്ചാൽ തന്നെ സിനിമയിൽ പരസ്യമായി കാണിക്കാമോ എന്നൊന്നും കരുതാതെ സോളമന് അടി കിട്ടേണ്ടതുതന്നെ എന്ന് ഉറപ്പിക്കുന്നു. അവിടെ ആണും പെണ്ണുമല്ല കഥാപാത്രങ്ങളാണ്, വ്യക്തികളാണ് പ്രവർത്തിക്കുന്നത്. അതായത്, പെണ്ണിനെ ചുറ്റിപ്പറ്റി പിതൃകേന്ദ്രിതസമൂഹത്തിൽ നിലനിൽക്കുന്ന ആശയകോലാഹലങ്ങൾ ഇത്തരം പുതുസിനിമകൾ പാടെ നിരാകരിക്കുന്നു. ആണിനു ചെയ്യാൻ കഴിയുന്നതെല്ലാം പെണ്ണിനുമാകാം. ആൺപെൺദ്വന്ദ്വം ഇവിടെ പ്രവർത്തിക്കുന്നില്ല. അതുകൊണ്ടാണ് ആണിനു(നായകന്)ണ്ടായിരുന്ന പ്രാധാന്യം നഷ്ടപ്പെട്ടതും. തല്ലുകൊണ്ടും നാണംകുണുങ്ങിയും മിണ്ടാതിരുന്നും മലയാളസിനിമയിൽ പ്രവർത്തനരഹിതമായിരുന്ന സ്ത്രീകഥാപാത്രങ്ങൾ ക്ലാരയെ പോലെ ചൂലുയർത്തി പോ, കോഴീ എന്നു പറഞ്ഞുതുടങ്ങി എന്നർത്ഥം. ആധുനികത/പാരമ്പര്യം ദ്വന്ദ്വം ഉപയോഗിച്ച് സത്യൻഅന്തിക്കാടിന്റെ സിനിമകൾ ചരിത്രപരമായി പഠനവിധേയമാക്കിയപ്പോഴും കേരളീയപുരുഷന്മാരുടെ വ്യക്തിസത്തയിൽ കടന്നുവന്ന ആത്മവിശ്വാസക്കുറവുകൊണ്ടുള്ള പതറൽ വെളിപ്പെട്ടിരുന്നു. (സത്യൻ അന്തിക്കാടിന്റെ സിനിമയിലെ സ്ത്രീപുരുഷ നിർമ്മിതി, ഭാഷാപോഷിണി, മെയ്, 2011.) ജീവിതത്തിന്റെ ഉത്തരവാദിത്തങ്ങൾ സ്ത്രീ ധൈര്യസമേതം ഏറ്റെടുക്കേണ്ടിവരുന്നതും പുരുഷന് ധൈര്യംപകർന്ന്, ഭാവി ഓർമ്മിപ്പിച്ച് കരുത്തുള്ളവനാക്കിത്തീർക്കുന്ന തരത്തിലുള്ള കേരളീയസ്ത്രീയുടെ വളർച്ച അന്തിക്കാട്സിനിമകൾ വ്യക്തമായി അടയാളപ്പെടുത്തിയിട്ടുണ്ട്. അതിന്റെ തുടർച്ചതന്നെയാണ് സ്ത്രീപുരുഷചിത്രീകരണത്തിൽ പുതുസിനിമകളിലും കാണുന്നത്.



പാരമ്പര്യസിനിമ സ്ത്രീചിത്രണത്തിൽ സ്വീകരിച്ച തന്ത്രങ്ങൾ ലോറാ മൾവി വിവരിച്ചതുപോലെ കാഴ്ചയുടെ ആനന്ദത്തിനു വേണ്ടിയാണ്. കാമറയുടെ, ഹായ് എന്ന ആസക്തി ലഭിക്കുന്ന തരത്തിൽ ക്രമീകരിക്കുന്ന പ്രത്യേകനോട്ടം, പ്രേക്ഷകർക്ക് ഇന്ദ്രിയാനുഭൂതിക്കുവേണ്ട സ്ത്രീശരീരത്തിന്റെ മനോഹാരിതയാർന്ന ഫ്രെയിമുകളും സീനുകളും- ഇങ്ങനെ കച്ചവടക്കൊഴുപ്പ് വർദ്ധിപ്പിക്കാനുതകുന്ന ഉപഭോഗവസ്തുവായാണ് നായികയടക്കമുള്ള സ്ത്രീചിഹ്നങ്ങൾ വെള്ളിത്തിരയിലെത്താറുള്ളത്. കരുത്തും അധികാരവും ഉള്ള സ്ത്രീകഥാപാത്രങ്ങളായാൽപ്പോലും ഇത്തരം ലൈംഗികോത്തേജനശരീരശകലങ്ങൾ കുത്തിത്തിരുകിയാലേ സിനിമ സിനിമയാകൂ എന്ന ജനപ്രിയസിനിമയുടെ നിലപാട് സ്ത്രീപക്ഷസിനിമാസിദ്ധാന്തങ്ങൾ വളരെയധികം വിമർശിച്ച വസ്തുതകളാണ്. അതുപോലെതന്നെയാണ് പിതൃമേധാവിത്തവ്യവസ്ഥയ്ക്കനുകൂലമായ സാംസ്കാരികചിഹ്നങ്ങൾ ഉപയോഗിക്കുന്നതും. സ്ത്രീകഥാപാത്രങ്ങൾക്ക് കാലത്തിനും കഥാപാത്രത്തിനും യോജിക്കാത്ത പാരമ്പര്യവേഷങ്ങളും ഭാവങ്ങളും ചിഹ്നങ്ങളും നൽകി ആധുനികസമൂഹത്തിന്റെ സമകാലികതയിൽ ജീവിക്കാനനുവദിക്കാതിരിക്കുക എന്നതാണ് ജനപ്രിയസിനിമയുടെ പൊതുനയമായി നിലനിന്നത്. സ്ത്രീകഥാപാത്രം ശക്തയായിരുന്നാൽകൂടി അവൾക്ക് വിജയിക്കാൻ പ്രകൃതിയുടെയും ദൈവികാനുഷ്ഠാനങ്ങളുടെയും കൂട്ടുപിടിച്ചാലേ കഥയ്ക്ക് വിശ്വസ്വനീയതയുണ്ടാകൂ എന്നത് മറ്റൊരു വിശ്വാസം. ഇത്തരം പാരമ്പര്യങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായ സ്ത്രീ/പുരുഷഭാവരൂപങ്ങൾ പുതുതലമു

റസിനിമയിൽ കാണാൻ കഴിയും. *തിര*യിൽ കാമറയുടെ വിഷയമായി ശോഭനയുടെ ശരീരം വരുന്നില്ല എന്നതാണ് അതിന്റെ പ്രത്യേകത. പ്രമേയമുൾക്കൊള്ളുന്ന കാര്യങ്ങളിൽ നിന്നും ഭിന്നമായി സ്ത്രൈണഭാവങ്ങളൊന്നും കുത്തിത്തിരുകാൻ സംവിധായകൻ തയ്യാറാകുന്നില്ല. സമകാലികജീവിതത്തിൽ സുനിതകൃഷ്ണനെപോലെ പാരമ്പര്യസിനിമയ്ക്ക് ഊഹിക്കാൻപോലുമാകാത്ത സ്ത്രീജീവിതങ്ങൾ മുന്നിലുള്ളപ്പോൾ പുതലമുറസംവിധായകർക്ക് മാറിചിന്തിക്കാതെ തരമില്ല.




*ആമീനി*ൽ പെങ്ങളോട് കിന്നാരം പറയാൻ വന്ന എൻജിനീയർക്ക് മാത്തച്ചൻ കൊടുക്കുന്ന മറുപടി അത്തരം വഷളന്മാർക്ക് പുതുസിനിമയിൽ സ്ഥാനമില്ലെന്ന ഉറച്ച പ്രഖ്യാപനമാണ്. ഭാര്യയടക്കമുള്ള സ്ത്രീകളെ കൊടുത്ത് സാമ്പത്തികനേട്ടമുണ്ടാക്കി പുറമേയ്ക്ക് മുതലാളി ചമയുന്ന കോൺട്രാക്ടർ കഥാപാത്രങ്ങളായിരുന്നു മലയാളസിനിമയ്ക്ക് പരിചയം. *നോർത്ത് 24 കാത*ത്തിൽ നായികയെ ചിത്രീകരിക്കുന്ന സീനുകൾ മാറുന്ന സ്ത്രീക്കാഴ്ചകൾക്ക് മികച്ച ഉദാഹരണങ്ങളാണ്. യാത്രയ്ക്കിടയിൽ പരിചയപ്പെട്ട വയോധികനെ സഹായിക്കാനായി സ്ലീപ്പർകോച്ചിന്റെ മുകൾബർത്തിൽ നിന്ന് ചാടിയിറങ്ങുന്ന ഉറച്ചകാൽവെപ്പുകളായാണ് ഹരികൃഷ്ണൻ(പ്രേക്ഷകരും) ആദ്യമായി നാരായണിയെ കാണുന്നത്. അറിവും ആശയങ്ങളും ചേർത്തുവെച്ച് ഇരുവരും ഒത്തുചേരുമ്പോഴാണ് ദുഷ്കരമായ അവരുടെ ദൗത്യം ഫലപ്രദമാകുന്നതും. പ്രതികൂല സാഹചര്യങ്ങളോട് നാരായണി പ്രതികരിക്കുന്നതും മടികൂടാതെ എന്തും തുറന്നുചോദിക്കുന്നതുമായ രംഗങ്ങളാണ് ഇഷ്ടം തോന്നിത്തുടങ്ങിയപ്പോഴും ഹരിയുടെ മനസ്സിലൂടെ കടന്നുപോകുന്നത്. ഇതൊരു ആശയപരമായ, രാഷ്ട്രീയമായ തിരഞ്ഞെടുപ്പാണ്; ഏതു ഫ്രെയിമാണ് ഈ സീനിൽ ഉപയോഗിക്കേണ്ടത്, നാരായണിയുടെ കരുത്തുള്ള കാൽവെയ്പ്പുകൾ വേണോ മനംമയക്കുന്ന പുഞ്ചിരി വേണോ ഭീതിയില്ലാത്ത കണ്ണുകൾ വേണോ വശ്യമായ ശരീരചലനങ്ങൾ വേണോ എന്നതെല്ലാം. സംവിധായകന്റെ തിരഞ്ഞെടുപ്പുകൾ സിനിമ സമൂഹത്തിൽ വിനിമയം ചെയ്യുന്ന ആശയങ്ങൾ/പ്രത്യയശാസ്ത്രം നിർണ്ണയിക്കുന്നു. നിലവിലുള്ളതിൽ നിന്നും വ്യത്യസ്തമായ തിരഞ്ഞെടുപ്പുകൾ നടത്താനുള്ള പുതുതലമുറ സംവിധായകരുടെ തീരുമാനമാണ് ഇത്തരം സിനിമകൾ പുതുതലമുറസിനിമകൾ എന്ന വിശേഷണത്തിനർഹമാക്കിയതും. കേരളത്തിൽ നാലു പതിറ്റാണ്ടുകളായി നേരിട്ടും അല്ലാതെയും നടത്തുന്ന സ്ത്രീപക്ഷചിന്തകളും സംവാദങ്ങളും ചെലുത്തിയ സ്വാധീനം ഈ മാറ്റത്തിനു പിന്നിൽ കാണാതിരിക്കാനാവില്ല. പുതുസംവിധായകരെ സംബന്ധിച്ച് പാരമ്പര്യത്തിന്റെ ചുറ്റുമതിലുകൾ രണ്ടുതലമുറയ്ക്കു പിന്നിലാണ് എന്നതും പ്രാധാന്യമർഹിക്കുന്നു. സ്ത്രീകഥാപാത്രത്തിന്റെ വേഷത്തിലും ഭാവത്തിലുമെല്ലാം ഈ തലമുറകളുടെ വിടവ് വ്യക്തമാണ്. പുരുഷനോടൊപ്പം സ്ത്രീകളും ആധുനികവിദ്യാഭ്യാസം നേടുകയും ആധുനിക ആശയങ്ങൾ സ്വീകരിക്കുകയും കേരളീയആധുനികതയിൽ വളരുകയും ചെയ്തതാണ് എന്ന യാഥാർത്ഥ്യം തിരിച്ചറിയുകയും പാരമ്പര്യത്തിന്റെ കെട്ടുപാടിൽ നിന്ന് അവളെ വിടുവിക്കുയും ചെയ്യുന്നു.

അതേസമയം, വിദ്യാഭ്യാസം, ജനാധിപത്യം, ആധുനികപരിസരത്തിന്റെ സ്വാധീനം തുടങ്ങിയവയുടെ കേരളീയപരിസരത്തിൽ, അതിക്രമങ്ങളുടെ ദൈനംദിനവാർത്തകൾ മറന്ന് പ്രതിരോധങ്ങളെ മറികടക്കാനും പ്രതികൂലാവസ്ഥയിൽ പോസ്സിറ്റീവായി മാത്രം ചിന്തിക്കാനും ഏത് ജീവിതസാഹചര്യത്തെയും ആർജ്ജവത്തോടും സാഹസികമായും നേരിടാനും കേരളീയസ്ത്രീ കരുത്ത് നേടിയതായി അടയാളപ്പെടുത്തുന്ന ഈ സിനിമകൾ പിതൃകോയ്മാവ്യവസ്ഥയുടെ പുതിയ അടവുനയമാണോ എന്നും സൂക്ഷ്മമായി അന്വേഷിക്കേണ്ടതുണ്ട്. ഭൂരിപക്ഷം വരുന്ന മുഖ്യധാരാ സിനിമാപ്രേക്ഷകരിലേക്കും അതുവഴിസമൂഹത്തിലേക്കും കടക്കുന്ന ഈ പുതുചിന്തകൾ നിർമ്മിക്കുന്ന സാസ്കാരികപ്രതികരണങ്ങൾക്ക് ജാഗ്രതയോടെ ചെവിയോർക്കേണ്ടതുമുണ്ട്. ●

ശാസ്ത്രം

സീമ ശ്രീലയം





# അറിയാം ക്രിസ്റ്റലോഗ്രഫിയെ

**ഈ വർഷം** രാജ്യാന്തര ക്രിസ്റ്റലോഗ്രഫി വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ് യു.എൻ. പ്രകൃതിയിലേക്കൊന്നു കൺതുറന്നു നോക്കിയാൽ കാണാം ക്രിസ്റ്റൽ ഘടനയുടെ ഇന്ദ്രജാലങ്ങൾ. ധാന്യമണികളിലും ഉപ്പുതരികളിലും മൺതരികളിലും മഞ്ഞുപാളികളിലും രത്നക്കല്ലുകളിലുമൊക്കെ ഒളിച്ചിരിപ്പുണ്ട് ക്രിസ്റ്റലുകളുടെ അഥവാ പരലുകളുടെ വിസ്മയക്രമീകരണങ്ങൾ.

ക്രിസ്റ്റലുകളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയാണ് ക്രിസ്റ്റലോഗ്രഫി.

എന്താണീ ക്രിസ്റ്റലോഗ്രഫിയുടെ പ്രാധാന്യം എന്നാണോ? നൂതന പദാർഥങ്ങളും ഔഷധങ്ങളുമൊക്കെ ഡിസൈൻ ചെയ്യാനും കമ്പ്യൂട്ടർ മെമ്മറി രൂപകല്പന ചെയ്യാനും ഡി.എൻ.എ. ഘടന നിരീക്ഷിക്കാനും ശരീരത്തിലെ പ്രോട്ടീൻ നിർമ്മാണ രഹസ്യങ്ങൾ മനസ്സിലാക്കാനുമൊക്കെ ക്രിസ്റ്റലോഗ്രഫിയുടെ സഹായം വേണം. രസതന്ത്രത്തിലും ഭൗതികത്തിലും വൈദ്യശാസ്ത്രത്തിലും പദാർഥശാസ്ത്രത്തിലുമൊക്കെ ക്രിസ്റ്റലോഗ്രഫി വിരിയിച്ചിട്ടുള്ള വിസ്മയങ്ങൾ നിരവധിയാണ്. യുനസ്കോയാണ് ക്രിസ്റ്റലോഗ്രഫി വർഷാചരണത്തിനു നേതൃത്വം നൽകുന്നത്. ക്രിസ്റ്റലോഗ്രഫിയുടെ സാധ്യതകളിലേക്ക് വിദ്യാർഥികളെയും യുവ തലമുറയെയും ആകർഷിക്കുക, ഈ രംഗത്തെ ഗവേഷണങ്ങളിൽ രാജ്യാന്തര സഹകരണം ഉറപ്പുവരുത്തുക സുസ്ഥിര ഭാവി എന്ന സ്വപ്നം സാക്ഷാൽക്കരിക്കാൻ ക്രിസ്റ്റലോഗ്രഫിയിലെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുക എന്നിവയൊക്കെയാണ് പ്രധാന ലക്ഷ്യങ്ങൾ.

2014 തന്നെ ക്രിസ്റ്റലോഗ്രഫി വർഷമായി ആചരിക്കാൻ കാരണങ്ങൾ പലതുണ്ട്. പദാർഥങ്ങളുടെ ഉള്ളറ രഹസ്യങ്ങളിലേക്ക് വെളിച്ചം വീശിയ കണ്ടുപിടിത്തമാണ് എക്സ് റേ ഡിഫ്രാക്ഷൻ. ഈ കണ്ടെത്തൽ ഊർജതന്ത്ര നൊബേൽ സമ്മാനം നേടിയതിന്റെ നൂറാം വാർഷികമാണ് ഈ വർഷം. മാക്സ് വോൺ ലോ എന്ന ജർമൻ ശാസ്ത്രജ്ഞനാണ് എക്സ് റേ ഡിഫ്രാക്ഷൻ ഉപയോഗിച്ചു നടത്തിയ ക്രിസ്റ്റൽ ഘടനാപഠനങ്ങൾക്ക് 1914 ൽ നോബൽ സമ്മാനം നേടിയത്. തൊട്ടടുത്ത വർഷം ഇതേ രംഗത്തെ ഗവേഷണങ്ങൾക്ക് ഊർജതന്ത്ര നൊബേൽ പങ്കിട്ടെടുത്തത് ഒരച്ഛനും മകനുമാണ്. അച്ഛൻ വില്ല്യം ഹെന്റ്രി ബ്രാഗ്ഗ്, മകൻ വില്ല്യം ലോറൻസ് ബ്രാഗ്ഗ്. പ്രശസ്ത ജ്യോതിശാസ്ത്രജ്ഞനായ ജോഹന്നാസ് കെപ്ലർ ഐസ് പരലുകളിലെ സമമിതി നിരീക്ഷിച്ചതിന്റെ നാനൂറാം വാർഷികം കൂടിയാണ് ഇതോടൊപ്പം സ്മരിക്കപ്പെടുന്നത്.

ക്രിസ്റ്റലോഗ്രഫി ഗവേഷണങ്ങൾക്ക് ഒരു വനിത നൊബേൽ സമ്മാനം നേടിയതിന്റെ അൻപതാം വാർഷികം കൂടിയാണ് ക്രിസ്റ്റലോഗ്രഫി വർഷാചരണത്തിലൂടെ

സ്മരിക്കപ്പെടുന്നത്. അറിയാമോ ഡൊറോത്തി ക്രൊഫൂട്ട് ഹോഡ്ജ്കിൻസ് എന്ന ശാസ്ത്രജ്ഞയെ? എക്സ് റേ സങ്കേതങ്ങളിലൂടെ വൈറ്റമിൻ ബി 12 പോലുള്ള ജൈവരാസവസ്തുക്കളുടെ ചുരുൾ നിവർത്തിയ ഈ വനിതയ്ക്കായിരുന്നു 1964 ലെ രസതന്ത്ര നൊബേൽ സമ്മാനം. സ്ത്രീകൾ ശാസ്ത്രഗവേഷണത്തിലേക്ക് കടന്നു വരാൻ പോലും മടിച്ചു നിന്ന ഒരുകാലത്ത് പ്രതിസന്ധികളുടെയും വെല്ലുവിളികളുടെയും അഗ്നിയിൽ ഉരുകാതെ സധൈര്യം മുന്നേറിയ ഈ വനിതയുടെ ജീവിതം നമുക്കെന്നുമൊരു വഴികാട്ടിയാണ്. സ്ക്കൂൾ പഠനകാലത്തു തന്നെ രസതന്ത്ര പരീക്ഷണങ്ങളിൽ ആകൃഷ്ടയായിരുന്ന ഹോഡ്ജ്കിൻസ് ജൈവതന്മാത്രകളുടെ ആന്തരിക ഘടന തന്നെയാണ് ഓക്സ്ഫഡിൽ ഗവേഷണത്തിനായി തെരഞ്ഞെടുത്തത്. എക്സ് റേ വിഭംഗനത്തിലൂടെ ഈ ശാസ്ത്രജ്ഞ ചുരുൾ നിവർത്തിയത് അനേകം സങ്കീർണ്ണ ജൈവതന്മാത്രകളുടെ ആന്തരിക രഹസ്യങ്ങളാണ്. പെപ്സിൻ എന്ന എൻസൈമിന്റെ ക്രിസ്റ്റൽ ഘടന, പെനിസിലിൻ എന്ന ആന്റിബയോട്ടിക്കിന്റെ ഘടന, സയനോ കോബലാമിൻ എന്ന വൈറ്റമിൻ ബി 12 ന്റെ ഘടന എന്നിവയൊക്കെ ഉദാഹരണങ്ങൾ. പരീക്ഷണ ഉപകരണങ്ങളും പരീക്ഷണശാലകളുമൊന്നും ഇന്നത്തെപ്പോലെ ഹൈ ടെക്ക് അല്ലാതിരുന്ന ഒരു കാലത്താണ് ഡൊറോത്തി ഹോഡ്കിൻസ് ഈ നേട്ടം കൈവരിച്ചതെന്നു മറക്കരുത്. അന്നത്തെക്കാലത്ത് ജൈവരസതന്ത്ര പഠനങ്ങൾക്ക് കമ്പ്യൂട്ടർ സഹായം ഉപയോഗപ്പെടുത്താം എന്നു കാണിച്ചുകൊടുത്തതും ഡൊറോത്തിയായിരുന്നു. കമ്പ്യൂട്ടർ സഹായത്തോടെ എക്സ് റേ ഡിഫ്രാക്ഷൻ പാറ്റേണുകൾ വിശകലനം ചെയ്യാമെന്നു വന്നതോടെ ഗവേഷണം കൂടുതൽ സുഗമമായി. വിവാഹവും കുടുംബജീവിതവും മൂന്നു മക്കളെ വളർത്തുന്ന തിരക്കുകളുമൊന്നും ഈ ശാസ്ത്രജ്ഞയുടെ ഗവേഷണ താല്പര്യം ഇല്ലാതാക്കിയില്ല. കാതലീൻ ലോൺസ്ഡെയിൽ, എമ്മാ ഹാൻസൺ, റോസലിന്റ് ഫ്രാങ്ക്ലിൻ, ആദ യൊനാത് എന്നിവരും ക്രിസ്റ്റലോഗഫി രംഗത്ത് വിസ്മയ നേട്ടങ്ങൾ കൈയെത്തിപ്പിടിച്ച വനിതകളാണ്. ●

**റിപ്പോർട്ട്**

# 'സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ' – സെമിനാർ

അന്വേഷിയുടെ ഹെൽത്ത് പ്രോജക്ടിന്റെ ഭാഗമായി നാഷണൽ റൂറൽ ഹെൽത്ത് മിഷനും (N.R.H.M.) അന്വേഷിയും സംയുക്തമായി 24.4.2014ന് തരിയോട് (വയനാട്) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ വെച്ച് ആശാ വർക്കേഴ്സിനായി 'സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ' എന്ന വിഷയത്തിൽ സെമിനാർ നടത്തി. പ്രസ്തുത സെമിനാറിൽ അന്വേഷി സെക്രട്ടറി ശ്രീജ സ്വാഗതം പറഞ്ഞു. തരിയോട് സി.എച്ച്.സി. മെഡിക്കൽ ഓഫീസർ ഡോ. സുരേഷ് സെമിനാർ ഉദ്ഘാടനം ചെയ്തു.

ഉദ്ഘാടന പ്രസംഗത്തിൽ ജെന്ററിന്റെ പേരിൽ സ്ത്രീകൾ വളരെയധികം അതിക്രമങ്ങൾക്കിരയാവുന്നതായി അദ്ദേഹം പറഞ്ഞു. സ്ത്രീകളെ ആദരിച്ചിരുന്ന നല്ലൊരു പൈതൃകവും സംസ്കാരവുമുള്ള നാടാണ് ഭാരതം.

ഇന്ന് 90 ശതമാനവും സ്ത്രീകളാണ് വന്ധ്യംകരണശസ്ത്രക്രിയ ചെയ്യുന്നത്. പുരുഷന്മാർ അതു ചെയ്യാൻ മടിക്കുന്നു. പുരുഷത്വം നഷ്ടപ്പെടുമെന്ന മിഥ്യാധാരണയാണ് അതിനുപിന്നിൽ. പുരുഷാധിപത്യം അടിച്ചേൽപ്പിക്കാൻ മതങ്ങളും ശ്രമിക്കുന്നു. ഇതിനെല്ലാം ഒരു മാറ്റം വരേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു. അന്വേഷിയെ പോലുള്ള സംഘടനയുടെ ഇത്തരം പ്രവർത്തനങ്ങൾ ശ്ലാഘനീയം തന്നെയാണ്. പിന്നീട് സംസാരിച്ച കോഴിക്കോട് ജില്ലാ പ്രൊബേഷൻ ഓഫീസർ ശ്രീ.അഷ്റഫ് കാവിൽ സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളെപ്പറ്റിയും ഈ നിയമപ്രകാരം ലഭിക്കുന്ന അവകാശങ്ങളെപ്പറ്റിയും പറഞ്ഞു. അന്വേഷി പ്രവർത്തക എലിസബത്ത് അന്വേഷിയുടെ പ്രവർത്തനങ്ങളെപ്പറ്റി സംസാരിച്ചു. ഏകദേശം എഴുപതോളം ആശാവർക്കേഴ്സ് സെമിനാറിൽ പങ്കെടുത്തു.

# ഒരു വിധികർത്താവിനുനേരിട്ട അപമാനം

**സ്മിത കെ. ബി.**

**അപമാനത്തിന്റെ** വേദനയും നടുക്കവും മാറാതെ വിതുമ്പലടക്കിക്കൊണ്ടാണ് സുനിത അന്ന് സുഹൃത്തിനോടൊപ്പം അന്വേഷിയുടെ പടിക്കെട്ടുകൾ കയറിവന്നത്. താനനുഭവിച്ച അപമാനത്തെക്കുറിച്ച് പറഞ്ഞുതുടങ്ങിയപ്പോൾ സുനിതയുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

ഇരുപത്തിമൂന്ന്വർഷമായി കലോത്സവങ്ങളിൽ വിധികർത്താവായ സുനിത പലതരം ദുരനുഭവങ്ങളിലൂടെ കടന്നുപോയിട്ടുണ്ടെങ്കിലും ഇതുപോലെ ഒരപമാനം മുമ്പൊരിക്കലും ഉണ്ടായിട്ടില്ല എന്നു പറയുന്നു. നൂറുകണക്കിനാളുകൾ നിറഞ്ഞ കലോത്സവവേദിയിൽ ചിലർ  അവരുടെ സാരി വലിച്ചഴിച്ച് കസേരയെടുത്ത് തലക്കടിക്കാൻ ശ്രമിക്കുകയും തള്ളിവീഴ്ത്തുകയും ചെയ്തു. കണ്ടു നിന്ന ആരും സുനിതയെ സഹായിക്കാൻ മുതിർന്നില്ല. ഒരു സ്ത്രീ ആയതുകൊണ്ടു മാത്രമാണ് അവർ ഇത്ര മാത്രം അപമാനിക്കപ്പെട്ടത്. ചുറ്റും പരിഹസിച്ചു കൊണ്ട് അട്ടഹസിക്കുന്ന ഒരുകൂട്ടം ജനങ്ങൾ. എന്തിനായിരുന്നു ഇത്രവലിയ ശിക്ഷ?സങ്കടം കൊണ്ട് തുടർന്ന് പറയാൻ സുനിതക്ക് കഴിഞ്ഞില്ല. പിന്നീട് സംസാരിച്ചത് അവരുടെ സുഹൃത്തായിരുന്നു. കലോത്സവത്തിൽ തിരുവാതിരക്കളിയുടെ വിധി വന്നപ്പോൾ ഒന്നാം സ്ഥാനം കിട്ടാത്ത ടീമിന്റെ രക്ഷാകർത്താക്കളും അദ്ധ്യാപകരുമായിരുന്നു ഇതിനു പിന്നിൽ. തന്നോട് കാണിച്ച അനീതിക്കെതിരെ സുനിത  വേണ്ടപ്പെട്ട അധികാരികൾക്കും പോലീസിനും പരാതി സമർപ്പിച്ചെങ്കിലും  ആരും അത് വേണ്ട രീതിയിൽ പരിഗണിച്ചില്ല. ഇതേത്തുടർന്നാണ് അവർ അന്വേഷിയിലെത്തിയത്. എല്ലാവരും ഇതൊക്കെ അറിയുമെന്നതും അറിഞ്ഞാൽ എന്തായിരിക്കും അവരുടെ പ്രതികരണമെന്നതിനെക്കുറിച്ചും സുനിതക്ക് ഒരുപാട് ആശങ്കകൾ ഉണ്ടായിരുന്നു. കൂടാതെ അവർ വല്ലാതെ ഭയപ്പെടുന്നുമുണ്ടായിരുന്നു. സുനിതയുടെ ദുരവസ്ഥ, അന്വേഷി മാധ്യമങ്ങളെ അറിയിക്കുകയും ഉന്നതാധികാരികൾക്ക് പരാതി കൊടുക്കുകയും ചെയ്തു.സുനിതക്ക് തനിച്ച് പോലീസ് സ്റ്റേഷനിലും മറ്റ അധികാരികളുടെ അടുത്തും പോവാൻ ഭയമായിരുന്നു. . രണ്ടുമൂന്ന്  സെഷൻ കൗൺസെലിംഗിലൂടെ അവരുടെ ഭയം അകറ്റുകയും കുടുംബത്തിന്റെ പിന്തുണ നേടാൻ പ്രാപ്തയാക്കുകയും സഹോദരിയുമായി സംസാരിച്ച് അവർക്കും കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു. പോലീസ് സ്റ്റേഷനിലേക്കും മറ്റും അന്വേഷിയുടെ  കമ്മ്യൂണിറ്റി വർക്കർമാർ സുനിതയോടൊപ്പം പോയി വേണ്ടരീതിയിൽ കാര്യങ്ങൾ  ചെയ്തു കൊടുത്തു. അന്വേഷി ഇടപെട്ടതുകാരണം അധികാരസ്ഥാനങ്ങളിൽ നിന്ന് വളരെവേഗം നടപടികൾ ഉണ്ടായി. തെളിവെടുപ്പിനായി സുനിതയെ വിളിപ്പിക്കുകയും തെറ്റു ചെയ്തവരെ ശിക്ഷിക്കുവാനുള്ള തീരുമാനമുണ്ടാവുകയും ചെയ്തു. അങ്ങനെ സുനിതക്ക് ആശ്വാസവും സമാധാനവുമായി.അവർ വീണ്ടും തന്റെ പ്രവർത്തനമേഖലയിൽ സജീവമാകാൻ തീരുമാനിച്ചുകൊണ്ട് അന്വേഷിയോട് യാത്ര പറഞ്ഞു. നന്ദി നിറഞ്ഞ ആ മുഖം ഇന്നും ഞങ്ങളുടെ സ്മരണകളിലുണ്ട്.

**ഇരിക്കൽ സമരം മെയ് 1 2014, മിഠായിതെരുവ്, കോഴിക്കോട്**






# ടെക്സ്റ്റൈൽസ് മേഖലയിലെ തൊഴിലാളികൾ അനുഭവിക്കുന്നത് കനത്ത മനുഷ്യാവകാശ ലംഘനം; എം.എൻ. കാരശ്ശേരി

കോഴിക്കോട്: സാർവ്വദേശീയ തൊഴിലാളി ദിനമായ മെയ്ദിനത്തിൽ കോഴിക്കോട് ടെക്സ്റ്റൈൽസ് തൊഴിലാളികൾ ഇരിക്കൽ സമരം നടത്തി. അസംഘടിത മേഖലാ തൊഴിലാളി യൂണിയന്റെ(എ.എം.ടി.യു) നേതൃത്വത്തിലാണ് സമരം നടന്നത്. ടെക്സ്റ്റൈൽസ് മേഖലയിലെ തൊഴിലാളികൾക്ക് ഇരിക്കാനുള്ള മനുഷ്യാവകാശത്തിനുവേണ്ടിയായിരുന്നു ഇരിക്കൽസമരം. കൊഴിക്കോട് മിഠായി തെരുവിൽ ഇരിക്കൽ സമരത്തിന്റെ മുന്നോടിയായി തൊഴിലാളികൾ ഇരിക്കാനുള്ള ഇരിപ്പിടം നൽകണമെന്ന മുദ്രാവാക്യമുയർത്തി ഇരിപ്പിടം ചുമന്നുകൊണ്ട് പ്രകടനം നടത്തി.

"ടെക്സ്റ്റൈൽസ് മേഖലയിലെ തൊഴിലാളികൾ 11 മണിക്കൂറുകളോളം ഒന്നിരിക്കാൻ പോലുമുള്ള അവകാശമില്ലാതെ നിന്നുകൊണ്ട് പണിയെടുക്കേണ്ടിവരുന്ന സ്ഥിതി കടുത്തമനുഷ്യാവകാശ ലംഘനമാണ്. മാത്രവുമല്ല ഈ മേഖലയിൽ യാതൊരു തൊഴിൽ നിയമങ്ങളും പാലിക്കപ്പെടുന്നില്ല എന്നത് ജനാധിപത്യ കേരളത്തിന് അലങ്കാരമല്ല, അപമാനമാണ്." ഇരിക്കൽ സമരം അഭിസംബോധന ചെയ്തുകൊണ്ട് പ്രശസ്ത സാഹിത്യകാരനും മനുഷ്യാവകാശ പ്രവർത്തകനുമായ എം.എൻ കാരശ്ശേരി പറഞ്ഞു.

വർഷങ്ങളായി ഈ മേഖലയിലെ തൊഴിലാളികൾ ഇരിക്കാനുള്ള അനുവാദമില്ലാതെ കഷ്ടപ്പെടുകയാണ്. നിന്ന് നിന്ന് തളർന്ന് ഒന്ന് ചാരി നിന്നാൽ പോലും ഫ്ളോർ മാനേജർമാരോ മുതലാളിമാർ നേരിട്ടോ തൊഴിലാളിയെ അപമാനിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. സ്ഥാപനത്തിൽ സ്ഥാപിച്ചിരിക്കുന്ന സി.സി. ക്യാമറകളുടെ സഹായത്തോടെ തൊഴിലാളികൾ പരസ്പരം കുശലാന്വേഷണം നടത്തുന്നതുപോലും നിരീക്ഷിക്കപ്പെടുകയും അവർ തമ്മിലുള്ള മാനുഷികമായ പരസ്പര സഹകരണങ്ങൾ പോലും നിരോധിക്കപ്പെടുകയും ചെയ്യുന്നു. വസ്ത്രം മാറുന്ന സ്ഥലത്തുപോലും സി.സി. ക്യാമറകളെന്ന അവസ്ഥ സാംസ്കാരിക കേരളത്തിന് അംഗീകരിക്കാവുന്ന വസ്തുയല്ല. മൂത്രമൊഴിക്കാനുള്ള സൗകര്യങ്ങൾ പോലും ടെക്സ്റ്റൈൽസ് സ്ഥാപനങ്ങളിലില്ല എന്നത് കടുത്ത ആരോഗ്യ പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. വിശേഷിച്ചും ഈ മേഖലയിലെ തൊഴിലാളികളിൽ ഭൂരിപക്ഷവും സ്ത്രീ തൊഴിലാളികളായതുകൊണ്ട് തന്നെ പ്രശ്നം കൂടുതൽ സങ്കീർണമാവുകയാണ്. ഇക്കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് കാലങ്ങളായി ലേബർ ഡിപ്പാർട്ട്മെന്റിന് പരാതി നൽകിയെങ്കിലും യാതൊരു നടപടിയും അധികാരികൾ സ്വീകരിക്കാതിരുന്നതിനെ തുടർന്നാണ് എ.എം.ടി.യു ഇത്തരത്തിലൊരു സമരത്തിലേക്കെത്തിചേർന്നത്.

1960ലെ ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ മിനിമം വേതനം, നിയമപരമായ അവധികൾ, മറ്റ് സേവന–വേതന അവകാശങ്ങൾ എണ്ണിയെണ്ണി വിവരിക്കുന്നുണ്ടെങ്കിലും ഇവയൊന്നും തന്നെ ഈ മേഖലയിൽ പ്രാവർത്തികമാക്കുന്നില്ല. ലേബർ ഓഫീസ് കേന്ദ്രീകരിച്ചുകൊണ്ട് നടന്നുവരുന്ന ശക്തമായ അഴിമതിയും ലേബർ നിയമത്തിലെ ദുർബ്ബല പ്രൊവിഷനുകളെയും ദുരുപയോഗം ചെയ്തുകൊണ്ടാണ് സ്ഥാപനങ്ങൾ തൊഴിലാളികളുടെ മുഴുവൻ ആനുകൂല്യങ്ങളും നിഷേധിക്കുന്നത്. ഇക്കഴിഞ്ഞ ഇലക്ഷൻ ദിനത്തിൽ പോലും തൊഴിലാളികൾക്ക് അവധി നൽകണമെന്ന ഇലക്ഷൻ കമ്മീഷന്റെ ഉത്തരവു ലംഘിച്ചുകൊണ്ട് സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിച്ചിരുന്നു. ഇലക്ഷൻ കമ്മീഷൻ, ലേബർ ഡിപ്പാർട്ട്മെന്റ്, മനുഷ്യാവകാശ കമ്മീഷൻ എന്നിവർക്ക് ഇത് ചൂണ്ടികാണിച്ചുകൊണ്ട് പരാതി നൽകിയിരുന്നെങ്കിലും യാതൊരുവിധ നടപടിയും ഇതുവരെയും എടുത്തിട്ടില്ല. ഇത്തരമൊരു പശ്ചാത്തലമാണ് തൊഴിലാളികളെ സമരത്തിലേയ്ക്ക് നയിച്ചിരിക്കുന്നത്.

സാർവ്വ ദേശീയ അവധി ദിനത്തിൽ കോഴിക്കോട്ടെ എല്ലാ വൻകിട ചെറുകട ഷോപ്പുകളും തുറന്നു പ്രവർത്തിച്ചതുകാരണം രാവിലെ മുതൽ തൊഴിലാളികൾ സമരസ്ഥലത്തെത്തി അവരുടെ ഐക്യദാർഢ്യം അറിയിക്കുകയും ഷോപ്പുകളിൽ ആദ്യമായി ഇരിപ്പിടത്തിൽ ഇരിന്നുകൊണ്ട് ഇരിക്കൽ സമരത്തോട് അണിചേരുകയും ചെയ്തിരുന്നു.

ഇരിക്കൽ സമരത്തിൽ ടെക്സ്റ്റൈൽസ് മേഖലയിലെ തൊഴിലാളികൾക്ക് പുറമേ കേരളത്തിലെ പ്രമുഖ മനുഷ്യാവകാശ സാമൂഹ്യ സാസ്കാരിക പ്രവർത്തകരായ കെ.അജിത, എ.വാസു, സുൽഫത്ത് പയ്യന്നൂർ, രമേഷ് ബാബു, വി.പി. സുഹ്റ, എ. ശേഖർ, ദേവി, പി വിജയകുമാർ, അഡ്വ. ആനന്ദ കനകം, ശോഭന, ശ്രീജ, പുഷ്പ തുടങ്ങിയ നിരവധിപേർ തൊഴിലാളികൾക്കൊപ്പം ഇരുന്നുകൊണ്ട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. മിഠായി തെരുവ് റോഡിൽ ഷോപ്പുകൾക്ക് മുന്നിലാണ് ഇരിക്കൽ സമരം നടന്നത്. സമരത്തൊടനുബന്ധിച്ച് നടന്ന യോഗത്തിൽ എ.എം.ടി.യു സെക്രട്ടറി പി. വിജി അദ്ധ്യക്ഷത വഹിച്ചു. എം.എം.ടി.യു പ്രസിഡന്റ് ബി. ദിനേശേ സ്വാഗതവും കെ.പി. ലിജുകുമാർ നന്ദിയും പറഞ്ഞു.